# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഡിസംബർ 29 | ദീപം 55 | നാളം 42 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# സത്യത്തിനു മരണമില്ല

## ഫാ. സ്റ്റാൻ സ്വാമി: ഭരണകൂടഭീകരതയുടെ ഇര




പ്രഫ. റോണി കെ. ബേബി





ഭീമ കൊറേഗാവ് കേസിൽ പ്രതിചേർക്കപ്പെട്ട് ജയിലിൽ കഴിയവേ മരണപ്പെട്ട പ്രമുഖ മനുഷ്യാവകാശപ്രവർത്തകനും ഈശോസഭാവൈദികനുമായിരുന്ന ഫാ. സ്റ്റാൻ സ്വാമിയെ എൻഐഎ ഉൾപ്പെടെയുള്ള കേന്ദ്ര അന്വേഷണഏജൻസികൾ മനഃപൂർവം കുടുക്കിയതാണെന്ന വാർത്തകൾ അക്ഷരാർഥത്തിൽ ഞെട്ടിക്കുന്നതാണ്. സ്റ്റാൻ സ്വാമിയുടെ വീട്ടിൽനിന്നു പിടിച്ചെടുത്ത ലാപ്ടോപ്പിൽ കൃത്രിമമായി രേഖകൾ കടത്തിയാണ് അദ്ദേഹത്തെ കേസിൽ കുടുക്കിയതെന്നാണ് അമേരിക്കയിലെ ബോസ്റ്റൺ ആസ്ഥാനമായുള്ള ആഴ്സണൽ കൺസൾട്ടിങ് ഫോറൻസിക് പരിശോധനകളിൽ കണ്ടെത്തിയിരിക്കുന്നത്. രാജ്യത്തു നിലനിൽക്കുന്ന ഭരണകൂടഭീകരതയുടെ ഏറ്റവും പുതിയ രക്തസാക്ഷിയായി സ്റ്റാൻ സ്വാമി മാറുകയാണ്.

ഭരണകൂടം ആസൂത്രിതമായി നടത്തിയ അരുംകൊലയാണ് സ്റ്റാനിസ്ലോസ് ലൂർദ് സ്വാമിയുടേത്. സ്റ്റാൻ സ്വാമി മരിച്ചുവെന്നത് സാങ്കേതികംമാത്രമാണ്. അദ്ദേഹം 'കൊല്ലപ്പെട്ടതാണ്'. അതൊരു ജുഡീഷ്യൽ കൊലപാതകമാണ്. തന്റെ പാർക്കിൻസൺ രോഗതീവ്രതയും പ്രായവും പരിഗണിച്ച് വീഡിയോ കോൺഫറൻസിലൂടെ പരാതി കേൾക്കണമെന്ന ആ വയോവൃദ്ധന്റെ ദയനീയവിലാപം അവഗണിച്ച കോടതി ജാമ്യാപേക്ഷയിന്മേലുള്ള തീർപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോയി അദ്ദേഹത്തെ മരണത്തിലേക്കു തള്ളിവിടുകയായിരുന്നു. ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ നീതീകരണമില്ലാത്ത നീതിനിഷേധത്തിന്റെ ഫലമായാണ് സ്റ്റാൻ സ്വാമി ശ്വാസംമുട്ടി പിടഞ്ഞുമരിച്ചത്.

അധഃസ്ഥിതരുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതിയ ഒരു മനുഷ്യസ്നേഹി രക്തസാക്ഷിയായി ചരിത്രത്തിൽ അടയാളപ്പെടുന്നത് നീതിക്കും മനുഷ്യാവകാശങ്ങൾക്കുംവേണ്ടി പോരാടുന്നവർക്ക് നിശ്ചയമായും ആവേശവും പ്രചോദനവുമാവുമെങ്കിലും കള്ളത്തെളിവുകളെ അടിസ്ഥാനമാക്കി നടന്ന വിചാരണയും ജുഡീഷ്യൽ കൊലപാതകവും നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യസംവിധാനത്തിനുനേരേ ഉയർത്തുന്ന ചോദ്യങ്ങൾ വളരെ പ്രസക്തമാണ്.

അതേ, ഇതൊരു സ്ഥാപനവത്കൃത കൊലപാതകമാണ്. ഭരണകൂടത്തിന്റെ നിർദയമായ നരഹത്യയാണ്. ജുഡീഷ്യൽകൊലയാണ്. എൻഐഎ എന്ന ഏജൻസിയുടെ മനുഷ്യാവകാശനിഷേധത്തിന്റെ ഇരയാണ് സ്റ്റാൻ സ്വാമി.

### സ്റ്റാൻ സ്വാമി - ഗൂഢാലോചനയുടെ ഇര

സ്റ്റാൻ സ്വാമിയുടെ ലാപ്ടോപ്പിൽനിന്നു കണ്ടെടുത്ത വിവരങ്ങളാണ് മാവോയിസ്റ്റുനേതാക്കളുമായി അദ്ദേഹത്തിനു ബന്ധമുണ്ടായിരുന്നുവെന്നും നക്സൽ ഗൂഢാലോചനയുടെ ഭാഗമായിരുന്നു അദ്ദേഹമെന്നും സമർഥിക്കാൻ ദേശീയ അന്വേഷണഏജൻസി ഉപയോഗിച്ചത്. എന്നാൽ, ലോകത്തെതന്നെ ഏറ്റവും മികവുറ്റ ഫോറൻസിക് സ്ഥാപനമായ ആഴ്സണൽ കൺസൾട്ടിങ് കണ്ടെത്തിയത് 2014 മുതൽ 2019 ജൂൺ 11 വരെ നടന്ന ഹാക്കിങ്ങിലൂടെ ഈ രേഖകൾ സ്റ്റാൻ സ്വാമിയുടെ ലാപ്ടോപ്പിൽ കടത്തിവിടുകയായിരുന്നുവെന്നാണ്. മാവോവാദികളുടെ കത്തുകൾ എന്ന നിലയിൽ പ്രചരിപ്പിച്ചവയടക്കം 44 രേഖകളാണ് ലാപ്ടോപ്പിൽ സ്ഥാപിച്ചത്. കേസിൽ പ്രതിചേർക്കപ്പെട്ട മറ്റു മനുഷ്യാവകാശപ്രവർത്തകരായ റോണ വിൽസിന്റെയും സുരേന്ദ്ര ഗാഡ്ലിങ്ങിന്റെയും ലാപ്ടോപ്പുകളിലും ഹാക്കിങ് നടന്നതായും കണ്ടെത്തിയിരുന്നു. ഇവർ മൂന്നു പേരുടെയും ലാപ്ടോപ് ഹാക്ക് ചെയ്തത് ഒരാളാണെന്നും ആഴ്സണൽ കൺസൾട്ടിങ് നൽകിയ റിപ്പോർട്ടിൽ പറയുന്നു.


▶ 8


# റബർകർഷകർ ചതിക്കുഴിയിൽ?




അഡ്വ. വി.സി. സെബാസ്റ്റ്യൻ


റബർവിപണിയിലെ വിലത്തകർച്ച ശക്തമായിത്തുടരുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ഏറ്റവും കുറഞ്ഞ വിലയിലേക്കു പ്രാദേശികവിപണി ഇടിഞ്ഞുവീണു. ഉത്പാദനക്കുറവുണ്ടായിട്ടും ആഭ്യന്തരവിപണിയിൽ ഉത്പന്നത്തിനു വില ഉയരാത്തത് വ്യവസായികളുടെ ബോധപൂർവമായ വിപണി ഇടപെടലും അതിനു റബർ ബോർഡിന്റെയും കേന്ദ്രസർക്കാരിന്റെയും പിന്തുണയുമാണെന്ന് ആവർത്തിച്ചു പറയേണ്ടിവരുന്നു. 2011 ൽ റബർവിലയിടിഞ്ഞപ്പോൾ കർഷകർ കൃഷി ഉപേക്ഷിക്കരുതെന്നും 2018 നുശേഷം റബർവില കുതിച്ചുയരുമെന്നും പ്രതീക്ഷ നൽകിയവർ ഇന്നെവിടെ? 2022 ലെത്തിയിട്ടും തകർച്ച തുടരുമ്പോൾ ചെറുകിടകർഷകർ റബർകൃഷിയിൽ ഇനി പ്രതീക്ഷ വയ്ക്കേണ്ടതുണ്ടോ? ഇരുട്ടടിപോലെ റബർകൃഷിയും വ്യവസായിയുടെ നിയന്ത്രണത്തിലേക്കു നീങ്ങുമ്പോൾ 2030 നോടുകൂടി വരാനിരിക്കുന്ന പ്രതിസന്ധികളെ ദീർഘവീക്ഷണത്തോടെ കർഷകർ നോക്കിക്കാണുന്നത് ഉചിതമായിരിക്കും.

### റബറിന്റെ രാജ്യാന്തരവ്യാപനം

തെക്കുകിഴക്കൻ രാജ്യങ്ങളിലെ റബർകൃഷിയുടെ കുതിപ്പിന്റെ പിന്നിലെ വ്യവസായികളുടെ സ്വാധീനം നാം കാണാതെപോകരുത്. സമാനമായ രീതിയാണ് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വ്യവസായികളുടെ നിയന്ത്രണത്തിലുള്ള റബർകൃഷിവ്യാപനത്തിലും നടപ്പാക്കിയിരിക്കുന്നത്.

വൻകിടവ്യവസായികൾതന്നെ മുന്നോട്ടിറങ്ങി കൃഷിയെ നിയന്ത്രിക്കുകയും കൃഷിപ്രോത്സാഹനമെന്ന പേരിൽ വൻനിക്ഷേപമിറക്കുകയും ചെയ്യുന്ന പ്രക്രിയയാണ് റബർകൃഷിയുടെ രാജ്യവ്യാപനത്തിന് ഇന്നു കരുത്തേകുന്നത്. ആസിയാൻ കരാറിനെത്തുടർന്ന് ലാവോസ് ഉൾപ്പെടെ വിവിധ ആസിയാൻ രാജ്യങ്ങളിൽ ഇന്ത്യയിലെ പ്രമുഖ ടയർ നിർമാതാക്കൾ റബർകൃഷിക്കായി വൻനിക്ഷേപം ഇറക്കിയിരുന്നു. ഇതിന്റെ തുടർച്ചയായിവേണം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്കുള്ള വ്യവസായികളുടെ പിന്തുണയും നിയന്ത്രണവുമുള്ള കൃഷിവ്യാപനത്തെ കാണുവാൻ.

2011 നോടുകൂടി കമ്പോഡിയ, ലാവോസ്, ചൈന, തായ്ലന്റ് തുടങ്ങിയ രാജ്യങ്ങളിൽ റബർകൃഷിയുടെ നിയന്ത്രണം പരമ്പരാഗതകർഷകരിൽനിന്നു വൻകിട വ്യവസായികളിലേക്കും വ്യവസായികളുടെ ബിനാമിനിക്ഷേപകരിലേക്കും മാറി. ആസിയാൻ കരാറിനെത്തുടർന്ന് ലാവോസിലും തായ്ലന്റിലും കമ്പോഡിയായിലും രാജ്യാന്തരനിക്ഷേപകരെത്തിയപ്പോൾ പരമ്പരാഗതകാർഷിക മേഖല മാറി റബർകൃഷി വ്യാപിച്ചു. ഈ രാജ്യങ്ങളിൽ കർഷകരുടെ കൃഷിഭൂമി വൻകിടക്കാർ കുറഞ്ഞവിലയ്ക്ക് പാട്ടത്തിനെടുത്തു. കൃഷിക്ക് അനുബന്ധമായ ചെലവുകൾ പാട്ടക്കാർ വഹിച്ചു. ഉത്പാദനം ആരംഭിച്ചപ്പോൾ കർഷകർക്കു ലഭ്യമാകുന്നതോ തുച്ഛമായ തുകമാത്രം.


▶12



# സ്വർണക്കപ്പിൽ മുത്തമിട്ട് മെസി



സനിൽ പി. തോമസ്

പെലെ ആഗ്രഹിച്ച ലോകകപ്പ് കൈനീട്ടി വാങ്ങാതെ നെയ്മറും ബ്രസീലും ക്വാർട്ടറിൽ ക്രൊയേഷ്യയോടു തോറ്റുമടങ്ങിയപ്പോൾ മറഡോണയുടെ ഓർമകളുണർത്തി ലയണൽ മെസി അർജന്റീനയ്ക്കായി ഫിഫ ലോകകപ്പ് ഉയർത്തി. ഒപ്പം, മികച്ച കളിക്കാരനുള്ള സ്വർണപ്പന്തും മെസിക്കുതന്നെ. പെലെയ്ക്കും മറഡോണയ്ക്കും പിൻഗാമികളായെത്തിയ മെസിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും ഒപ്പം ലൂക്കാ മോഡ്രിച്ചും ലോകകപ്പിനോടു വിടപറയുമ്പോൾ കിലിയൻ എംബാപ്പെയും എൻസോ ഫെർണാണ്ടെസും ഫുട്ബോൾ കളിയുടെ താളവും ചാരുതയും അടുത്ത തലമുറയിൽ സുരക്ഷിതമെന്ന് ഉറപ്പുനൽകുന്നു.

അവസാനവിസിൽ മുഴങ്ങുംവരെ സാധ്യതകൾ മാറിമറിയാമെന്നു വിളിച്ചറിയിച്ച കലാശക്കളിയും. എൺപതു മിനിറ്റുവരെ വിജയം ഉറപ്പിച്ചു കുതിച്ച അർജന്റീനയുടെ പോസ്റ്റിൽ 97 സെക്കൻഡിലാണ് എംബാപ്പെ രണ്ടു ഗോൾ അടിച്ച് കളിയുടെ ഗതിമാറ്റിയത്.

പെനാൽറ്റി ഷൂട്ടൗട്ടിലെ വിജയം ആർക്കായാലും അതു ഭാഗ്യത്തിന്റേതുകൂടിയാണ്. അതുകൊണ്ട് ഫ്രാൻസ് തോറ്റുവെന്നു പൂർണമായി പറയാനാവില്ല. ഫൈനലിലെ ഹാട്രിക്കും സ്വർണബൂട്ടും എംബാപ്പെയെ മെസിക്കൊപ്പം ഉയർത്തുന്നു. ഇതിഹാസങ്ങളുടെ ഒഴിഞ്ഞുപോക്ക് ലോകഫുട്ബോളിൽ ശൂന്യത സൃഷ്ടിക്കില്ലെന്നുറപ്പ്.

2018 ൽ ഫൈനലിൽ ഫ്രാൻസിനോടു കീഴടങ്ങിയ ക്രൊയേഷ്യ മൂന്നാം സ്ഥാനവുമായാണു മടങ്ങുന്നത്.

സെമിയിൽ കടന്ന മൊറോക്കോ ലോകഫുട്ബോളിലെ ആഫ്രിക്കൻ - അറബ് കരുത്ത് വിളിച്ചോതി. പോർച്ചുഗലിനെ ക്വാർട്ടറിൽ അട്ടിമറിച്ചപ്പോൾ മൊറോക്കോ ചരിത്രമെഴുതുകയായിരുന്നു. 1990 ൽ കാമറൂണും 2002 ൽ സെനഗലും 2010 ൽ ഘാനയും ക്വാർട്ടറിൽ കടന്നതാണ് ഇതിനുമുമ്പുള്ള ആഫ്രിക്കൻ നേട്ടം. ഇംഗ്ലണ്ടും നെതർലാൻഡ്സും മികവറിയിച്ചാണു വിടവാങ്ങിയത്

'സാധാരണയല്ലാത്ത സമയം. ഒരു ഫുട്ബോൾ സീസണിന്റെ മധ്യത്തിലാണിത്. ലീഗ് സീസൺ തുടങ്ങിയിട്ട് ഏതാനും മാസങ്ങൾ മാത്രം. കളിക്കാരൊക്കെ മത്സരങ്ങളുമായി പൊരുത്തപ്പെട്ടു തുടങ്ങിയിട്ടേയുള്ളൂ. കലണ്ടർവർഷം മധ്യേ നടക്കേണ്ട ലോകകപ്പ് വർഷാവസാനത്തേക്കു നീട്ടിയത് ഖത്തറിനുവേണ്ടി മാത്രം. അതും വെറുതേയല്ല. യൂറോപ്യൻ ലീഗ് കളിക്കുന്ന താരങ്ങളെ ദേശീയ ടീമിനായി പിൻവലിച്ചതിന് ഫിഫ ക്ലബുകൾക്കു നഷ്ടപരിഹാരവും നൽകി. പക്ഷേ, പല സുപ്പർ താരങ്ങളും ടീമുമായി സെറ്റ് ആകാൻ സമയമെടുത്തു. തുടക്കത്തിലുണ്ടായ അട്ടിമറികൾക്കു കുറെയൊക്കെ കാരണവും അതുതന്നെ. ഖത്തറിൽ വൻ അട്ടിമറി നടത്തിയ ടീമുകൾക്ക് ആ മികവു തുടരാൻ കഴിഞ്ഞില്ല.

യോഗ്യതാറൗണ്ടിൽ എല്ലാ മത്സരവും ജയിക്കാൻ ഒരു ടീമിനും കഴിഞ്ഞിരുന്നില്ല. ജർമനിയും ഡെന്മാർക്കുമാണ് മെച്ചപ്പെട്ട റെക്കോർഡുമായി ഖത്തറിൽ എത്തിയത്. ഇരുടീമുകളും പത്തു മൽസരങ്ങളിൽ ഒൻപതും ജയിച്ചിരുന്നു.

ആതിഥേയർ എന്ന ലേബലിൽ മത്സരിക്കാതെ യോഗ്യത നേടിയ ഖത്തർ ഒഴിച്ചാൽ യോഗ്യത നേടിയ ആദ്യ ടീമാണു ജർമനി. ഏഷ്യയിൽനിന്ന് ആദ്യമെത്തിയത് ഇറാനും. രണ്ടു ടീമും ആദ്യറൗണ്ടിൽ പുറത്ത്.

പ്രാഥമികറൗണ്ടിലെ എട്ടു ഗ്രൂപ്പുകളിൽ മുൻ ചാംപ്യൻമാരായ ജർമനിയും സ്പെയിനും ഒരേ ഗ്രൂപ്പിൽ വന്നതും 2018 ലെ രണ്ടാം സ്ഥാനക്കാരായ ക്രൊയേഷ്യയും മൂന്നാം സ്ഥാനക്കാരായ ബൽജിയവും



മറ്റൊരു ഗ്രൂപ്പിൽ വന്നതും മാത്രമാണ് കടുപ്പമായിത്തോന്നിയത്. എന്നാൽ, കടലാസിലെ കരുത്ത് പലർക്കും കളത്തിൽ കാണിക്കാനായില്ല.

അർജന്റീനയെ ആദ്യറൗണ്ടിൽ പരാജയപ്പെടുത്തി സൗദിയാണ് അട്ടിമറി തുടങ്ങിയത്. അർജന്റീന അടുത്ത രണ്ടു കളിയും ജയിച്ചു മടങ്ങിവന്നു. പക്ഷേ, ജർമനിക്ക് ഉയിർത്തെഴുന്നേല്പു സാധിച്ചില്ല. ജപ്പാൻ എല്പിച്ച ഞെട്ടലിൽനിന്നു കരകയറാൻ അവർക്കായില്ല. ജപ്പാൻ സ്പെയിനിനെയും തോല്പിച്ചു. ജപ്പാന്റെ കുതിപ്പാകട്ടെ പ്രീ ക്വാർട്ടറിൽ അവസാനിക്കുകയും ചെയ്തു. വമ്പൻമാരെ തോല്പിച്ച ജപ്പാൻ ആദ്യ റൗണ്ടിൽ കോസ്റ്ററിക്കയോടു തോറ്റെന്ന് ഓർക്കണം. സൗദിയാകട്ടെ അടുത്ത രണ്ടു കളിയും തോറ്റു.

മൊറോക്കോ ബെൽജിയത്തെയും പ്രീ ക്വാർട്ടറിൽ സ്പെയിനിനെയും തോല്പിച്ചു. കാമറൂൺ ബ്രസീലിനെയും ടുണീഷ്യ ഫ്രാൻസിനെയും പരാജയപ്പെടുത്തി. ദക്ഷിണ കൊറിയയുടെ അട്ടിമറിവിജയം പോർച്ചുഗലിനെതിരേയായിരുന്നു.

പക്ഷേ, പ്രാഥമിക റൗണ്ടിലെ മൂന്നാം മത്സരത്തിൽ വമ്പൻമാർ തോറ്റത് അട്ടിമറിയായി എണ്ണാനാവില്ല. പ്രീ ക്വാർട്ടർ ഉറപ്പിച്ചതിനാൽ പ്രമുഖ കളിക്കാർക്ക് പരിശീലകർ വിശ്രമം നൽകി.

ജപ്പാന്റെയും ദക്ഷിണ കൊറിയയുടെയും കുതിപ്പ് പ്രീ ക്വാർട്ടറിൽ അവസാനിച്ചു. ഏഷ്യൻ മുന്നേറ്റവും അതോടെ തീർന്നു. അമേരിക്കയും ഓസ്ട്രേലിയയും സെനഗലുംകൂടി പുറത്തായതോടെ ക്വാർട്ടറിലെ അപ്രതീക്ഷിത അതിഥികൾ ആഫ്രിക്കയുടെ അറബ് ടീമായ മൊറോക്കോ മാത്രമായി.

യോഗ്യതാറൗണ്ടിൽ യൂറോപ്യൻ ചാംപ്യൻമാരായ ഇറ്റലിയും ആഫ്രിക്കയുടെ കരുത്തരായ ഈജിപ്തും വീണതുപോലെ ജർമനിയും സ്പെയിനും ബൽജിയവുമൊക്കെ കീഴടങ്ങിയപ്പോൾ കണക്കുകൂട്ടൽ പോലെ ബ്രസീലും അർജന്റീനയും ക്വാർട്ടറിൽ കടന്നു.

ആദ്യകളിയിൽ ഏഴു ഗോളടിച്ച് അതിഗംഭീര തുടക്കമിട്ട സ്പെയിനിന്റെ മടക്കം ദയനീയമായി. മെസിയും റൊണാൾഡോയും നെയ്മറും ആയിരുന്നു കഴിഞ്ഞ രണ്ടു ലോകകപ്പിലും (2018, 2022) താരത്തിളക്കം കൂട്ടിയത്. റഷ്യയിലെ പ്രകടനത്തിന്റെ മികവിൽ ലൂക്കാ മോഡ്രിച്ചും തൊട്ടുപിന്നിൽ നിന്നു. ഇവർക്കെല്ലാം ഖത്തർ അവസാനലോകകപ്പായി കണക്കാക്കപ്പെടുകയും ചെയ്തു. നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോയെ ബെഞ്ചിലിരുത്തി കോച്ച് ഫെർണാണ്ടോ സാന്റോസ് നടത്തിയ പരീക്ഷണം അതിരുവിട്ടതായിരുന്നു. പക്ഷേ, പകരമിറങ്ങിയ ഗോൺസാലോ റാമോസ് ഹാട്രിക് നേടിയപ്പോൾ റാമോസിനൊപ്പം സാന്റോസും ഹീറോയായി. അഞ്ചു ലോകകപ്പിൽ തുടരെ ഗോൾ നേടിയ ആദ്യതാരമെന്ന ലേബൽ പക്ഷേ, റൊണാൾഡോയ്ക്കു സ്വന്തം.

ബൽജിയം സൂപ്പർ താരവും നായകനുമായ ഈഡൻ ഹസാർഡ് ആകട്ടെ തോൽവിയോടെ അന്താരാഷ്ട്ര ഫുട്ബോളിൽനിന്നു വിടവാങ്ങി.

ഫ്രാൻസിന്റെ കരിം ബൻസാമയ്ക്ക് മുപ്പത്തിനാലാം വയസ്സിൽ അവസാനലോകകപ്പിന് പരുക്ക് വിലങ്ങുതടിയായി. ജർമൻ നായകനും ഗോളിയുമായ മാനുവൽ ന്യൂയറിനും തന്റെ അവസാന ലോകകപ്പ് ദുഃഖസ്മരണയായി.

മറുവശത്ത്, ചില പുത്തൻ താരത്തിളക്കം ദൃശ്യമായി. നെതർലൻഡ്സിന്റെ ഗാക്പോ, ഡെൻസൻ ഡംഫ്രൈസ്, ഫ്രാൻസിന്റെ ഒലിവർ ജിറൂദ്, ബ്രസീലിന്റെ റിച്ചാർലിസൻ, ക്രൊയേഷ്യയുടെ ആന്ദ്രേ ക്രമാരിച്ച്, ഇംഗ്ലണ്ടിന്റെ കൗമാരതാരം ജ്യൂഡ് ബെല്ലിങാം. ആ നിര നീളും.

# പുതുകാലത്തെ വരവേല്ക്കുമ്പോൾ



മേരി സെബാസ്റ്റ്യൻ



**കാ**ലം നിലയ്ക്കാത്ത ഒരു പ്രവാഹമാണ്. ആർക്കുംവേണ്ടി ഒന്നിനുംവേണ്ടി കാത്തുനിൽക്കുന്നില്ല. കാലത്തിനൊപ്പം മനുഷ്യരും അനുസ്യൂതമായ ഈ പ്രവാഹത്തിലൂടെ ഒരിക്കൽമാത്രം കടന്നുപോകുന്ന യാത്രക്കാരാണ്. ഒഴുകുന്ന പുഴയിൽ ആരും ഒന്നിലധികം പ്രാവശ്യം കുളിക്കുന്നില്ല എന്ന ചൊല്ലുപോലെ... നോക്കൂ! സംഭവബഹുലമായ ഒരു സംവത്സരംകൂടി ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. അങ്ങനെ ആയുസ്സിന്റെ വൃക്ഷത്തിൽനിന്ന് ഒരിലകൂടി കൊഴിഞ്ഞു വീണിരിക്കുന്നു. സുഖവും ദുഃഖവും, പ്രത്യാശയും നിരാശയും, അല്ലലും ആഹ്ലാദവും, കണ്ണീരും പുഞ്ചിരിയും, സമൃദ്ധമായി വിളമ്പിക്കൊണ്ടാണ് 2022 പിന്നിടുന്നത്. ഐശ്വര്യസമൃദ്ധമായ ഒരു പുതുവർഷത്തിന്റെ രംഗപ്രവേശം ലോകം പൊൻപ്രതീക്ഷകളോടെ ഉറ്റുനോക്കുകയാണ്.

കടന്നുപോകുന്ന വർഷത്തിനു ഹൃദ്യമായ യാത്രയയപ്പും നവവർഷത്തിന് ഊഷ്മളമായ വരവേല്പും നൽകാൻ പതിവുപോലെ ഏവരും ഉത്സുകർതന്നെ. ജാതിമത, ദേശവർണ, ഭേദമെന്യേ സകലരും താന്താങ്ങൾ വിശ്വസിക്കുന്ന ദൈവത്തിനുമുന്നിൽ നന്ദിയോടെ ശിരസ്സുനമിച്ചും പ്രത്യാശയോടെ കരങ്ങൾ നീട്ടിയും പുതുവത്സരത്തെ വരവേല്ക്കുന്നു. എങ്ങും പുതുമയുടെ ആരവം അലതല്ലുന്നു. പുതുവസ്ത്രങ്ങൾ, ഡയറികൾ, കലണ്ടറുകൾ, പുത്തൻ പ്രതീക്ഷകൾ, സ്വപ്നങ്ങൾ, തിരുത്തലുകൾ, തീരുമാനങ്ങൾ, അജണ്ടകൾ ഇങ്ങനെ പുതുമയുടെ പട്ടിക നീളുന്നു.

ചേതനയുള്ളവരിൽ വേദനയുളവാക്കുന്ന പല അശുഭവാർത്തകളും ഇക്കുറിയും ചരിത്രത്തിൽ ഇടംപിടിച്ചു. രോഗങ്ങളും ദുരന്തങ്ങളും യുദ്ധങ്ങളും കലാപങ്ങളും ഭീകരാക്രമണങ്ങളും മനുഷ്യാവകാശലംഘനങ്ങളും ആത്മഹത്യകളും അപകടമരണങ്ങളും ലഹരിമാഫിയകളും പീഡനങ്ങളും തുടങ്ങി നരബലിക്കുവരെ സാക്ഷ്യം വഹിച്ചുകൊണ്ട് ചരിത്രത്തിൽ കറുത്ത പാടുകൾ വീഴ്ത്തി കടന്നുപോയ വർഷമാണ് 2022. പുതുവർഷത്തിലേക്കു പദമൂന്നി നില്ക്കുമ്പോഴും മനുഷ്യമനസ്സുകളിൽ യുദ്ധഭീഷണികളുടെയും പ്രകൃതിദുരന്തത്തിന്റെയും ഭക്ഷ്യക്ഷാമത്തിന്റെയും സാമ്പത്തികമാന്ദ്യത്തിന്റെയും തൊഴിൽരാഹിത്യത്തിന്റെയുമൊക്കെ വികൃതമുഖങ്ങളാണ് പൊന്തിനില്ക്കുന്നത്. മാനവരാശിക്കു നേരേ കാലം ഉയർത്തിപ്പിടിച്ച ഒരു മുഖക്കണ്ണാടിയാണ് കൊവിഡ് മഹാമാരി എന്നു വിശേഷിപ്പിക്കാം. കൊവിഡനന്തരപ്രത്യാഘാതങ്ങളാൽ അനേകം ജീവിതങ്ങൾ ഇനിയും പൊലിഞ്ഞുവീണുകൊണ്ടിരിക്കുന്നു. പ്രകൃതിയും മനുഷ്യനും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. പ്രകൃതിയാണ് മനുഷ്യന്റെ ഏറ്റവും വലിയ പാഠപുസ്തകമെന്ന ഓർമപ്പെടുത്തൽകൂടി ഈ മഹാമാരി ലോകത്തിനു നൽകുന്നുണ്ട്. പ്രകൃതിയുടെ താളം തെറ്റുമ്പോൾ അപശ്രുതികൾ രൂപംകൊള്ളും. അവ രോഗങ്ങളായും ദുരന്തങ്ങളായും മനുഷ്യജീവിതത്തെ താറുമാറാക്കുവാൻ പര്യാപ്തമാണ്. മനുഷ്യന്റെ നിസ്സാരതയും നിസ്സഹായതയും എന്തെന്ന് കൊവിഡ് മനുഷ്യരാശിയെ പഠിപ്പിച്ചു.

ജനകോടികളിൽ ഒരാളായിട്ടാണ് നാമോരോരുത്തരും ഈ പുതുവർഷത്തിന്റെ പടിയിൽ പദമൂന്നി നില്ക്കുന്നത്. ഇതും ദൈവം തന്ന ഒരു മഹാദാനംതന്നെ! നിനച്ചിരിക്കാത്ത നേരത്ത് എത്രയോ പേരാണ് 2022 നോടു വിടപറഞ്ഞത്. എന്നാൽ, എന്തിനൊക്കെയോവേണ്ടി, ആർക്കൊക്കെയോവേണ്ടി, ഏതോ ദൗത്യങ്ങൾ നിറവേറ്റാൻ, ജീവിതം പുതുക്കിപ്പണിയാൻ ദൈവം ഒരവസരംകൂടി നൽകിയിരിക്കുന്നു! "നമ്മുടെ യാത്രയുടെ രഹസ്യമിതാണ് ഒഴുക്കിനെതിരെ നീന്താൻ ദൈവം നമുക്കു ശക്തി പകരുന്നു." ഫ്രാൻസീസ് പാപ്പായുടെ വാക്കുകളാണിത്.

ഓരോ വർഷത്തിനുമുണ്ട് 365 ദിവസങ്ങൾ. അവ ഒന്നിച്ചുനിൽക്കുമ്പോൾ ദീർഘമായ നാളുകൾതന്നെ. എന്നാൽ, എത്ര പെട്ടെന്നാണ് മാസങ്ങൾ ആഴ്ചകൾക്കും ആഴ്ചകൾ ദിവസങ്ങൾക്കും ദിവസങ്ങൾ മണിക്കൂറുകൾക്കും മണിക്കൂറുകൾ മിനിറ്റുകൾക്കും സെക്കന്റുകൾക്കുമായി വഴിമാറുന്നത്. എല്ലാവർക്കും തുല്യ അളവിൽത്തന്നെയാണ് സമയം ദൈവം നൽകിയിരിക്കുന്നത്. ഒരു നിമിഷത്തിന്റെ വില നിർണയിക്കാൻ ആർക്കും സാധ്യമല്ല. അതുകൊണ്ടുതന്നെ, സമയത്തോടു നീതി പുലർത്താനും നന്ദി നേരാനും നാം ബാധ്യസ്ഥരാണ്. ഈയൊരു നിമിഷംമാത്രമാണ് നമുക്കു സ്വന്തമായിട്ടുള്ളത്. അടുത്ത നിമിഷം എന്താണു സംഭവിക്കുകയെന്നത് മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. ലോകത്തിന്റെ നിറുകയിൽ വിരാജിക്കുന്ന ശാസ്ത്രംപോലും സമയമെന്ന കണികയ്ക്കുമുന്നിൽ മുട്ടുമടക്കുകയാണല്ലോ!

കവികളും ചിന്തകരും സത്യാന്വേഷികളുമെല്ലാം മനുഷ്യജീവിതത്തെ ആരോഹണാവരോഹണങ്ങളോടുകൂടിയ ഒരു ഗാനത്തോടാണുപമിച്ചിരിക്കുന്നത്. പ്രതിസന്ധികളും ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളും അവജ്ഞയും അവഗണനയുമെല്ലാം ജീവിതത്തെ കീഴ്മേൽ മറിക്കാൻ ശക്തമാണ്. മിഴി നനയുന്ന സ്മൃതികളും കനലെരിയുന്ന അനുഭവങ്ങളും ജീവിതത്തിന്റെ ഭാഗങ്ങളാണ്. ഒന്നും സ്ഥായിയല്ല. അറിവിനെക്കാൾ വലിയ തിരിച്ചറിവു ലഭിക്കുമ്പോഴാണ് സഹനങ്ങൾ ഒരു വരവും ഹരവുമായി പരിണമിക്കുന്നതും ജീവിതം ഒരു പരിശീലനക്കളരിയായി മാറുന്നതും വിജയത്തിലേക്കുള്ള വാതായനങ്ങൾ തുറന്നുകിട്ടുന്നതും. നമുക്കേറെ അനുഭവപാഠങ്ങളും ഉൾക്കാഴ്ചകളും നൽകിക്കൊണ്ടാണ് ഓരോ വർഷവും നമ്മോടു യാത്രപറഞ്ഞ് ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നത്.

"ഉരുക്കിടുന്നു മിഴിനീരിലിട്ട്
മുക്കുന്നു ചുറ്റും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയേതോ,
പണിത്തരത്തിനുപയുക്തമാക്കാൻ"

ഈ കവിതാശകലത്തിൽ നമുക്കേറെ ഉൾപ്രകാശം നൽകാൻ സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ട്. അതിനായി ചിലരെ ദൈവം തിരഞ്ഞെടുക്കുകയും മാറ്റിനിറുത്തുകയും ഊതിക്കാച്ചിയ പൊന്നുപോലെ സ്ഫുടം ചെയ്തെടുക്കുകയും ചെയ്യുന്നു. ഈ തിരിച്ചറിവിന്റെ തനിമയും സുതാര്യതയുമാണ് നമ്മുടെ ജീവിതത്തിനു പുതുമയും ആസ്വാദ്യതയും പകരുന്നത്. ആരെയും വിധിക്കേണ്ടതുമില്ല. നന്മ മാത്രമോ തിന്മമാത്രമോ ഉള്ളവരായി ആരുമില്ല. പ്രഭാഷകൻ നമ്മെ ഓർമപ്പെടുത്തുന്നു: "മരിക്കുംമുമ്പ് ആരെയും ഭാഗ്യവാനെന്നു വിളിക്കരുത്. മരണത്തിലൂടെയാണ് മനുഷ്യനെ അറിയുക."

കൊഴിഞ്ഞുവീണ ഇന്നലെയ്ക്കും വിടരാനിരിക്കുന്ന നാളെയ്ക്കുമിടയിൽ വിടർന്നുനിൽക്കുന്ന ഇന്നിനെ മാത്രം നോക്കി, വന്നുപോയ അക്ഷരത്തെറ്റുകൾ തിരുത്തി പുതിയ കർമപദ്ധതികൾ വിഭാവനം ചെയ്യാം. നല്ലതുമാത്രം നിനയ്ക്കാം. നന്മമാത്രം വിതയ്ക്കാം. നന്ദിയോടെ നമിക്കാം. മാറ്റങ്ങൾക്കുവേണ്ടിയുള്ള തീവ്രമായ ആഗ്രഹവും തീക്ഷ്ണമായ യജ്ഞവും പുതുവർഷത്തെ അർഥപൂർണവും ശോഭയുള്ളതുമാക്കട്ടെ! എല്ലാ കാർമേഘപടലങ്ങൾക്കുള്ളിലും മഴവില്ലിന്റെ മിഴിവ് മറഞ്ഞിരിക്കുന്നുവെന്നതും ഒരു യാഥാർഥ്യംതന്നെ!

ഈ പുതുവർഷത്തിൽ സമാധാനത്തിന്റെയും സമൃദ്ധിയുടെയും സൗഹൃദത്തിന്റെയും ശാന്തിയുടെയും മഴത്തുള്ളികൾ പെയ്തിറങ്ങട്ടെ! അങ്ങനെ മനുഷ്യമനസ്സുകളിലെ സ്വാർഥതയുടെ കനലുകൾ അണയട്ടെ! സാഹോദര്യത്തിന്റെ നാളങ്ങൾ തെളിയട്ടെ! പുതിയൊരാകാശവും പുതിയൊരു ഭൂമിയും പുലരട്ടെ! ■

## ചികിത്സപ്പിഴ

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



സ്ഥാനത്തും അസ്ഥാനത്തും ആ കാരം പ്രയോഗിക്കുന്നത് മലയാളികളുടെ സ്വഭാവസവിശേഷതയായി കണക്കാക്കാമെന്നു തോന്നുന്നു. വഞ്ചനക്കുറ്റം മതിയാകുന്നിടത്ത് 'വഞ്ചനാക്കുറ്റം' എന്നെഴുതുന്നത് സർവ്വസാധാരണമായിട്ടുണ്ട്. പദങ്ങൾ കൂട്ടിച്ചേർക്കുന്നതിനു പിന്നിലെ അടിസ്ഥാനതത്ത്വങ്ങൾ അറിയാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള തെറ്റുകൾ വന്നുപോകുന്നത്. "പ്രസവത്തിനിടെ അമ്മയും കുഞ്ഞും മരിച്ചു; ചികിത്സാപ്പിഴവ് ആരോപിച്ച് പ്രതിഷേധം." ഈയിടെ ഒരു പ്രമുഖദിനപത്രത്തിൽ വന്ന വാർത്തയാണിത്. ഇതിലെ ചികിത്സാപ്പിഴവ് എന്ന പദത്തിലെ പൂർവപദം ചികിത്സാ എന്നല്ല; ചികിത്സ എന്നാണ്. അത് ആദ്യം മനസ്സിലാക്കണം. ചികിത്സ എന്ന ഹ്രസ്വാന്തത്തോടാണ് 'പിഴവ്' എന്ന ഉത്തരപദം ചേരുന്നത്. അവ രണ്ടും വിശേഷണവിശേഷ്യങ്ങൾ ആയതിനാൽ 'പിഴവ്' എന്നതിലെ പകാരം ഇരട്ടിക്കും. അപ്പോൾ ശരിയായ സമാസരൂപം 'ചികിത്സപ്പിഴവ്' എന്നാകുന്നു.

'പിഴവ്' എന്ന പദത്തെക്കുറിച്ചുള്ള പണ്ഡിതമതം എന്താണെന്നു നോക്കാം. "പിഴ എന്നു മതിയാകുന്നിടത്ത് പിഴവ് എന്നു പ്രയോഗിക്കുന്നത് ഭാഷാസാമഗ്രിയുടെ ദുർവ്യയം മാത്രം. വൃത്തപൂർത്തിക്ക് അനുപേക്ഷണീയമെങ്കിൽമാത്രം പിഴവ് ആകാം. പിഴ മതിയാകുമെങ്കിൽ 'പിഴവ്' അനാവശ്യംതന്നെ.* 'വല്ലാതെ ഞാൻ ചെയ്ത പിഴയെല്ലാം സഹിക്ക നീ' എന്നാണല്ലോ കീചകവധം ആട്ടക്കഥാകാരന്റെ മതവും. 'പിഴവ്' എന്നതിലെപ്പോലെ 'ദയവ്' എന്നതിലെ വകാരവും അധികപ്പറ്റാണ്. "വ് എന്ന കൃതികൃത്ത്പ്രത്യയം ചേർക്കാതെതന്നെ പിഴ ശരിയായ അർഥത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടെന്ന് പി. ദാമോദരൻനായരും നിരീക്ഷിച്ചിട്ടുണ്ട്.* അങ്ങനെയെങ്കിൽ 'ചികിത്സപ്പിഴ ആരോപിച്ച് പ്രതിഷേധം' എന്നാക്കിയാൽ വാക്യവും പൊരുളും മലയാളത്തിന്റെ രീതിക്ക് ഇണങ്ങും. രണ്ടു വർണങ്ങൾ കുറയുമ്പോഴുള്ള സ്ഥലലാഭം പത്രക്കാരെ സംബന്ധിച്ചിടത്തോളം ചെറിയ കാര്യമല്ലല്ലോ!

*പ്രബോധചന്ദ്രൻ നായർ, ഡോ. വി.ആർ., എഴുത്തു നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം – 78.

*ദാമോദരൻനായർ പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2013, പുറം – 406.

# സർവർക്കും സന്തോഷം



ഫാ. ജോസഫ് നെച്ചിക്കാട്ട്

ഇതാ, കർത്താവിന്റെ പേടകം പുതിയൊരു കാളവണ്ടിയിൽ വരുന്നു. ആ സാന്നിധ്യത്തിൽ ദാവീദ് പരിസരം മറക്കുകയാണ് – ആത്മവിസ്മൃതിയിലാണ് ഉന്മത്തനെപ്പോലെ.

താൻ ഇസ്രായേലിന്റെ രാജാവാണ്, വേണ്ടത്ര വസ്ത്രങ്ങൾ പോലും ധരിച്ചിട്ടില്ല; കുറെയേറെ സ്ത്രീകളും പെൺകുട്ടികളും തന്റെ ചുറ്റുമുണ്ട്. പക്ഷേ, തന്നെത്തന്നെ മറന്ന് ആനന്ദലഹരിയിലായ രാജാവ് സർവശക്തിയോടുംകൂടി പേടകത്തിനുമുമ്പിൽ പിള്ളേരെപ്പോലെ തുള്ളിച്ചാടി നൃത്തം ചെയ്തു, ഏതാണ്ട് ആഭാസനെപ്പോലെ (2 സാമുവേൽ 6: 4:20).

എന്താണു കാരണം? കർത്താവിന്റെ വചനം, തിരുവചനം വരുന്നു. ആ ദിവ്യദർശനത്തിൽ ഉള്ളിലൊതുക്കാൻ പറ്റാത്ത സന്തോഷംമൂലം ദാവീദ് സർവതും മറക്കുകയാണ് – അവനല്ലാതായി മാറുകയാണ്.

ഏതാണ്ട് ഇതുപോലൊരു രംഗമാണ് 1223 ഡിസംബർ 25 ന് ഗ്രേച്ചിയോ ഗ്രാമത്തിലെ ജോൺ വെലീത്തായുടെ തൊഴുത്തിലുണ്ടായത്. യേശു ജനിച്ചതുപോലൊരു തൊഴുത്ത്. കാളകൾ, കഴുതകൾ! അവിടെ പുൽത്തൊട്ടിയിൽ ആദിയിലെന്നപോലെ ഉണ്ണീശോയുടെ രൂപം! ചുറ്റും ജനക്കൂട്ടം... ഫ്രാൻസീസ് എല്ലാം മറന്നുപോയി... തന്നെത്തന്നെയും, മറന്ന് അവൻ ആനന്ദനൃത്തം ചെയ്തു – ദാവീദിനെപ്പോലെ.

ദാവീദിന്റെ മുമ്പിലെത്തിയതു കർത്താവിന്റെ എഴുതപ്പെട്ട വചനമായിരുന്നെങ്കിൽ, ഫ്രാൻസീസിന്റെ മുമ്പിൽ ജീവനുള്ള ദൈവവചനത്തിന്റെ തിരുസാന്നിധ്യമായിരുന്നു. രണ്ടിടത്തും നിറവ്, ആനന്ദലഹരി.

വാസ്തവത്തിൽ അതായിരുന്നു ആദ്യത്തെ ക്രിസ്മസ്. സമ്പൂർണസന്തോഷത്തിന്റെ, സമൃദ്ധമായ ദൈവാനുഭവത്തിന്റെ ദിവസം. അതാണ് മാലാഖമാർ ആകാശങ്ങളിൽ അലയടിക്കുമാറു പാടിയത്; 'ഇതാ സകല ജനത്തിനുമുള്ള മഹാസന്തോഷത്തിന്റെ സദ്വാർത്ത' (ലൂക്കാ: 2–10). അതുകേട്ട ആട്ടിടയർ അതിവേഗം ബെത്‌ലഹേമിലേക്കു നീങ്ങി – ആ വലിയ സന്തോഷത്തിൽ പങ്കുചേരുവാൻ. തണുപ്പോ ഉറക്കമില്ലപ്പോ അവരെ അലട്ടിയില്ല. ആ അദ്ഭുതശിശുവിനെ നിർന്നിമേഷരായി നോക്കിനിന്നു കണ്ട്, തികഞ്ഞ സന്തോഷത്തോടെ അവർ തിരിച്ചുപോന്നു. മാത്രമല്ല, ആ വലിയ സന്തോഷവാർത്ത തങ്ങൾ കണ്ടുമുട്ടിയവരോടെല്ലാം അവർ പങ്കുവച്ചു.

എന്തായിരുന്നു ആ സദ്വാർത്ത? 'ആദത്തിന്റെ അപരാധത്തെ അനുഗ്രഹമാക്കി'പ്പകർത്തിക്കൊണ്ട് ഒരു രക്ഷകൻ എത്തിച്ചേർന്നിരിക്കുന്നു! പാപം മൂലം ഒരിക്കൽ നഷ്ടപ്പെട്ടുപോയ ദൈവത്തെ മനുഷ്യനു തിരിച്ചുകിട്ടിയിരിക്കുന്നു. ആദത്തിന്റെ തെറ്റുമൂലം മങ്ങിപ്പോയ പ്രകാശം -മുങ്ങിപ്പോയ സന്തോഷം ഇതാ വീണ്ടും ഉദിച്ചുയർന്നിരിക്കുന്നു. അതിന്റെ അനുസ്മരണ ഉണർന്നപ്പോഴാണ് ഫ്രാൻസീസ് എല്ലാം മറന്ന് ആനന്ദനൃത്തം ചെയ്തത് – ഫിലിസ്ത്യരും മറ്റും തട്ടിയെടുത്തതുമൂലം നഷ്ടപ്പെട്ടുപോയ പേടക(1 സാമുവേൽ 5)ത്തിന്റെ പുനർദർശനത്തിൽ മതിമറന്നു സന്തോഷിച്ച ദാവീദിനെപ്പോലെ.

എന്തിലാണ് ഈ അവാച്യമായ നിറവും നിർവൃതിയും? അതു യേശു പഠിപ്പിച്ചതുപോലെ സമ്പാദ്യങ്ങളുടെ സമൃദ്ധിയിലല്ലാ (ലൂക്കാ: 12–15). എത്ര കിട്ടിയാലും തൃപ്തിവരാത്തവൻ ഒരിക്കലും സന്തുഷ്ടനല്ല. അരൂപിയിൽ ദരിദ്രർ എന്ന തിരുവചനത്തിന് ഒത്തിരിയേറെ ആഴങ്ങളുണ്ട്. എത്ര ദരിദ്രരാണെങ്കിലും, അരൂപിയിൽ ദരിദ്രനല്ലെങ്കിൽ അവൻ ദരിദ്രനേയല്ല, സന്തുഷ്ടനുമല്ല. അതുപോലെ തന്നെ സമ്പന്നനും. അരൂപിയിൽ ദാരിദ്ര്യമുണ്ടെങ്കിലേ യഥാർഥ സന്തോഷവും സൗഭാഗ്യവും അനുഭവിക്കാനാവൂ.

ഒരു മനുഷ്യനു ലഭിക്കാവുന്നതെല്ലാം കൈക്കലാക്കിയാലും, ലോകം മുഴുവൻ നേടിയാലും (മത്താ: 16:26), മനഃസമാധാനമില്ലെങ്കിൽ ഒന്നും നേടിയതുപോലെ തോന്നുകയില്ല. ലോകത്തിനു പ്രദാനം ചെയ്യാൻ കഴിയാത്ത, (യോഹ. 14:27) യേശുവിനു മാത്രം നല്കാൻ കഴിയുന്ന ഒന്നാണ് സമാധാനവും അതോടു ചേർന്നുപോകുന്ന സന്തോഷവും. അതാണ് മാലാഖമാർ പറഞ്ഞതും പാടിയതുമൊക്കെ കൂട്ടിച്ചേർത്തു വായിക്കുമ്പോൾ (ലൂക്കാ 2:11–14) നമുക്കു കിട്ടുക.

അന്നുണ്ടായിരുന്ന സമ്പന്നർക്കും പ്രമാണികൾക്കുമല്ല; പാവപ്പെട്ട ആട്ടിടയർക്കാണ് ആ ഭാഗ്യം സിദ്ധിച്ചത് – നിരക്ഷരകുക്ഷികളായ, ഗ്രാമീണശാലീനതയുടെ നിറകുടങ്ങളായ ആട്ടിടയർക്ക്.

ഭൗമികസമൃദ്ധി യിലല്ല യഥാർഥ സന്തോഷമെന്നു ദാവീദും അനുഭവിച്ചറിഞ്ഞു. ഉറിയായുടെ ഭാര്യയെക്കൂടി കിട്ടിയാൽ (2. സാമുവൽ 11) സന്തുഷ്ടനായെന്നു കരുതിയവൻ പൂർവോപരി അസ്വസ്ഥനാവുകയായിരുന്നു (2 സാമു. 11: 27, 12: 12).



കർത്താവ് ചൊരിഞ്ഞ് ഒഴുക്കിയെങ്കിൽ മാത്രമേ നമ്മുടെ ഹൃദയം നിറയുകയുള്ളൂ. അതാണ് പിന്നീട് അവൻ ഇങ്ങനെ പാടിയത്: "ധാന്യത്തിന്റെയും വീഞ്ഞിന്റെയും സമൃദ്ധിയിൽ ഉണ്ടാകുന്നതിലേറെ ആനന്ദം അവിടുന്ന് എന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു" (സങ്കി. 4–7).

ക്രിസ്മസ് ദിവസം പടിഞ്ഞാറൻനാടുകളിൽ എല്ലാവരും ഇത്തിരി തിന്നുകുടിച്ചു സന്തോഷിക്കാറുണ്ട്. ധൂർത്തപുത്രന്റെ പുനഃസമാഗമത്തിൽ ദാസന്മാരും ദാസികളുമൊപ്പം പിതാവും അങ്ങനെ ചെയ്തില്ലേ? (ലൂക്കാ: 15:23).

പക്ഷേ, ദാവീദുപാടിയതുപോലെ ക്രിസ്മസ് ദിവസം വീഞ്ഞുകൂടാതെതന്നെ അതിലും കൂടുതൽ സന്തോഷം കണ്ടെത്തിയ വ്യക്തിയാണ് ഫ്രാൻസീസ്. അതാണ് ക്രിസ്മസിന്റെ നിറവിൽ എല്ലാം മറന്ന് അവൻ ആനന്ദനൃത്തം ചെയ്തത്. ഇതാ, ഒന്നുമില്ലാത്തവന്റെ – യേശുവിനെപ്രതി എല്ലാം തന്നെത്തന്നെയും, നഷ്ടപ്പെടുത്തിയവന്റെ സന്തോഷം കണ്ടോ?

അത്തരക്കാരാണ്, തന്നെത്തന്നെയും നഷ്ടപ്പെടുത്തുന്നവരാണ് അതു പ്രാപിക്കുക എന്നത്രേ ഫുൾട്ടൻ ഷീനും കൂട്ടിച്ചേർക്കാനുള്ളത്: 'He who loses himself finds himself and finds his happiness.'

അതാണ് ദാവീദ് വിഭാവനം ചെയ്ത യഥാർഥ സന്തോഷം (സങ്കീ. 4:7), വി. ഫ്രാൻസീസ് പ്രാപിച്ച സന്തോഷം, പുൽത്തൊട്ടിയിലെ ഉണ്ണി പ്രദാനം ചെയ്യുന്ന സന്തോഷം. അതു ലഭ്യമാക്കാനായിരിക്കട്ടെ ഇന്നത്തെ നമ്മുടെ തീവ്രശ്രമവും. ■

കവിത **ജിന്റോ ജെ. പൊട്ടയ്ക്കൽ**

## ശ്രീയേശുനാമകീർത്തനം

യേശുവിൻ നാമത്തിലൊരുമിച്ചുകൂടാം
ആശ്വാസമേകുമാ നാമം ഭജിക്കാം

യേശുവിൻ നാമത്തെ പാടിസ്തുതിക്കാം
വിശ്വാസപൂർവമാ നാമത്തെ വാഴ്ത്താം

ആദിയിലുരുവായൊരീശ്വരനാമം
ആരിലുമുന്നതമായോരു നാമം

ആകുലർക്കാശ്വാസമേകുന്ന നാമം
ആരാധ്യനാഥന്റെ പാവനനാമം

പറുദീസാ തന്നിൽ വെളിവായ നാമം
പാരിന്റെ ശാപമകറ്റുമീ നാമം

പാതയിലൊളിവീശും രക്ഷതൻ നാമം
പാലകനേശുവിൻ ദിവ്യമാം നാമം

കന്യകമേരിയിലുരുവായ നാമം
കാലിത്തൊഴുത്തിന്റെ ശോഭയാം നാമം

കന്മഷമെന്യേ ജനിച്ചൊരു നാമം
കാലങ്ങളേറെത്തിരഞ്ഞോരു നാമം

സ്നേഹത്തിൻ രൂപമെടുത്തൊരു നാമം
സ്തോത്രത്തിനേറ്റം യോഗ്യമാം നാമം

സ്ഥലകാലബന്ധത്തിനുപരിയാം നാമം
സ്തുതികളിലെന്നും വാഴുന്ന നാമം

അന്ധകാരത്തെത്തുളയ്ക്കുന്ന നാമം
അന്ധന്റെ കണ്ണു തുറന്നോരു നാമം

അവനിയിലാലംബമേകുന്ന നാമം
അനുദിനം കൃപനല്കും ശ്രീയേശുനാമം

ആഴിയിൽത്താഴുന്നോർക്കഭയമാം നാമം
ആശ്വാസദീപാകും രക്ഷതൻ നാമം

ആത്മാവിനെ നിത്യം പുണരുന്ന നാമം
ആത്മീയജീവന്റെ തുടിപ്പാകും നാമം

കരയുന്നോർക്കാശ്വാസമേകുമീ നാമം
കരകാണാക്കടലിലെ തുണയാകും നാമം

കരുണതൻ നിറകുടമായൊരു നാമം
കരുതലിൻ കരമേകും യേശുവിൻ നാമം

കുരുത്തോലസ്തുതികൾക്കർഹമാം നാമം
കുരിശിന്റെ വഴിയേ നടന്നൊരു നാമം

കുരുതിയായ് സ്വയമേകുമാസ്നേഹനാമം
കൂരിരുൾ മാറ്റുമീ ജ്യോതിയാം നാമം

ചമ്മട്ടിയടിയേപ്പുണർന്നോരു നാമം
ചിതറിയ ദേഹം ബലിയേകിയ നാമം

ചെഞ്ചോരയാലെന്നെക്കഴുകിയ നാമം
ചങ്കുപിളർന്നെന്നെ സ്നേഹിച്ച നാമം

മൂന്നാം ദിനത്തിലുയർത്തോരു നാമം
മൂന്നുലോകങ്ങൾക്കുമധിപനാം നാമം

മൂന്നാളുകൾ ചേർന്നൊരേകമാം നാമം
മൂലശിലയായിത്തീർന്നോരു നാമം

നാവുകളേറ്റേറ്റു പാടുന്ന നാമം
നസ്രായനേശുവിൻ നവ്യമാം നാമം

നറുതേനിൻ മാധുര്യമുള്ളൊരു നാമം
നരകുലരക്ഷകനേശുവിൻ നാമം

ഓസ്തിതൻ സത്തയെ മാറ്റുന്ന നാമം
ഓരോ ദിനത്തിലുമെഴുന്നള്ളും നാമം

ഓർമയിൽ നിത്യം തെളിയുന്ന നാമം
ഒരിക്കലുമകലാത്ത സ്നേഹമാം നാമം

വരുവിൻ നമുക്കേറ്റു പാടിസ്തുതിക്കാം
വിശൈകനാഥന്റെ ഈടുറ്റ നാമം

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ഒരു രാജാവ് ധർമനിഷ്ഠയോടെ ഭരണം നടത്തും. പ്രഭുക്കന്മാർ നീതിയോടെ ഭരിക്കും.

ഏശയ്യാ 32:1

**എഡിറ്റോറിയൽ**

# അഴിമതിവീരന്മാർക്ക് പ്രഹരമേല്പിച്ച വിധി

**കൈ**ക്കൂലിക്കേസുകളിൽ പ്രത്യക്ഷത്തെളിവില്ലെങ്കിലും സാഹചര്യത്തെളിവുകളുടെ വെളിച്ചത്തിൽ ശിക്ഷിക്കാമെന്ന സുപ്രീംകോടതിവിധി തികച്ചും സ്വാഗതാർഹമാണ്. കൈക്കൂലിയെന്ന അർബുദം ബാധിച്ചിരിക്കുന്ന സർക്കാരുദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കർശന താക്കീതുകൂടിയാണ് ഈ സുപ്രധാന വിധി.

അഴിമതിതടയൽനിയമപ്രകാരം ഒരാളെ ശിക്ഷിക്കാൻ നേരിട്ടുള്ള തെളിവു വേണമെന്ന വ്യവസ്ഥ, സാഹചര്യത്തെളിവുകൾകൊണ്ടു പരിഹരിക്കാവുന്നതേയുള്ളൂ എന്നാണ് അഞ്ചംഗ ഭരണഘടനാബെഞ്ചിന്റെ വിധി. നേരിട്ടുള്ള തെളിവില്ലാതിരിക്കുകയോ പരാതിക്കാരൻ മരിച്ചുപോവുകയോ മറ്റു കാരണങ്ങൾമൂലം തെളിവു നൽകാതിരിക്കുകയോ ചെയ്താലും ആരോപിതനെ കുറ്റവിമുക്തനാക്കരുതെന്ന് വിധി വ്യക്തമാക്കുന്നു. തെളിവു നശിപ്പിക്കുകയോ പ്രത്യക്ഷത്തെളിവില്ലാതിരിക്കുകയോ ചെയ്താൽ അനായാസം രക്ഷപ്പെടാൻ കഴിയുമെന്നു കരുതിയ അഴിമതിവീരന്മാരുടെ അഹന്തയ്ക്കാണ് ഇതിലൂടെ പ്രഹരമേറ്റിരിക്കുന്നത്. അനധികൃതമായി പണം പറ്റിയെന്നു മനസ്സിലാക്കാൻ വിശ്വസനീയമായ സാഹചര്യത്തെളിവുകളുടെ അനുമാനത്തിൽ ന്യായാധിപർക്കു വിവേചനാധികാരത്തോടെ തീർപ്പുകല്പിക്കാവുന്നതാണെന്നാണ് വിധിയുടെ അന്തസ്സത്ത.

സർക്കാർസംവിധാനങ്ങളിൽനിന്നു കാര്യങ്ങൾ വേഗം നടത്തിക്കിട്ടാൻ പൊതുജനം ഉദ്യോഗസ്ഥർക്കു കൈമടക്കു കൊടുക്കുന്ന നെറികെട്ട വ്യവസ്ഥിതി പ്രബുദ്ധകേരളത്തിൽനിന്ന് ഇനിയെന്ന് ആരു തുടച്ചുനീക്കും? കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹം എന്ന ബോർഡ് സർക്കാരോഫീസുകളിൽ തൂങ്ങിക്കിടക്കുമ്പോഴും അതിനുള്ളിൽ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ അന്യായം നടത്തുന്നവരാണു പല ഉദ്യോഗസ്ഥരും നിസ്സഹായരായ ജനവും. സർക്കാർശമ്പളവും ആനുകൂല്യങ്ങളും വാങ്ങി മാന്യമായി ജോലിചെയ്യുന്ന ഒട്ടനവധി ഉദ്യോഗസ്ഥരെ ഒറ്റപ്പെടുത്തുകയും വേട്ടയാടുകയും ചെയ്യുന്നത്ര ക്രൂരമാണ് കൈക്കൂലിയെന്ന ഭീകരസത്വം. കൈക്കൂലിയും അഴിമതിയും ഭീമാകാരമായി വർധിച്ച് നാടിനെ ഗ്രസിക്കുകയാണെന്നും, അതിനെ സർവശക്തിയുമുപയോഗിച്ചു തടയേണ്ടതുണ്ടെന്നും ഭരണഘടനാബെഞ്ചിനുവേണ്ടി ജസ്റ്റീസ് ബി.വി. നാഗരത്ന എഴുതിയ വിധിന്യായം ഗൗരവമായി വിലയിരുത്തേണ്ടതാണ്.

പൊതുജനസേവകരെന്നു കരുതുന്നവരുടെ കൈക്കൂലിക്കേസുകളിൽ 180 രാജ്യങ്ങളിൽ 85-ാം സ്ഥാനത്താണ് ഇന്ത്യ. കൈക്കൂലിയുടെ കാര്യത്തിൽ നമ്മുടെ കേരളവും ഒട്ടും പിന്നിലല്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2018 ൽ 18 പേർ കൈക്കൂലി വാങ്ങിയതിന് അറസ്റ്റിലായിട്ടുണ്ട്. 2019 ൽ 17, 2020 ൽ 24, 2021 ൽ 30, 2022 ൽ ആദ്യത്തെ നാലുമാസംമാത്രം 18 എന്നിങ്ങനെയാണ് അറസ്റ്റുകേസുകളുടെ നില. അഴിമതിയിൽ മുങ്ങിക്കുളിച്ചുനില്ക്കുന്നുവെന്നു പണ്ടേ പേരെടുത്തിട്ടുള്ള സർക്കാർഭരണസംവിധാനങ്ങളിലെ കൈക്കൂലിക്കേസിൽ അറസ്റ്റിലായവരുടെ കണക്ക്, യാഥാർഥ്യത്തിൽനിന്നു വളരെയകലെയാകാമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

കൈക്കൂലിയുടെയും അഴിമതിയുടെയും പേരിലുള്ള കേസുകൾ കേരളത്തിൽ തുടർക്കഥകളായിരിക്കേ, സുപ്രീംകോടതിയുടെ നിർണായകവിധി അഴിമതിവീരന്മാരായ പലരെയും അമ്പരപ്പിച്ചിട്ടുണ്ടാവും. സർക്കാരുദ്യോഗസ്ഥരും ജനപ്രതിനിധികളും ജനത്തെ സേവിക്കേണ്ടതിനുപകരം അവരെ കൊള്ളയടിക്കുന്ന പ്രവണത ഒട്ടും ആശാസ്യമല്ലെന്നു മാത്രമല്ല, തിരുത്തപ്പെടേണ്ടതുമാണ്. കൈക്കൂലി കൊടുക്കാത്തതിന്റെ പേരിൽ സർക്കാർസേവനം നിഷേധിക്കപ്പെടുന്ന നിസ്സഹായരുടെ ദുരനുഭവങ്ങളും നൊമ്പരക്കഥകളും ദിനംപ്രതി കേൾക്കേണ്ടിവരുന്നത് നമ്മുടെ മനഃസാക്ഷിയെ വല്ലാതെ പൊള്ളിക്കുന്നു. കൈക്കൂലിയെന്ന ദുർഭൂതത്തെ പിടിച്ചുകെട്ടാനുള്ള ഇച്ഛാശക്തിയും അതിജാഗ്രതയും ഭരണാധികാരികൾക്കും ഭരണീയർക്കും ഒരുപോലെ ഉണ്ടായാൽ, നമ്മുടെ നാടു നന്നാകുമെന്നുറപ്പ്. ■


# ദീപനാളം കാവ്യോത്സവം

**11 FEBRUARY 2023**



കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള



പ്രവിത്താനം പി.എം. ദേവസ്യാ



സിസ്റ്റർ മേരി ബനീഞ്ഞ

മഹാകവികളായ **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, പ്രവിത്താനം പി.എം. ദേവസ്യാ, സിസ്റ്റർ മേരി ബനീഞ്ഞ** എന്നിവരുടെ സ്മരണ നിലനിർത്തുന്നതിനും അവരെക്കുറിച്ചു പുതുതലമുറയിൽ അവബോധം ജനിപ്പിക്കുന്നതിനുമായി ദീപനാളം പദ്യോച്ചാരണമത്സരം നടത്തുന്നു.

ഫെബ്രുവരി പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദീപനാളം ഓഡിറ്റോറിയത്തിൽ മത്സരങ്ങൾ ആരംഭിക്കും. പാലാ രൂപതാധ്യക്ഷൻ **മാർ ജോസഫ് കല്ലറങ്ങാട്ട്** പരിപാടി ഉദ്ഘാടനം ചെയ്യും. പ്രശസ്ത നിരൂപകനും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി വിഷയാവതരണം നടത്തും. പാലാ സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പാൾ ഡോ. ഡേവിസ് സേവ്യർ ആശംസ അർപ്പിക്കും.

**നിബന്ധനകൾ**

❖ വാദ്യോപകരണങ്ങളോ മറ്റു സാങ്കേതികസംവിധാനങ്ങളോ അനുവദനീയമല്ല. ❖ മൂന്നു കവികളുടെയും കൃതികളിൽനിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കാം. (കവികളുടെ സമ്പൂർണകൃതികൾ റഫറൻസിനായി ദീപനാളം ഓഫീസിൽ ലഭ്യമാണ്.) ❖ മൂന്നു കവിതകൾക്കുംകൂടി ആകെ പത്തുമിനിറ്റായിരിക്കും സമയം. ❖ തിരഞ്ഞെടുക്കപ്പെടുന്ന കവിതാഭാഗങ്ങളുടെ മൂന്നു കോപ്പിവീതം ജഡ്ജസിന്റെ പരിശോധനയ്ക്കായി മത്സരത്തിനുമുമ്പ് നല്കേണ്ടതാണ്. ❖ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 10000, 7000, 5000 രൂപയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. ❖ രജിസ്ട്രേഷൻ ഫീസ് 100 രൂപ. ❖ മത്സരത്തിനു പ്രായപരിധിയില്ല.

**മാർക്ക് - മാനദണ്ഡങ്ങൾ :** മനഃപാഠം - 25 മാർക്ക്; അക്ഷരസ്ഫുടത - 25 മാർക്ക്; മിതമായ ഭാവശബ്ദാവതരണം - 25 മാർക്ക്; അർത്ഥം, ആശയം എന്നിവയുടെ വ്യക്തത - 25 മാർക്ക്.

ഒന്നാം സമ്മാനം ₹10000
രണ്ടാം സമ്മാനം ₹7000
മൂന്നാം സമ്മാനം ₹5000

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 7 നുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Ph : 7306874714
E-mail : editordeepanalam@gmail.com.

# വിശുദ്ധിക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഇസബെൽ ക്രിസ്റ്റീനയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു

ബാർബസേന: തന്റെ കന്യകാത്വവും ജീവിതവിശുദ്ധിയും സംരക്ഷിക്കുന്നതിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ബ്രസീൽ സ്വദേശിനി ഇസബെൽ ക്രിസ്റ്റീനയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. വിശുദ്ധി സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിനിടെ കത്തിക്കുത്തേറ്റാണ് ഇസബെൽ മരണപ്പെട്ടത്. 2022 ഡിസംബർ 10 ന് ബ്രസീലിലെ ബാർബസേനയിൽ നടന്ന പ്രഖ്യാപനച്ചടങ്ങിൽ കർദിനാൾ റെയ്മുണ്ടോ ഡമാസ്സെനോ അസ്സിസ്, ഫ്രാൻസിസ് പാപ്പായെ പ്രതിനിധാനം ചെയ്തുകൊണ്ട് മുഖ്യകാർമികത്വം വഹിച്ചു. ത്രികാല പ്രാർത്ഥനയ്ക്കുശേഷം നൽകിയ സന്ദേശത്തിൽ പാപ്പാ വാഴ്ത്തപ്പെട്ട ഇസബെൽ ക്രിസ്റ്റീനയെ പ്രത്യേകം അനുസ്മരിച്ചിരുന്നു. അവളുടെ വീരോചിതമായ മാതൃക, യുവജനങ്ങൾക്ക് വിശ്വാസത്തോടും സുവിശേഷത്തോടുമുള്ള ആഭിമുഖ്യം സാക്ഷ്യപ്പെടുത്താൻ പ്രചോദനമേകുമെന്ന് പാപ്പാ പ്രത്യാശ പ്രകടിപ്പിച്ചു.

ഇടത്തരം കുടുംബത്തിൽ ജനിച്ച ഇസബെൽ ചെറുപ്പം മുതൽ ഇടവകപ്പള്ളിയിൽ സജീവമായി ബലിയർപ്പണങ്ങളിലും ഇതര തിരുക്കർമങ്ങളിലും പങ്കുചേർന്നിരുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ യുവജനവിഭാഗത്തിൽ അവൾ സജീവമായിരുന്നു. തീക്ഷ്ണമായ പ്രാർത്ഥനയും അടിയുറച്ച വിശ്വാസവും കൂടക്കൂടെയുള്ള കുമ്പസാരവും വിശ്വാസതീക്ഷ്ണതയും അവളുടെ ആത്മീയ ജീവിതത്തിന്റെ മുഖമുദ്രയായി



മാറി. ഒരു ശിശുരോഗവിദഗ്ധയാകാൻ അവൾ ഏറെ ആഗ്രഹിച്ചു. 1980 ഡിസംബർ 8 ന് അവൾ പ്രൊഫഷണൽ ഡിപ്ലോമാ നേടി. പിന്നീട് മെഡിക്കൽ പഠനം ആരംഭിക്കാൻ ജൂയിസ് ഡി ഫോറയിലേക്ക് (ബ്രസീൽ) താമസം മാറി. സഹോദരനൊപ്പമായിരുന്നു താമസം.

ഇസബെൽ ക്രിസ്റ്റീനയുടെ വീട്ടിൽ അലമാര ഒരുക്കാൻ വന്ന യുവാവ് അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി പിന്നാലെ കൂടി. അയാളുടെ പല അഭിപ്രായപ്രകടനങ്ങളിലും അവൾ ക്രമേണ അസ്വസ്ഥയായി. പ്രത്യക്ഷമായും പരോക്ഷമായുമുള്ള അവന്റെ ജഡികതിന്മ അവൻ പ്രകടിപ്പിച്ചെങ്കിലും തനിക്കു താത്പര്യമില്ലെന്നു പറഞ്ഞ് അവൾ ഒഴിഞ്ഞുമാറുകയും വേഗത്തിൽ ജോലിതീർത്തു മടങ്ങിപ്പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1982 സെപ്തംബർ ഒന്നിന് വൈകുന്നേരം സഹോദരൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ കണ്ടത് അവളുടെ മൃതദേഹമായിരുന്നു. ലൈംഗികാതിക്രമത്തിനു ശ്രമിച്ചതിന്റെ അടയാളങ്ങളോടെയായിരുന്നു മൃതദേഹം കണ്ടെത്തിയത്.


വിശുദ്ധിക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച് ഈശോയുടെ സന്നിധിയിലേക്കു യാത്രയായപ്പോൾ അവൾക്ക് 20 വയസ്സു മാത്രമായിരുന്നു ഉണ്ടായിരുന്നത്. വീട്ടിൽവച്ചുണ്ടായ ബലാത്സംഗശ്രമത്തെ ഇസബെൽ ശക്തിയുക്തം എതിർത്തുവെന്ന് പോലീസ് സ്ഥിരീകരിച്ചു. പോസ്റ്റുമോർട്ടം റിപ്പോർട്ട് അനുസരിച്ച്, അവളുടെ കന്യകാത്വം നഷ്ടപ്പെട്ടിരുന്നില്ല.

2000 ൽ ഇസബെൽ ക്രിസ്റ്റീനയെ ദൈവദാസിയായി പ്രഖ്യാപിച്ചു. 2020 ഒക്ടോബർ 27 നു നീണ്ട നാളത്തെ പഠനങ്ങൾക്ക് ഒടുവിൽ 'ഡിഫെൻസം കാസ്റ്റിറ്റെറ്റിസ്' (കന്യകയായി സ്വയം സംരക്ഷിക്കാൻ ആക്രമണത്തെ അഭിമുഖീകരിച്ച) പ്രകാരം രക്തസാക്ഷിയായി സ്ഥിരീകരിച്ച് ഫ്രാൻസിസ് പാപ്പാ ഡിക്രിയിൽ ഒപ്പുവച്ചു. അവളെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കാൻ അംഗീകാരം നൽകി. മഹാമാരിയെത്തുടർന്നു നാമകരണനടപടികൾ നീണ്ടുപോകുകയായിരുന്നു. ഡിസംബർ 10 ന് നടന്ന നാമകരണച്ചടങ്ങിൽ പങ്കെടുക്കാൻ നൂറുകണക്കിനാളുകളാണ് മരിയാന അതിരൂപതയിൽ സ്ഥിതി ചെയ്യുന്ന ബാർബസെന ഔവർ ലേഡി ഓഫ് മേഴ്സി ദേവാലയത്തിൽ എത്തിച്ചേർന്നത്.

കവിത

പങ്കജാക്ഷൻ തോരോത്ത്

## മാന്ത്രികൻ



അത്തറിൻമണം വിരിഞ്ഞ, ഖത്തറിന്റെ മണ്ണിലായ്,
മുത്തമിട്ടെടുത്ത കപ്പിനേറെയുണ്ട് ചാരുത,
അസ്സലായി, മെസ്സി വന്നടിച്ച ബോളതൊക്കെയും,
നിസ്സഹായനായ ഗോളി കണ്ടതില്ലതൊന്നുമേ
ഒത്തുവന്ന കാലുകൾ കരുത്തുകാട്ടി പന്തിനെ
എത്ര വട്ടമങ്ങുമിങ്ങുമിട്ടുരുട്ടിയദ്ഭുതം
നീട്ടിയും കുറുക്കിയും പിറകിലോട്ടു മാറിയും
വലത്തിടത്തു പാഞ്ഞടിച്ചു ഗോൾവല കുലുക്കിയും
ഉരുണ്ടുരുണ്ട പന്തിനായി വീണുരുണ്ടു പിന്നെയും
കളിക്കളം നിറഞ്ഞു പെയ്ത മെസ്സിയെന്തൊരൽഭുതം
കാലവും ചരിത്രവും തരിച്ചുനിന്ന ഖത്തറിൽ
കായികപ്രപഞ്ചമൊരു കാലിനെ നമിച്ചുപോയ്,
ജാതിയും മതങ്ങളും പറന്നകന്ന വാനിലായ്
സൂര്യനായുദിച്ചുയർന്ന മെസ്സിതന്നെ മാന്ത്രികൻ



*രത്നഗിരി സെന്റ് എഫ്രേംസ് പള്ളിക്കൂദാശയ്ക്കു മുന്നോടിയായി പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ശിലാഫലകം അനാച്ഛാദനം ചെയ്യുന്നു. വികാരി ഫാ. ജോസ് അഞ്ചേരിൽ, മുനിസിപ്പൽ ചെയർമാൻ ജോയി ഊന്നുകല്ലേൽ, ജനറൽ കൺവീനർ സാബു തോമസ് ഊന്നുകല്ലേൽ, തോമസ് ചെറിയാൻ ഊന്നുകല്ലേൽ, ജോസഫ് തോമസ് എളൂക്കാലായിൽ എന്നിവർ സമീപം.*




*ആലപ്പുഴ റൈറ്റേഴ്സ് ഫോറം ഏർപ്പെടുത്തിയ സാഹിത്യമിത്രംപുരസ്കാരം അക്ഷരസമരനായകൻ റവ. ഡോ. തോമസ് മൂലയിലിന് പ്രശസ്ത സാഹിത്യകാരൻ ബെന്യാമിൻ സമർപ്പിക്കുന്നു. ഡോ. ജെ.കെ.എസ്. വീട്ടൂർ, അലക്സ് നെടുമുടി, ഫ്രാൻസിസ് നെറോണ, മധു ആലപ്പുഴ, ആലപ്പി ഋഷികേശ്, ഡോ. അമ്പലപ്പുഴ ഗോപകുമാർ എന്നിവർ സമീപം.*

# സമൂഹത്തിനു നന്മ പകരാൻ വ്യഗ്രതയുണ്ടാവണം: മാർ ജോസഫ് പെരുന്തോട്ടം



*പാലാ രൂപത 40-ാമത് ബൈബിൾ കൺവൻഷൻ ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: സമൂഹത്തിനു നന്മ പകരാൻ വ്യഗ്രത കാണിക്കുന്ന കുടുംബങ്ങളും ഇടവകസമൂഹവും കൂട്ടായ്മകളും വളർന്നുവരണമെന്ന് ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം. നാല്പതാമത് പാലാ രൂപത ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ചുബിഷപ്.

സഹോദരന്റെ വേദന സ്വന്തം വേദനയായി കാണാനുള്ള മനോഭാവം വളരണം. സ്വയമേ വിശുദ്ധീകരിക്കപ്പെട്ട് അതുവഴി കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടണം. ദൈവരാജ്യത്തിന്റെ ഏറ്റവും ചെറിയ പതിപ്പായ കുടുംബം വിശുദ്ധീകരിക്കപ്പെടുമ്പോഴാണ് സമൂഹവും വിശുദ്ധീകരിക്കപ്പെടുന്നത്. പീഡിപ്പിക്കപ്പെടുന്ന സഭയെ സ്വന്തമായിക്കണ്ട് സഭയ്ക്കുവേണ്ടി പ്രാർഥിക്കണം. വേദനിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ദൗത്യം ഈശോ ചെയ്തതുപോലെ അതിന് നമുക്കും കടമയുണ്ട്. പ്രാർഥനയെന്ന ആയുധം വിശ്വാസികൾ താഴെ വയ്ക്കരുതെന്നും ആർച്ചുബിഷപ് ആഹ്വാനം ചെയ്തു.

പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. സത്യം പറയാൻ സമൂഹം പലപ്പോഴും ഭയപ്പെടുന്നു. സാമൂഹികതിന്മകൾ വളരുന്നു. മദ്യവും മയക്കുമരുന്നും യുവതലമുറയെ ശല്യപ്പെടുത്തുന്നു. വിവിധ മേഖലകളിൽ വളർന്നുവരുന്ന തിന്മകളെ നേരിടാൻ വചനശ്രവണം ശക്തി പകരുമെന്ന് ബിഷപ് പറഞ്ഞു.

മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മോൺ. ജോസഫ് തടത്തിൽ, മോൺ. ജോസഫ് കണിയോടിക്കൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ.സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഫാ. ജെയിംസ് മംഗലത്ത്, ഫാ. മാത്യു പുല്ലുകാലായിൽ, സിസ്റ്റർ ആൻ ജോസ് എസ് എച്ച് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കൺവൻഷനിൽ റൂഹാ മൗണ്ട് മൊണാസ്ട്രി സുപ്പീരിയർ ഫാ. സേവ്യർഖാൻ വട്ടായിൽ വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നയിച്ചു. ഫാ. ബിനോയി കരിമരുതുങ്കൽ, ഫാ. നോബിൾ തോട്ടത്തിൽ തുടങ്ങിയവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

കൺവൻഷനിൽ നടന്ന വിശുദ്ധ കുർബാനയ്ക്ക് മാർ ജോസഫ് കല്ലറങ്ങാട്ട് മുഖ്യകാർമികത്വം വഹിച്ചു. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ, ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഫാ. ജെയിംസ് മംഗലത്ത്, ഫാ.തോമസ് പേഴുംകാട്ടിൽ തുടങ്ങിയവർ സഹകാർമ്മികരായി.

കൺവൻഷനിൽ ബൈബിൾ പ്രതിഷ്ഠയ്ക്ക് കത്തീഡ്രൽ വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ നേതൃത്വം നൽകി. ഫാ.ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ.മാത്യു വാഴചാരിക്കൽ, ഫാ.ആൽബർട്ട് വടയാറ്റ്കുഴി, സി. ആൻ ജോസ് എസ്.ച്ച്, സിസ്റ്റർ റോസ്മിൻ ചെരുവിൽപറമ്പിൽ എസ്.എച്ച്, സിസ്റ്റർ ലിസ പള്ളിവാതുക്കൽ എസ്.എച്ച്. ജോർജ്ജുകുട്ടി ഞാവള്ളിൽ, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ, സാബു കോഴിക്കോട്ട്, ബാബു തൊമ്മനാമറ്റം, ബിനു വാഴേപ്പറമ്പിൽ, ജോണി വേലംകുന്നേൽ, പോൾസൺ പൊരിയത്ത് തുടങ്ങിയവർ നേതൃത്വം നൽകി.




**ജനുവരി 1**
**പിറവിക്കാലം**
**രണ്ടാം ഞായർ**

**പുറ 2:1-10**
**ഏശ 49:1-6**
**2 തിമോ 2:16-26**
**ലൂക്കാ 2:21-35**



**ഡോ. ജോസഫ് കരികുളം**

# മറിയം നല്കിയ ദൈവത്തിന്റെ സമ്മാനം



**ന**മ്മുടെ ദൈവമായ കർത്താവ് മനുഷ്യരക്ഷയ്ക്കായി വിഭാവനം ചെയ്ത പദ്ധതിയിൽ, തന്റെ പുത്രനെ മനുഷ്യനായി ഈ ലോകത്തിലേക്ക് അയയ്ക്കുക എന്ന ഭാഗം മറിയത്തിൽനിന്ന് ഈശോ ജനിച്ചതിലൂടെ നിറവേറി. ദൈവത്തിന്റെ വാഗ്ദാനത്തിന്റെ ഈ നിറവേറലാണ് ക്രിസ്മസ്. എന്നാൽ, ദൈവം മനുഷ്യനായി പിറന്നതുകൊണ്ടു മാത്രം പൂർത്തിയാകുന്നതല്ല മനുഷ്യന്റെ രക്ഷ. മനുഷ്യൻ ദൈവത്തിൽനിന്നകന്നപ്പോൾ ദൈവം അനുഭവിച്ച വേദന മനുഷ്യന്റെ പശ്ചാത്താപത്തിൽ പ്രകടമായാലേ ദൈവവുമായുള്ള അവന്റെ അനുരഞ്ജനം പൂർത്തിയാക്കി, ദൈവമഹത്ത്വത്തിലേക്കു തിരികയെത്താൻ മനുഷ്യനു കഴിയൂ. ആ വേദനയുടെ അളവ് മനുഷ്യനു മനസ്സിലാക്കാനോ പരിഹരിക്കാനോ കഴിയുന്നതിന്റെ അപ്പുറമാണ്. അതിനാൽ, ദൈവംതന്നെ, തന്റെ പുത്രനെ മനുഷ്യനായി ലോകത്തിലേക്കയച്ച്, അവനിലൂടെ മനുഷ്യനു വേണ്ടി പരിഹാരം ചെയ്തു ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കുന്നു.

ക്രിസ്മസിനുശേഷം വരുന്ന ഞായറാഴ്ചകളിൽ, ഈശോയിൽ പൂർത്തിയാകുന്ന മനുഷ്യരക്ഷയുടെ അടുത്ത തലത്തിലേക്ക്, ഈശോയുടെ ദൈവരാജ്യപ്രഘോഷണത്തിലേക്കും കുരിശുമരണത്തിലേക്കും ഉത്ഥാനസന്തോഷത്തിലേക്കും സഭയുടെ ജനനത്തിലേക്കും ദൈവവചനം നമ്മെ നയിക്കുന്നു.

ഇസ്രായേൽജനത്തെ അടിമത്തത്തിൽനിന്നു രക്ഷിക്കാൻ ദൈവത്തിന്റെ ഉപകരണമായിത്തീർന്ന മോശയുടെ ജനനവും വളർച്ചയുമാണ് ഒന്നാം വായനയുടെ (പുറ. 2:1-10) ഉള്ളടക്കം. വലിയൊരു വംശഹത്യയുടെ വക്കിലായിരുന്നു ഇസ്രായേൽ ജനം. അടിമകളായി വന്നവരുടെ എണ്ണം വർധിച്ചു രാജ്യത്തിനു ഭീഷണിയായിത്തീരുമെന്ന് ഈജിപ്തുരാജാവ് കരുതി. അതുകൊണ്ട് അവരുടെ എണ്ണവും ശക്തിയും കുറയ്ക്കാൻ (പുറ. 1:9) ഇസ്രായേൽക്കാർക്കുണ്ടാകുന്ന ആൺകുട്ടികളെ വധിക്കാൻ ഹെബ്രായസ്ത്രീകൾക്കു പ്രസവശുശ്രൂഷ നൽകുന്ന സ്ത്രീകളോടു രാജാവുതന്നെ കല്പിച്ചു (പുറ. 1:15). എന്നാൽ, ദൈവഭയമുള്ളവരായതിനാൽ അവരതിനു തയ്യാറായില്ല (പുറ. 1:16). ഇസ്രായേൽജനത്തിന്റെ എണ്ണം നാൾക്കുനാൾ വർധിച്ചു വന്നു.

ഈ സാഹചര്യത്തിലാണ് മോശയുടെ ജനനം (പുറ. 2:2). കോമളനായ തന്റെ കുഞ്ഞിനും ജീവനു ഭീഷണിയുണ്ടെന്നു തിരിച്ചറിയുന്ന അവന്റെ അമ്മ, നല്ല മനുഷ്യരാരെങ്കിലും അവനെ വളർത്തട്ടെ എന്നു കരുതി കരുതലോടെ ഉപേക്ഷിച്ചെങ്കിലും, കൃത്യമായ ദൈവിക പദ്ധതിയിൽ അവൻ ഫറവോയുടെ പുത്രിയുടെ കൈകളിലെത്തുകയും, അവൾ അവനെ വളർത്താൻ അവന്റെ അമ്മയെത്തന്നെ ഏല്പിക്കുകയും ചെയ്യുന്നു. അവിശ്വസനീയമാണെന്നു തോന്നാമെങ്കിലും ദൈവത്തിന്റെ വലിയ പദ്ധതി നിറവേറ്റുന്നതിന് അവിടുന്ന് തന്റെ സൃഷ്ടികളായ മനുഷ്യരിലൂടെ എങ്ങനെയാണു പ്രവർത്തിക്കുന്നതെന്നു നാം മനസ്സിലാക്കുന്ന വി. ഗ്രന്ഥത്തിലെ ഒരുദാഹരണം മാത്രമാണിത്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോളും ദൈവത്തിന്റെ അനുഗ്രഹപ്രദമായ സാന്നിധ്യം നമ്മെ നടത്തിയ വഴികളെ ചേർത്തു വായിക്കാൻ ഇപ്രകാരമുള്ള വചനഭാഗങ്ങൾ നമ്മെ സഹായിക്കണം.

പാപത്തിന്റെ അടിമത്തത്തിൽനിന്ന് മനുഷ്യനെ രക്ഷിക്കാനായി വരുന്ന ഈശോമിശിഹായെയാണ്, '...എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയയ്ക്കും. അവന്റെ വാക്കാണ് നീ ശ്രവിക്കേണ്ടത്' (നിയമാ. 18:15), എന്ന മോശയുടെ വചനം സൂചിപ്പിക്കുന്നത്. അവന്റെയും ജനനം മോശയുടേതുപോലെ അസാധാരണത്വം നിറഞ്ഞതായിരുന്നല്ലോ.

കർത്താവിന്റെ ദാസന്റെ സ്വഭാവവും ലക്ഷ്യങ്ങളും വർണിക്കുന്നതാണ് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള രണ്ടാം വായന (ഏശ. 49:1-6). ഇസ്രായേലിനെ തന്റെ ദാസനായി ദൈവം അംഗീകരിക്കുന്നു. എന്നാൽ, ഇസ്രായേലിനെ യഥാർഥത്തിൽ തന്റെ പക്കൽ ഒരുമിച്ചുകൂട്ടാനായി ദൈവം നിയമിക്കുന്ന ദാസൻ വരാനിരിക്കുന്നു. "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിനു ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും" (49:6). കർത്താവിന്റെ യഥാർഥ ദാസന്റെ ശുശ്രൂഷ ഇസ്രായേലിൽ ഒതുങ്ങിനിൽക്കുന്നതല്ല. അത് ലോകത്തെ മുഴുവനായി ദൈവമഹത്ത്വത്തിലേക്ക് ഉൾച്ചേർക്കുക എന്നതാണ്. അതിനു നിയോഗിക്കപ്പെട്ടിരിക്കുന്നത് ഈശോമിശിഹായാണ്.

ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്നതും അവനെക്കുറിച്ചുള്ള പ്രാഥമികമായ സുവിശേഷപ്രവചനങ്ങളുമാണ് സുവിശേഷഭാഗത്തിന്റെ ഉള്ളടക്കം (ലൂക്കാ 2:21-35). നിയമമനുസരിച്ചുള്ള നിർദേശങ്ങൾ പാലിച്ച് ശിശുവിനെ യഹൂദനായിത്തന്നെ വളർത്താൻ അവന്റെ മാതാപിതാക്കൾ തീരുമാനിക്കുന്നു (2:21-24). അതിനായി അവനെ ദൈവാലയത്തിൽ സമർപ്പിക്കുന്നു. അവനെയും പ്രതീക്ഷിച്ച് ദൈവാലയത്തിൽത്തന്നെയായിരുന്ന ദൈവത്തിന്റെ ഹിതമറിയുന്ന ചിലരെ നാം കാണുന്നു. ശിമയോന്റെയും അന്നയുടെയും പ്രവചനങ്ങൾ മറിയത്തിനും യൗസേപ്പിനും ആശ്ചര്യജനകമായിരുന്നിരിക്കണം. മറിയവും യൗസേപ്പും, കുറച്ചു നാളത്തേക്കെങ്കിലും, തങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുമെന്നു വിചാരിച്ചിരുന്ന രഹസ്യം അവർക്കുംമുമ്പേ അറിയാവുന്നവർ ഉണ്ടായിരുന്നു.

ഇസ്രയേലിന്റെ രക്ഷകനായി വരാനിരിക്കുന്ന മിശിഹാതന്നെയാണ് തങ്ങൾക്കു ജനിച്ചിരിക്കുന്ന ഈശോയെന്ന് ഓരോ നിമിഷവും മറിയത്തിനും യൗസേപ്പിനും ബോധ്യപ്പെടുകയാണ്. ഗബ്രിയേലിന്റെ വാക്കുകളിലും ഈശോയുടെ ജനനത്തിലുണ്ടായ സംഭവവികാസങ്ങളിലുമെല്ലാം അവർ അനുഭവിക്കുന്ന ദൈവിക ഇടപെടലിനെ സാധൂകരിക്കുന്ന അനുഭവമാണ് ദൈവാലയത്തിലുമുണ്ടാകുന്നത്. രക്ഷകനെ കാത്തിരിക്കുന്ന ഇസ്രായേൽസമൂഹത്തിനു മറിയം നൽകുന്നത് ദൈവത്തിന്റെ ആ വലിയ സമ്മാനമാണ്.

അതിന് അവൾ കൊടുക്കേണ്ട വില ജീവന്റെ വിലയാണ്. തന്റെ ജീവന്റെ ഭാഗമായ പുത്രന്റെ മൃതമായ ശരീരത്തെ തന്റെ മടിയിൽ കിടത്തേണ്ടിവന്നപ്പോൾ അവൾ അനുഭവിച്ചത് ഹൃദയത്തിലൂടെ വാൾ തുളച്ചുകയറുമ്പോളുള്ള വേദനയാണ്, അഥവാ മരണവേദനയാണ്. അത് മനുഷ്യവംശത്തിനുവേണ്ടി മറിയം അനുഭവിക്കാനായി ദൈവം അനുവദിച്ചിരിക്കുന്നതാണ്. മനുഷ്യൻ അനുസരണക്കേടിനാൽ ദൈവത്തിൽനിന്നകലുമ്പോൾ അവിടുത്തേക്കുണ്ടാകുന്നതും വേദനയാണ്. തന്നിൽനിന്നകലുന്ന മനുഷ്യനെ നോക്കി നെടുവീർപ്പിടുന്ന ദൈവം! ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ മറിയം സഹകരിക്കുന്നത് ഹൃദയത്തിൽ തുളഞ്ഞുകയറുന്ന വാളിന്റെ നോവുമായാണ്. ആ നോവില്ലാതെ മനുഷ്യരക്ഷ പൂർത്തിയാക്കാനാവില്ല.

ഇന്നത്തെ ലേഖനഭാഗത്ത് പൗലോസ് സൂചിപ്പിക്കുന്നതാണ് ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാ മനുഷ്യരുടെയും പൊതുവായ സ്വഭാവം (ലേഖനം 2 തിമോ. 2:16-26). "കർത്താവിന്റെ ദാസൻ കലഹപ്രിയനായിരിക്കരുത്; എല്ലാവരോടും സൗമ്യതയുള്ളവനും യോഗ്യനായ അധ്യാപകനും ക്ഷമാശീലനും ആയിരിക്കണം" (2:24). മറിയത്തിന്റെയും യൗസേപ്പിന്റെയും ആട്ടിടയന്മാരുടെയും പൂജരാജാക്കന്മാരുടെയും ശിമയോന്റെയും അന്നയുടെയുമൊക്കെ സ്വഭാവത്തിലെ ഏറ്റവും വലിയ പ്രത്യേകതയും അതുതന്നെയല്ലേ? അവർക്കാർക്കും അതുകൊണ്ടു നന്മയല്ലാതെ തിന്മ ഉണ്ടാകുന്നില്ല എന്നു നാം കാണുന്നുണ്ട്. രക്ഷയുടെ വഴിയിൽ പ്രയാസങ്ങളും വേദനകളും തിരസ്കാരങ്ങളുമൊക്കെയാണെങ്കിലും ഇവരുടെയൊക്കെ പെരുമാറ്റങ്ങൾ നിരാശയുടേതോ സങ്കടത്തിന്റേതോ അല്ല. ഇല്ലായ്മയിലും വല്ലായ്മ അവർ കാണിക്കുന്നില്ല. കാരണം, ഉള്ളിൽ ജ്വലിക്കുന്ന സത്യപ്രകാശമായ ഈശോമിശിഹായുടെ വെളിച്ചത്തിൽ അവർ വഴിനടക്കുന്നു!

■

(ഒന്നാം പേജ് തുടർച്ച)

എൻ ഐ എ തനിക്കെതിരേ തെളിവുകൾ കൃത്രിമമായി സൃഷ്ടിക്കുകയാണെന്ന് ഫാ. സ്റ്റാൻ സ്വാമി അറസ്റ്റിലാവുന്നതിനു മുന്നേതന്നെ പറഞ്ഞിരുന്നു. 'കംപ്യൂട്ടറിൽനിന്നു കണ്ടെത്തിയതായി പറയുന്ന രേഖകൾ താൻ ഇതിനുമുമ്പു കണ്ടിട്ടില്ലെന്നും താൻ അവയൊന്നും കംപ്യൂട്ടറിൽ ശേഖരിച്ചിട്ടില്ലെന്നും കൃത്രിമമായി എൻഐഎ നിർമിച്ചെടുത്ത തെളിവുകളാണിതെല്ലാമെന്നുമാണ് മാധ്യമങ്ങൾക്കു നൽകിയ ഒരു വീഡിയോസന്ദേശത്തിൽ സ്റ്റാൻസ്വാമി പറഞ്ഞത്. ഇപ്പോൾ അതെല്ലാം സത്യമാണെന്നു തെളിഞ്ഞിരിക്കുകയാണ്.

മനുഷ്യാവകാശപ്രവർത്തകൻ സ്റ്റാൻ സ്വാമി ഉത്കൃഷ്ടനായ വ്യക്തിയായിരുന്നുവെന്ന് അദ്ദേഹത്തിന്റെ മരണശേഷം ബോംബെ ഹൈക്കോടതി പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോടു ബഹുമാനമുണ്ടായിരുന്നെന്നും കോടതി പറഞ്ഞു. എൽഗർ പരിഷദ് സമരത്തിന്റെ നേതൃനിരയിൽ ഫാ. സ്റ്റാൻസ്വാമിയുണ്ടായിരുന്നു. ഇതാണ് ഫാസിസത്തിന്റെ ഭരണകൂടങ്ങളെ തുടർച്ചയായി അസ്വസ്ഥപ്പെടുത്തിയത്. കുടിയൊഴിപ്പിക്കലിനെതിരായി നടന്ന ഉജ്ജ്വലപ്രക്ഷോഭത്തിലൂടെ നൂറുകണക്കിന് ആദിവാസികളുടെ ആവാസഭൂമിയാണ് അന്ന് സംരക്ഷിക്കപ്പെട്ടത്. കുടിയൊഴിപ്പിക്കലിന്റെ പേരിൽ ആദിവാസികൾക്കെതിരേ ജാർഖണ്ഡിലെ പൊലീസ് തുടർച്ചയായി നടത്തിയ അതിക്രമങ്ങൾക്കെതിരേ ഫാ. സ്റ്റാൻസ്വാമി ശബ്ദമുയർത്തി. മാവോയിസ്റ്റുകളെന്നു മുദ്രകുത്തി ജയിലിലടച്ച്, വിചാരണപോലുമില്ലാതെ വർഷങ്ങളായി തടവിൽ കഴിയുന്ന ആദിവാസി യുവാക്കളെ വിട്ടയയ്ക്കണമെന്ന ആവശ്യവുമായി മുൻനിരയിൽനിന്നുതന്നെ ഫാ. സ്റ്റാൻ സ്വാമി പോരാടി.

ജാർഖണ്ഡ് മുക്തി മോർച്ച - കോൺഗ്രസ് സഖ്യസർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഈ കേസുകൾ പിൻവലിച്ചിരുന്നുവെങ്കിലും ഭീമ കൊറേഗാവ് കേസിനെ മറയാക്കി വീണ്ടും ദേശീയ അന്വേഷണ ഏജൻസി രാജ്യദ്രോഹക്കുറ്റത്തിന് ഫാദറിനെ അറസ്റ്റ് ചെയ്യുകയായിരുന്നു. 2020 ഒക്ടോബർ എട്ടിനാണ് എൽഗാർ പരിഷദ് കേസിൽ സ്റ്റാൻ സ്വാമിയെ എൻഐഎ അറസ്റ്റു ചെയ്തത്.

2018 ൽ കാരവൻമാസികയ്ക്കു നൽകിയ അഭിമുഖത്തിൽ 'ചോദ്യങ്ങൾ ചോദിക്കുന്നവരെയെല്ലാം ദേശദ്രോഹികളാക്കി ഭരണകൂടം മുദ്രകുത്തുകയാണ്' എന്ന ശക്തമായ പ്രതികരണം സ്റ്റാൻ സ്വാമി നടത്തുകയുണ്ടായി. ഇത് ഭരണകൂടത്തെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തിയത്. പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ലാത്ത, ധീരമായി അഭിപ്രായങ്ങൾ പറയുന്ന, അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടി നിരന്തരം ശബ്ദമുയർത്തുകയും നിരന്തരം കലഹിക്കുകയും ചെയ്യുന്ന സ്റ്റാൻ സ്വാമി ഉൾപ്പടെയുള്ള രാജ്യത്തെ മനുഷ്യാവകാശപ്രവർത്തകരെ നിശ്ശബ്ദരാക്കാൻ കാത്തിരുന്നവർക്കു കിട്ടിയ സുവർണാവസരമായിരുന്നു ഭീമ കൊറേഗാവ് സംഭവം.

രാജ്യത്തെ മനുഷ്യാവകാശപ്പോരാട്ടങ്ങളുടെ ചരിത്രത്തിലെ ധീരനായ പോരാളിയായി ഫാ. സ്റ്റാൻ സ്വാമി രേഖപ്പെടുത്തപ്പെടുമെന്നതിൽ സംശയമില്ല. പക്ഷേ, അദ്ദേഹമുയർത്തിയ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നമുക്കു കഴിയുന്നില്ലെങ്കിൽ ഒരു ജനാധിപത്യരാജ്യത്താണ് നമ്മൾ ജീവിക്കുന്നതെന്നു പറയുവാനുള്ള അവകാശം നമുക്കു നഷ്ടപ്പെട്ടുപോയിരിക്കുന്നുവെന്ന് വേദനയോടെ നമ്മൾ തിരിച്ചറിയണം. ആ തിരിച്ചറിവാണ് ഫാ. സ്റ്റാൻ സ്വാമി ഉൾപ്പെടെയുള്ള മനുഷ്യാവകാശപ്പോരാളികൾ നമുക്കു നൽകുന്നത്. ഇന്ത്യ ഒരിക്കലും പഴയ ഇന്ത്യയല്ല എന്ന വേദനിപ്പിക്കുന്ന തിരിച്ചറിവുകൾ.

# ഭരണകൂടഭീകരതയുടെ ഇര

- മാവോവാദി ബന്ധം സംബന്ധിച്ച് സ്റ്റാൻ സ്വാമി സമർപ്പിച്ച ഹർജികളിൽ അദ്ദേഹത്തിന്റെ മരണത്തിനുശേഷം വാദം കേൾക്കവെയായിരുന്നു കോടതിയുടെ പരാമർശം.

**ആശയങ്ങളെ ഭയക്കുന്ന ഭരണകൂടം**

അർബൻ നക്സലൈറ്റുകളെന്നു ചാപ്പകുത്തി മനുഷ്യാവകാശപ്രവർത്തകരും ഗവേഷകരും പ്രൊഫസർമാരും അഭിഭാഷകരും ഉൾപ്പെടെ 16 ആക്ടിവിസ്റ്റുകളെയാണ് കേന്ദ്ര അന്വേഷണ ഏജൻസികൾ അറസ്റ്റു ചെയ്തത്. റോണാ വിൽസൺ, സുധാ ഭരദ്വാജ്, ഗൗതം നവ്‌ലഖ, ഫാ. സ്റ്റാൻ സ്വാമി, വെർണൻ ഗൊൺസാലസ്, ആനന്ദ് തെൽതുംഡെ, വരവര റാവു, അരുൺ ഫെരേര, സുരേന്ദ്ര ഗാഡ്‌ലിങ്, സുധീർ ധാവ്‌ലെ തുടങ്ങിയ മനുഷ്യാവകാശപ്രവർത്തകർ നരകതുല്യമായ യാതനകളാണ് ജയിലിൽ അനുഭവിച്ചത്. ജയിലിൽ കഴിയുന്നവർ രോഗബാധിതരും പ്രാഥമികകാര്യങ്ങൾ നിർവഹിക്കാനാകാത്തവിധം ക്ഷീണിതരുമാണെന്നും അന്യായമായി തടങ്കലിലിട്ടവരെ ഉടൻ മോചിപ്പിക്കണമെന്നും യുഎൻ മനുഷ്യാവകാശ വക്താവ് ഇന്ത്യയോട് ആവശ്യപ്പെടുകയുണ്ടായി. വാഷിങ്ടൺ പോസ്റ്റ് അടക്കമുള്ള പല അന്തർദേശീയമാധ്യമങ്ങളും ഈ വാർത്ത റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇപ്പോൾതന്നെ നാണംകെട്ട് തലകുനിച്ചുനിൽക്കുന്ന കേന്ദ്ര അന്വേഷണസംവിധാനങ്ങളുടെ വിശ്വാസ്യത തകർക്കുന്നതും അവയുടെ യജമാനദാസ്യം വെളിപ്പെടുത്തുന്നതുമാണ് നിരപരാധികളെ കുടുക്കുന്ന നിർമിതതെളിവുകൾ സംബന്ധിച്ച കണ്ടെത്തലുകൾ.

ഇരുന്നൂറിൽപ്പരം വർഷങ്ങൾക്കുമുമ്പു മറാത്താസാമ്രാജ്യ ഭരണകാലത്ത് സവർണജാതിക്കാർക്കെതിരേ ദളിതർ ഐതിഹാസികമായ വിജയം നേടിയ കൊറേഗാവ് യുദ്ധത്തിന്റെ വാർഷികം ആചരിച്ചതുമായി ബന്ധപ്പെട്ട് 2017 ഡിസംബറിൽ മഹാരാഷ്ട്രയിലെ പുനെയ്ക്ക് അടുത്തുള്ള ഭീമ കൊറേഗാവ് എന്ന സ്ഥലത്ത് ദലിതുകളും സവർണവിഭാഗക്കാരും തമ്മിൽ നടന്ന ഏറ്റുമുട്ടലിനുശേഷം ഇതിനെ മറയാക്കി ആസൂത്രിതമായ നരവേട്ടയാണ് രാജ്യത്തെ മനുഷ്യാവകാശപ്രവർത്തകർക്കുനേരേ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. എൻ ഐ എ ഉൾപ്പെടെയുള്ള വിവിധ കേന്ദ്രസർക്കാർ ഏജൻസികളെ ഉപയോഗിച്ചുകൊണ്ടു നടക്കുന്ന ഈ ക്രൂരമായ വേട്ടയുടെ അവസാനത്തെ രക്തസാക്ഷിയാണ് കസ്റ്റഡിയിൽ മരണപ്പെട്ട ഫാ. സ്റ്റാൻസ്വാമി എന്ന ഈശോസഭാവൈദികൻ. 'അർബൻ നക്സലുകൾ' എന്നു പേരിട്ട് സ്വാതന്ത്ര്യചിന്തയും പ്രതികരണങ്ങളും നടത്തുന്ന മനുഷ്യാവകാശപ്രവർത്തകരെ ഒന്നടങ്കം ഉന്മൂലനംചെയ്യാനുള്ള ആസൂത്രിതമായ തിരക്കഥയാണ് അണിയറയിൽ നടന്നത്. എതിർപ്പുകളുടെയും പ്രതിഷേധങ്ങളുടെയും മനുഷ്യാവകാശങ്ങളുടെയും ഒരു ശബ്ദംപോലും ഇവിടെ ഉണ്ടാകരുതെന്ന് ഉറപ്പാക്കുന്നതിനുള്ള നരവേട്ടയാണുണ്ടായത്.

രാജ്യമെമ്പാടും കൊടുംതീവ്രവാദികളെ വേട്ടയാടുന്ന രീതിയിൽ വ്യാപകമായ റെയ്ഡുകൾ നടത്തിയാണ് പുനെ പോലിസ് മനുഷ്യാവകാശപ്രവർത്തകരെ അറസ്റ്റുചെയ്തത്. മാവോയിസ്റ്റ് സംഘടനകളുമായി ഇവർക്കു ബന്ധമുണ്ടെന്നുവരെയുള്ള ഗുരുതരമായ ആരോപണങ്ങൾ കേസ് അന്വേഷിച്ച പുനെ പോലീസ് ഉയർത്തി. പ്രധാനമന്ത്രി നരേന്ദ്രമോദിയെ വധിക്കാനുള്ള ഗൂഢാലോചന ഇവർ നടത്തിയെന്നും മാവോയിസ്റ്റുസംഘടനകളുമായിച്ചേർന്ന് സർക്കാരിനെ അട്ടിമറിക്കാനും നിയമസംവിധാനം ഇല്ലാതാക്കാനും ഇവർ ശ്രമിച്ചുവെന്നുമടക്കമുള്ള ആരോപണങ്ങളാണ് ഇവർക്കെതിരേ ഉയർന്നത്. തുടർന്ന്, കൂടുതൽ മനുഷ്യാവകാശപ്രവർത്തകരെ കേസ്സിൽ കുടുക്കുകയാണുണ്ടായത്. ആസൂത്രിതമായ ഗൂഢാലോചനയുടെ ഭാഗമായി ഫാ. സ്റ്റാൻസ്വാമിയും ഈ പട്ടികയിൽ ഉൾപ്പെടുകയാണുണ്ടായത്.

**ഫാ. സ്റ്റാൻ സ്വാമി ധീരനായ പോരാളി**

1996 ൽ യുറേനിയം കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്കെതിരേ ജാർഖണ്ഡിലെ ആദിവാസികൾ നടത്തിയ

മനുഷ്യാവകാശപ്പോരാട്ടങ്ങളുടെ ഭാഗമായി 2010 ൽ ഫാ. സ്റ്റാൻ സ്വാമി എഴുതിയ 'ദ ട്രൂത്ത് ഓഫ് അണ്ടർ ട്രയൽസ്' എന്ന പുസ്തകം ജാർഖണ്ഡിൽ ആദിവാസികൾക്കെതിരേ നടക്കുന്ന കൊടിയ മനുഷ്യാവകാശലംഘനങ്ങളുടെ നിരവധി കഥകൾ പുറംലോകത്ത് എത്തിക്കുന്നതിന് സഹായകരമായിരുന്നു. അറസ്റ്റ് ചെയ്തതിൽ 98 ശതമാനം ആദിവാസിയുവാക്കൾക്കും മാവോയിസ്റ്റ് പ്രസ്ഥാനവുമായി ഒരു ബന്ധവുമില്ലെന്നും അദ്ദേഹം പുസ്തകത്തിൽ പറഞ്ഞിരുന്നു. ഇതോടെ ജാർഖണ്ഡിലെ ബി.ജെ.പി. സർക്കാരിന്റെ കണ്ണിലെ കരടായി മാറിയ സ്റ്റാൻ സ്വാമിയെ തകർക്കാനുള്ള ശ്രമങ്ങൾ ഭരണകൂടം ആരംഭിച്ചു. ഇതിന്റെ ഭാഗമായി അദ്ദേഹത്തിനെതിരേ രാജ്യദ്രോഹക്കുറ്റത്തിനു കേസെടുക്കുകയാണു ചെയ്തത്. പിന്നീട്

# അധ്യാപകരുടെ നിയമനത്തിന് തടസ്സവാദങ്ങൾ ഉന്നയിക്കരുത്: റോഷി അഗസ്റ്റിൻ



*പാലാ രൂപത കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയിലെ അധ്യാപക-അനധ്യാപക മഹാസംഗമത്തിന്റെ സമാപനസമ്മേളനം മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ജോസ് കെ. മാണി എം.പി., തോമസ് ചാഴികാടൻ എം.പി., ഫാ. ബെർക്കുമാൻസ് കുന്നുംപുറം, നിർമല ജിമ്മി, ആന്റോ ജോസ് പടിഞ്ഞാറേക്കര, മായാ രാഹുൽ, എം. സന്തോഷ്കുമാർ, ഫാ. ജോൺ കണ്ണന്താനം, ഫാ.ജോർജ് വരകുകാലാപറമ്പിൽ, ജോബി കുളത്തറ, ആമോദ് മാത്യു എന്നിവർ സമീപം.*

പാലാ: അധ്യാപകരുടെ നിയമനപ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണെന്നു മന്ത്രി റോഷി അഗസ്റ്റിൻ. പാലാ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച അധ്യാപക - അനധ്യാപക മഹാസംഗമത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി. അധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിൽ തടസ്സവാദങ്ങൾ ഉന്നയിക്കുന്നതു ശരിയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. അധ്യാപകർ തങ്ങളെത്തന്നെ വിദ്യാർഥികളോടു ചേർത്തുവയ്ക്കുമ്പോഴാണ് വിദ്യാഭ്യാസം പൂർണമാകുന്നതെന്നും കുട്ടികളിൽനിന്ന് അറിവു നേടുവാൻ അധ്യാപകർ തയാറാകണമെന്നും ബിഷപ് പറഞ്ഞു.

ജോസ് കെ. മാണി എം.പി. മുഖ്യപ്രഭാഷണം നടത്തി. തോമസ് ചാഴികാടൻ എം.പി. സമ്മാനദാനം നിർവഹിച്ചു. കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി, മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, വാർഡ് കൗൺസിലർ മായാ രാഹുൽ, റീജണൽ ഡെപ്യൂട്ടി ഡയറക്ടർ എം. സന്തോഷ്കുമാർ, കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ റെജിമോൻ കെ. മാത്യു എന്നിവർ പ്രസംഗിച്ചു.

രാവിലെ അധ്യാപക-അനധ്യാപക മഹാസംഗമത്തിന്റെ ഉദ്ഘാടനം മാണി സി. കാപ്പൻ എം.എൽ.എ നിർവഹിച്ചു. സാമൂഹികപുരോഗതിയുടെ ചാലകശക്തികളായി മാറാൻ അധ്യാപകർക്കു മാത്രമേ സാധിക്കുകയുള്ളൂവെന്ന് എംഎൽഎ പറഞ്ഞു. രൂപത വികാരി ജനറാൾ മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ടി.കെ. ജോസ് ക്ലാസെടുത്തു.

പാലാ നഗരസഭ പ്രതിപക്ഷനേതാവ് പ്രഫ. സതീഷ് ചൊള്ളാനി, അക്കാദമിക് കൗൺസിൽ സെക്രട്ടറി ഫാ. ജോൺ കണ്ണന്താനം, ടീച്ചേഴ്സ് ഗിൽഡ് ഡയറക്ടർ ഫാ. ജോർജ് വരകുകാലാപ്പറമ്പിൽ, ടീച്ചേഴ്സ് ഗിൽഡ് മധ്യമേഖലാ പ്രസിഡന്റ് ജോബി കുളത്തറ, പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

# അതിർത്തിമേഖലകൾ യുദ്ധഭീഷണിയിൽ



തോമസ് കുഴിഞ്ഞാലിൽ

അറുപതാണ്ടു മുമ്പ് ഇന്ത്യയുടെ നേർക്ക് ചൈന കാട്ടിയ അതിസാഹസം വീണ്ടും ആവർത്തിച്ചിരിക്കുന്നു. ആളും അർഥവും നഷ്ടപ്പെടുത്തിയ 1962 ലെ ഇന്ത്യ-ചൈന യുദ്ധം 32 ദിവസങ്ങൾക്കുശേഷം അവസാനിപ്പിക്കുമ്പോൾ വെറുതെയായില്ലെന്നു ശത്രുസൈന്യം ഉറപ്പാക്കിയിരുന്നു.

കിഴക്കൻ ലഡാക്കിലെ 38,000 ച. കിലോമീറ്റർ വിസ്തൃതിയിലുള്ള അക്സായ്ചിന്നും അരുണാചൽപ്രദേശിൽനിന്ന് 43,000 ച. കിലോമീറ്ററും കൈവശപ്പെടുത്തിയശേഷമായിരുന്നു ചൈനയുടെ ഏകപക്ഷീയമായ വെടിനിറുത്തൽ പ്രഖ്യാപനം.

1962 ഒക്ടോബർ 20 നു തുടങ്ങി നവംബർ 21-ാം തീയതി യുദ്ധത്തിനു വിരാമമിടുമ്പോൾ 'ഇന്ത്യാ-ചീനാ ഭായ് ഭായ്' എന്ന ശാന്തിമന്ത്രം ഉരുവിട്ട് ജവഹർലാൽ നെഹ്റുവും ചൗ എൻലായിയും ലോകദൃഷ്ടിയിൽ സമാധാനദൂതരുമായി.

എന്നാൽ, നാളുകൾക്കുശേഷം, നഷ്ടപ്പെട്ട ഭൂമിയുടെ കണക്കെടുമ്പോഴേക്കും എല്ലാം കൈമോശം വന്നുകഴിഞ്ഞിരുന്നു!

### തവാങ്ങിൽ സംഭവിച്ചത്

ഡിസംബർ മാസം 9-ാം തീയതി അരുണാചൽ അതിർത്തിയിലുള്ള തവാങ്ങിൽ നിയന്ത്രണരേഖയും മറികടന്ന് ചൈനീസ് സൈന്യം കടന്നുകയറിയ സംഭവത്തെക്കുറിച്ച് ആഭ്യന്തരമന്ത്രി അമിത്ഷാ മാധ്യമപ്രവർത്തകരോടു പറഞ്ഞതിങ്ങനെ: "നരേന്ദ്ര മോദി അധികാരത്തിൽ ഇരിക്കുന്നിടത്തോളംകാലം നമ്മുടെ രാജ്യത്തിന്റെ ഒരിഞ്ചുഭൂമിപോലും കവർന്നെടുക്കാൻ ആർക്കും സാധിക്കുകയില്ല. നമ്മുടെ ഭൂമിയിൽ കടന്നുകയറാൻ ബിജെപി സർക്കാർ ആരെയും അനുവദിക്കുകയുമില്ല."

തവാങ്ങിലെ ഏറ്റുമുട്ടലിനെക്കുറിച്ച് പാർലമെന്റിന്റെ ഇരുസഭകളിലും പ്രതിരോധമന്ത്രി രാജ്നാഥ്സിങ് നടത്തിയ പ്രസ്താവന ഇപ്രകാരമായിരുന്നു:

"അരുണാചൽപ്രദേശിലെ നിയന്ത്രണരേഖയ്ക്കടുത്തുള്ള തവാങ്ങിലൂടെ അതിക്രമിച്ചുകയറിയ ചൈനീസ് സൈന്യത്തെ നമ്മുടെ സൈനികർ ധീരമായി നേരിടുകയും പിന്തിരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്ന് ഒരാൾക്കുപോലും ഗുരുതരമായി പരിക്കേൽക്കുകയോ ജീവൻ നഷ്ടപ്പെടുകയോ ഉണ്ടായിട്ടില്ല. അതിർത്തിമേഖലകൾ ഇപ്പോഴും നമ്മുടെ നിയന്ത്രണത്തിലാണ്. ഏത് അടിയന്തരസാഹചര്യം നേരിടാനും നമ്മുടെ സൈന്യം സുസജ്ജവുമാണ്."

തവാങ്മേഖലയിൽ ചൈനീസ് സൈനികരുമായി ഏറ്റുമുട്ടലുണ്ടായതായി സൈനികവൃത്തങ്ങളും സ്ഥിരീകരിച്ചു. തവാങ്ങിലുള്ള യാങ്ട്സെ നദിക്കു സമീപം മുള്ളാണികൾ ഘടിപ്പിച്ച ദണ്ഡുകളും വലിയ വടികളുമായി പാഞ്ഞെത്തിയ ഇരുനൂറോളം ചൈനീസ് പട്ടാളക്കാരെ ഇന്ത്യൻ സൈനികർ തുരത്തിയോടിച്ചതായും സേനാവൃത്തങ്ങൾ വെളിപ്പെടുത്തി. നിസ്സാര പരിക്കുകളേറ്റ ഏതാനും സൈനികരെ ഹെലികോപ്ടറിൽ കയറ്റി ഗുവാഹത്തിയിലുള്ള സിസ്ത്തായി ആശുപത്രിയിലെത്തിക്കുകയും ചെയ്തു.

അതിർത്തിയിലെ സ്ഥിതിഗതികൾ ശാന്തമായെന്നാണ് സംഘർഷത്തിനുശേഷമുള്ള ആദ്യപ്രതികരണത്തിൽ ചൈനീസ് വിദേശകാര്യവക്താവ് വാങ് വെൽബിൻ പറഞ്ഞത്. സൈനികതലത്തിലും നയതന്ത്രതലത്തിലും ചർച്ചകൾക്ക് ആരംഭം കുറിച്ചതായും അദ്ദേഹം വ്യക്തമാക്കി. അതിർത്തിമേഖലയിലെ കമാൻഡർമാർ ഫ്ളാഗ് മീറ്റിങ്ങിലൂടെ സമാധാനശ്രമങ്ങൾക്കു തുടക്കമിട്ടതായും സൈനികവൃത്തങ്ങൾ അറിയിച്ചു.

### യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ

കിഴക്കൻ ലഡാക്കിലെ അക്സായ്ചിൻ, ഡെംചോക്, ഡെപ്സാങ്, പാങ്ങോങ് എന്നിവിടങ്ങളിൽ സംഘർഷാവസ്ഥയുണ്ടെങ്കിലും അരുണാചൽ അതിർത്തി താരതമ്യേന ശാന്തമായിരുന്നു. 1959 ലെ ചൈനയുടെ ടിബറ്റൻ അധിനിവേശക്കാലത്ത് ദലൈ ലാമയും അനുയായികളും ഇന്ത്യയിലേക്കു പലായനം ചെയ്തത് തവാങ്ങിനടുത്തുള്ള ബുംല ചുരംവഴിയാണ്. ബുംലയ്ക്കു ചുറ്റുമുള്ള ഉയർന്ന പ്രദേശങ്ങൾ മിക്കവയും ചൈനയുടെ ഭരണത്തിലിരിക്കുന്നതിനാൽ ഇന്ത്യൻഭൂപ്രദേശങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കാൻ അവർക്കു കഴിയും. ബുംലയ്ക്കപ്പുറവും തന്ത്രപ്രധാനമായ സിലിഗുരി ഇടനാഴിക്കടുത്തുള്ള ചുംബി താഴ്വരയിലും റോഡുകളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കി പുതിയ ഗ്രാമങ്ങൾതന്നെ ചൈന നിർമിച്ചുവരുന്നതായി ഉപഗ്രഹചിത്രങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ചിലയിടങ്ങളിൽ വലിയ ടൗൺഷിപ്പുകളുടെ നിർമാണവും പുരോഗമിക്കുന്നു. ടൗൺഷിപ്പുകളോടുചേർന്നുള്ള എയർ സ്ട്രിപ്പുകളിൽ യുദ്ധവിമാനങ്ങൾ തയ്യാറാക്കി നിറുത്തിയിട്ടുള്ളതായി രഹസ്യാന്വേഷണ ഏജൻസികളും പറയുന്നു. അരുണാചലിലേതടക്കമുള്ള നമ്മുടെ സൈനികതാവളങ്ങളിൽ റഫാൽ, സുഖോവ് തുടങ്ങിയ യുദ്ധവിമാനങ്ങൾ യുദ്ധസജ്ജമാണ്.

ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ അതിർത്തിയിലുള്ള ചുരുപിന് വടക്കുഭാഗത്തും ഏതാനും ജനവാസകേന്ദ്രങ്ങൾ ചൈന നിർമിച്ചുവരുന്നു. ചുരുപിൽനിന്ന് അധികം അകലെയല്ലാതെ പാർപ്പിടസമുച്ചയങ്ങളുടെ നിർമാണവും ധൃതഗതിയിൽ പുരോഗമിക്കുന്നതായി വിശ്വസനീയമായ റിപ്പോർട്ടുകളുണ്ട്. പീപ്പിൾസ് ലിബറേഷൻ ആർമിയുടെ (പി എൽ എ) വലിയ ഒരു സേനാവ്യൂഹം അരുണാചൽ അതിർത്തിയിൽനിന്ന് 150 കിലോമീറ്റർ അകലെയുള്ള സേനാംഗിൽ തമ്പടിച്ചിട്ടുണ്ടെന്നും രഹസ്യാന്വേഷണോദ്യോഗസ്ഥർ വെളിപ്പെടുത്തിയിട്ടുണ്ട്. ടിബറ്റിന്റെ തലസ്ഥാനമായിരുന്ന ലാസയിൽനിന്ന്



വടക്കുകിഴക്കൻ അതിർത്തിപ്രദേശങ്ങളിലേക്കെത്തുന്ന ഒരു റെയിൽപ്പാതയുടെ ഭാഗമായി ഏതാനും ടണലുകളുടെ നിർമാണവും ധൃതഗതിയിൽ നടക്കുന്നു. ചുരുക്കത്തിൽ, ലഡാക്കുമുതൽ അരുണാചൽവരെ ചൈനയുമായി നമ്മുടെ രാജ്യം അതിർത്തി പങ്കിടുന്ന 3,488 കിലോമീറ്ററിലുടനീളം (2,167 മൈൽ) സായുധരായ ചൈനീസ് പട്ടാളത്തിന്റെ സാന്നിധ്യം ഭയാശങ്കകളോടെയേ കാണാൻ കഴിയൂ. അതിർത്തിക്കപ്പുറത്തുള്ള ചൈനയുടെ നീക്കങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുന്നവർക്ക് ഒരു മുഴുനീളയുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ അവർ നടത്തിക്കഴിഞ്ഞുവെന്നു മനസ്സിലാക്കാവുന്നതേയുള്ളൂ. ഇനിയുമൊരേറ്റുമുട്ടലുണ്ടായാൽ 1962 ലേതിനെക്കാൾ വലിയ ആൾനാശമായിരിക്കും സംഭവിക്കുകയെന്നു പ്രവചിക്കുന്ന രാഷ്ട്രീയനിരീക്ഷകരുണ്ട്. അന്നത്തെ യുദ്ധത്തിൽ 1,383 ഇന്ത്യൻ സൈനികരുടെ ജീവൻ പൊലിയുകയും 1,047 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു. കാണാതായ 1,696 പേരെക്കുറിച്ച് ഇപ്പോഴും യാതൊരു വിവരവും ഇല്ല. ചൈനയുടെ ഭാഗത്ത് 722 സൈനികർ മരിക്കുകയും 1,400 പേർക്കു ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

നിയന്ത്രണരേഖയുടെ തൽസ്ഥിതി ഏകപക്ഷീയമായി മാറ്റിയെടുക്കാനുള്ള ഗൂഢതന്ത്രമായി തവാങ്ങിലെ ചൈനയുടെ നീക്കങ്ങളെ കാണുന്നവരുണ്ട്. തവാങ്ങിനടുത്തുള്ള താങ്ല എന്ന ഭാഗം വരെയെത്തുന്ന വീതിയേറിയ ഒരു പുതിയ റോഡിന്റെ ചിത്രവും ഉപഗ്രഹങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ശരാശരി 17,000 അടി ഉയരമുള്ള മഞ്ഞുമൂടിക്കിടക്കുന്ന ജനവാസമില്ലാത്ത മലനിരകളാണ് തവാങ്ങിലുള്ളത്. 1962 ലെ യുദ്ധത്തിൽ കൈവശപ്പെടുത്തിയ ഡെംചോക്കിലൂടെ നിർമിച്ച തെക്കുപടിഞ്ഞാറൻ ഹൈവേക്കു സമാനമായി ബംഗാൾ ഉൾക്കടലിലേക്കുള്ള ഒരു പാത ചൈനീസ് ഭരണാധികാരികളുടെ മനസ്സിലുണ്ടാകാം. നന്നേ വീതികുറഞ്ഞ സിലിഗുരി ഇടനാഴി മുറിച്ചുകടന്ന് ബംഗ്ലാദേശിലെത്തിയാൽ വലിയ രണ്ടു നേട്ടങ്ങളുണ്ടാക്കാം. ഒന്ന്, 'ഏഴു സഹോദരികൾ' എന്നറിയപ്പെടുന്ന വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽപ്രദേശ്, ആസാം, മേഘാലയ, നാഗാലാന്റ്, മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവയെ ഇന്ത്യൻ ഉപദ്വീപിൽനിന്നു വേർപെടുത്താനാകും. രണ്ട്, ടിബറ്റൻ പീഠഭൂമിയിലൂടെ ഒഴുകിയെത്തുന്ന ജലസമൃദ്ധമായ ബ്രഹ്മപുത്രയെ മുഴുവൻ സ്വന്തം കൈപ്പിടിയിലൊതുക്കാനാകും. 1971 ലെ യുദ്ധത്തിൽ പാക്കിസ്ഥാൻ കൈവശപ്പെടുത്തിയ ജമ്മുകാഷ്മീരിലെ 86,268 ച. കിലോമീറ്റർ വിസ്തൃതിയിലുള്ള 'പാക്കിസ്ഥാൻ അധിനിവേശകഷ്മീർ' മുറിച്ചുകടന്ന് പാക്കിസ്ഥാനിലൂടെ അറബിക്കടലിലെത്തുന്ന 'ചൈന-പാക്കിസ്ഥാൻ സാമ്പത്തിക ഇടനാഴി'യുടെ നിർമാണം അന്തിമഘട്ടത്തിലെത്തിയെന്ന വാർത്തയും ഇതോടൊപ്പം ചേർത്തുവായിക്കാം.

ഇതിനിടെ, പ്രതിരോധസേനയുടെ നീക്കം എളുപ്പമാകുംവിധം രാജ്യാതിർത്തിയോടു ചേർന്ന് 1,748 കിലോമീറ്റർ ദൈർഘ്യംവരുന്ന രണ്ടുവരി ദേശീയപാത നിർമിക്കാൻ ഇന്ത്യ തീരുമാനിച്ചു. എൻ എച്ച് 913 എന്നു നാമകരണം ചെയ്ത ഈ പാത സമീപകാലത്തു പ്രഖ്യാപിച്ച ഏറ്റവും ദൈർഘ്യമേറിയതാണ്. ശത്രുസൈന്യത്തിന്റെ നീക്കങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കാൻ അതിർത്തിയോട് 20 കിലോമീറ്റർ അടുത്തുവരെയെത്തുന്ന ഈ ദേശീയപാത ഉപകരിക്കും. ആകെദൂരത്തിൽ 800 കിലോമീറ്ററും പുതുതായി നിർമിക്കേണ്ടിവരുമെന്നു കണക്കാക്കിയിരിക്കുന്ന ഈ ബൃഹത്പദ്ധതി 2027 ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. അതിർത്തിയോട് ഏറ്റവും അടുത്തുകിടക്കുന്ന ബോംഡിലയിൽ തുടങ്ങി നഫ്ര, സൂരി, മോണിഗ്രോങ്, ജുഡോ, പെൽഗ്വന്റി എന്നിവിടങ്ങളിലൂടെ മ്യാൻമർ അതിർത്തിയിലെ വിജയ്നഗറിലെത്തും.

ചൈനയും പാക്കിസ്ഥാനുമായിത്തുടരുന്ന അതിർത്തിപ്രശ്നങ്ങൾ രാഷ്ട്രീയപരമായും സൈനികമായും രാജ്യത്തിനു വലിയ വെല്ലുവിളിയാണ്. ചൈനയിൽ അപ്രതിരോധ്യനായി വാഴുന്ന ഷി ജിൻപിങ്ങുമായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അകൽച്ച പ്രശ്നപരിഹാരത്തിന് ഉപകരിക്കുകയില്ല. ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ ചേർന്ന ഷാങ്ഹായ് ഉച്ചകോടിയിലും ഇന്തോനേഷ്യയിലെ ബാലിയിൽ സംഘടിപ്പിച്ച ജി 20 സമ്മേളനത്തിലും നേരിൽ കണ്ടപ്പോൾ പഴയ സൗഹൃദം പങ്കുവച്ചതല്ലാതെ ചർച്ചകളിലേക്കു കടന്നില്ല. ഉഭയകക്ഷിചർച്ചകളിലൂടെയല്ലാതെ അതിർത്തിപ്രശ്നങ്ങൾ പരിഹരിക്കാനാകില്ലെന്ന തിരിച്ചറിവിലേക്കു വരാതെ യുദ്ധസന്നാഹമൊരുക്കി സംഘർഷത്തിന്റെ പാത സ്വീകരിക്കുന്നത് ശുഭസൂചകമല്ല. സമാധാനത്തിന്റെ പാത സ്വീകരിക്കാനും പരസ്പരബഹുമാനത്തോടെ ചർച്ചകൾക്കു തയ്യാറാകാനും ഇരുനേതാക്കളും മനസുവച്ചെങ്കിൽ മാത്രമേ വലിയൊരു യുദ്ധത്തിൽനിന്നു രക്ഷപ്പെടാൻ കഴിയൂ. 2020 ജൂണിൽ ഗൽവാൻ താഴ്വരയിൽ നടന്ന കയ്യാങ്കളിയിൽപ്പോലും 20 ജവാന്മാരുടെ വിലപ്പെട്ട ജീവനുകളാണു നഷ്ടമായതെന്നോർമിക്കണം. ആണവായുധങ്ങൾ കൈവശമുള്ള രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ ഒരു യുദ്ധമുണ്ടായാലുള്ള പ്രത്യാഘാതം പ്രവചനാതീതവുമായിരിക്കും. അതിർത്തിമേഖലകളിൽ യുദ്ധസമാനമായ സാഹചര്യം സൃഷ്ടിക്കുന്ന ചൈനയുടെ നീക്കങ്ങൾ നമ്മുടെ രാജ്യത്തിന്റെ സൈനികശേഷി എത്രയെന്നറിയാനുള്ള തന്ത്രങ്ങളിലൊന്നാണെന്നു നിരീക്ഷിക്കുന്നവരുമുണ്ട്.

■

# വെളിച്ചം തളിർക്കുന്ന കാലം



ഡോ. പോൾ മണലിൽ

രണ്ടായിരം വർഷംമുമ്പ് ക്രിസ്തുവിന്റെ പിറവിയുടെ സന്ദേശം ലോകം ശ്രവിച്ചത്, 'ഭയപ്പെടേണ്ടാ' എന്ന വാക്കോടെയായിരുന്നു. ക്രിസ്തുവിന്റെ പിറവിയെപ്പറ്റി ആട്ടിടയന്മാരെ അറിയിക്കാൻ വന്ന കർത്താവിന്റെ ദൂതൻ ആദ്യം പറഞ്ഞത് ഈ വാക്കായിരുന്നു. ബൈബിളിലെ പുതിയനിയമത്തിൽ ലൂക്കോസിന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ ഈ കാര്യം വിവരിക്കുന്നുണ്ട്. ക്രിസ്തു പിറന്ന സദ്വാർത്ത അറിയിക്കാൻ ദൂതൻ വന്നപ്പോൾ കർത്താവിന്റെ തേജസ്സ് അവരെ ചുറ്റിമിന്നി. പാവം ആട്ടിടയന്മാർ ഇതു കണ്ടിട്ട് ഭയപരവശരായതു ദർശിച്ചപ്പോഴാണ് അവരോട് 'ഭയപ്പെടേണ്ടാ' എന്നു പറഞ്ഞത്. അതിനുശേഷമായിരുന്നു, 'സർവജനത്തിനും ഉണ്ടാകാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു, കർത്താവായ ക്രിസ്തുതന്നെ രക്ഷിതാവ്. ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' എന്നു ദൂതൻ പ്രസ്താവിച്ചത്.

കർത്താവിന്റെ തേജസ്സ് തങ്ങളെ ചുറ്റിമിന്നിയതുകൊണ്ടു മാത്രമല്ല ആട്ടിയന്മാർ അന്നു ഭയചകിതരായത്. രണ്ടായിരം വർഷംമുമ്പ് പാലസ്റ്റീൻജനത അതീവദുരിതത്തിലായിരുന്നു. റോമാസാമ്രാജ്യത്തിന്റെ കീഴിൽ ആ ജനത സംതൃപ്തരായിരുന്നില്ല. മതനേതൃത്വത്തിന്റെയും ഭൂപ്രഭുക്കന്മാരുടെയും കീഴിൽ പാവപ്പെട്ട ജനങ്ങൾ അനീതിയും അശാന്തിയും അനുഭവിച്ചുവരികയായിരുന്നു.

ഇപ്രകാരം അനീതിയും അശാന്തിയും നിലനിന്നിരുന്ന ഒരു ജനതയുടെ ഇടയിലേക്കാണ് ക്രിസ്തു പിറന്ന വാർത്തയുമായി ദൂതൻ പ്രത്യക്ഷപ്പെട്ടത്. ഒരു രക്ഷകനുവേണ്ടി ആ ജനത അന്നു കാത്തിരിക്കുകയായിരുന്നു. അധികാരവർഗത്തെ ഭയത്തോടെയും ഭീതിയോടെയും കണ്ടിരുന്ന ആ ജനത ശാന്തിയും സമാധാനവും കാംക്ഷിച്ചവരായിരുന്നു. അനീതിയിൽനിന്നും അരാജകത്വത്തിൽനിന്നും സംഘർഷങ്ങളിൽനിന്നും മോചനം നേടാൻ അവർ മോഹിച്ചിരുന്നു. ഇപ്രകാരമുള്ള ഒരു ലോകത്താണ് രണ്ടായിരം വർഷംമുമ്പ് ക്രിസ്തു പിറന്നത്. 'ഭയപ്പെടേണ്ടാ' എന്ന ആമുഖവാക്കോടെയാണ് യേശുദേവൻ പിറന്ന വാർത്ത അന്നു ശ്രവിച്ചതെങ്കിൽ ഇന്നു ക്രിസ്മസ് ആഘോഷിക്കുന്ന വേളയിലും തിരുപ്പിറവിയുടെ മുഖ്യസന്ദേശം ആരും 'ഭയപ്പെടേണ്ടാ' എന്നു തന്നെയാണ്. രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ലോകജനത ഇന്നും ഭയത്തിന്റെയും മരണത്തിന്റെയും പ്രതിസന്ധികളുടെയും സംഘർഷങ്ങളുടെയും കരാളഹസ്തങ്ങളിൽത്തന്നെയാണ്. യുദ്ധങ്ങൾ, കലാപങ്ങൾ, വർഗീയസംഘർഷങ്ങൾ, മതസംഘർഷങ്ങൾ, ദാരിദ്ര്യം, തൊഴിലില്ലായ്മ, ചൂഷണം, അഴിമതി, ഭരണാധികാരികളുടെ ധാർഷ്ട്യം എന്നിങ്ങനെ സാധാരണജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും സംഘർഷങ്ങളും വർധിച്ചുവരികയാണിന്ന്. ജനങ്ങളെല്ലാം ഭയപ്പെട്ടാണിന്നു ജീവിക്കുന്നത്.



ജനങ്ങളുടെ ഇത്തരം ഭയാശങ്കകളെല്ലാം അകറ്റുന്ന വിശ്വാസത്തിന്റെ ആഘോഷമാണ് ക്രിസ്മസ്. ക്രിസ്തുവിന്റെ പിറവി ലോകത്തിനു വിമോചനത്തിന്റെയും പ്രത്യാശയുടെയും സമാധാനത്തിന്റെയും സദ്വാർത്ത ആയിരുന്നതിനാൽ നമ്മുടെ ഭയങ്ങളെല്ലാം ഈ ആഘോഷത്തിൽ അസ്തമിക്കുകയാണ്. മനുഷ്യന്റെ പ്രതീക്ഷകൾക്കു വീണ്ടും ജീവൻ വയ്ക്കുകയാണ്. നമുക്ക് ഇനിയും ഭയപ്പെടാതെ ജീവിക്കേണ്ടതുണ്ട്, ഭയപ്പെടാതെ പ്രവർത്തിക്കേണ്ടതുണ്ട്, ഭയപ്പെടാതെ ചിന്തിക്കേണ്ടതുണ്ട്.

ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ച മഹാസംഭവമാണ് ക്രിസ്മസ്. ദൈവം ലോകത്തെ സ്നേഹിച്ചതിനാൽ തന്റെ ഏകജാതനായ പുത്രനെ ലോകത്തിനു നൽകി എന്നതിലൊരു വേദശാസ്ത്രമുണ്ട്. ദൈവത്തിനു മനുഷ്യനോടുള്ള അദമ്യമായ സ്നേഹത്തിന്റെ സൂചനയാണിത്. മനുഷ്യന്റെ കന്മഷങ്ങൾ കഴുകിവെടിപ്പാക്കാൻ ദൈവപുത്രൻ ഭൂമിയിൽ അവതരിക്കുകയായിരുന്നു. ക്രിസ്മസിന്റെ പ്രസക്തി എന്താണെന്നു ചോദിച്ചാൽ വിമോചകനും രക്ഷകനും ഭൂമിയിൽ പിറന്നു എന്നുള്ളതാണ്. ഇക്കാലത്തും ചൂഷിതരും മർദിതരുമായ നമ്മൾ വിമോചകനെയും രക്ഷകനെയും കാത്തിരിക്കുകയാണ്. ക്രിസ്മസ് ആ പ്രതീക്ഷയാണ് ഉണർത്തുന്നത്.

യേശുക്രിസ്തുവിന്റെ പിറവി 'ഒരു മഹാസന്തോഷം' പകരുന്ന വർത്തമാനമായതിനാൽ ആ സംഭവത്തെ ഒരു സദ്വാർത്തയായിട്ടാണ് ലോകം വീക്ഷിക്കുന്നത്. ലോകത്ത് സദ്വാർത്ത കേൾക്കാൻ ആഗ്രഹിക്കുന്ന എത്രയോ മനുഷ്യരാണുള്ളത്! ബേത്‌ലഹേമിൽ ഉണ്ണിയേശുവിനു പിറക്കാൻ ഒരു ഇടമില്ലായിരുന്നു. കാലിത്തൊഴുത്തായിരുന്നു അഭയമായത്. ഭക്ഷണവും വസ്ത്രവും അവിടെ ഉണ്ടായിരുന്നില്ല. രണ്ടായിരം വർഷം കഴിഞ്ഞിട്ടും ലോകത്ത് അതേ അവസ്ഥയാണ്. ക്രിസ്മസ് നമുക്കു നൽകുന്ന പ്രതീക്ഷ, നീതിയും സ്നേഹവും സമത്വവും സ്വാതന്ത്ര്യവും പുലരുന്ന ഒരു പുത്തൻ പിറവിയുടേതാണ്. അത്തരമൊരു പ്രതീക്ഷയില്ലെങ്കിൽ, യുദ്ധങ്ങൾ അവസാനിക്കുമെന്നും കലഹങ്ങൾ ശമിക്കുമെന്നും അക്രമങ്ങൾ ഇല്ലാതാകുമെന്നും ചൂഷണവും അഴിമതിയും ഇല്ലാതാകുമെന്നും നമുക്കു സ്വപ്നം കാണാൻ പോലും കഴിയില്ലല്ലോ. യേശുക്രിസ്തുവിനു പിറക്കാൻ സത്രത്തിൽ ഇടം നിഷേധിച്ച ഉടമയുടെ കഥ ഇത്തരുണത്തിൽ ഓർക്കേണ്ടതുണ്ട്. യേശുക്രിസ്തു നമ്മുടെ മനസ്സിലാണ് ക്രിസ്മസ് കാലത്തു പിറക്കേണ്ടത്. നമ്മുടെ മനസ്സുകൾ അതിനായി തുറക്കാനുള്ള മുഹൂർത്തമാണ് ക്രിസ്മസ്.

ക്രിസ്മസ് നമുക്കിന്ന് ആഘോഷത്തിന്റെയും വർണശബളിമതയുടെയും സന്ദർഭമാണ്; ക്രിസ്മസ് കാലം കച്ചവടത്തിന്റെ കെട്ടുകാഴ്ചകൾക്കുള്ള കാലമായി മാറിയിരിക്കുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ നമ്മൾ ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. ഈ ആഘോഷത്തെ ഒരു ആരാധനയാക്കി മാറ്റാൻ കഴിയുമോ? അതിനെ ഒരു ആത്മീയാനുഭവമായി മാറ്റാൻ കഴിയുമോ? ഈശ്വരസന്നിധിയിൽ അനുതാപവും മനുഷ്യന്റെ മുമ്പിൽ കാരുണ്യവും കാണിക്കാൻ നമുക്ക് ഈ സന്ദർഭത്തിൽ കഴിയുമോ?

ക്രിസ്മസിനെ ആരാധനയാക്കി മാറ്റുമ്പോൾ അതു നമ്മെ അനുതാപത്തിലേക്കു നയിക്കും. ക്രിസ്മസ് വിചാരം അതിനാൽ നമ്മെ അനുതാപത്തിലേക്കു നയിക്കുന്ന സന്ദർഭമാണ്. മനുഷ്യന്റെ ക്രൂരതകൾ, കാഠിന്യങ്ങൾ എന്നിവയ്ക്കു ഇന്നു കൈയും കണക്കുമില്ല. നിർമനുഷ്യത്വം ഏറിവരുന്നു. മനുഷ്യൻ മാനസാന്തരപ്പെടേണ്ടതുണ്ട്. നമുക്കു മനുഷ്യനെ സ്നേഹിച്ചു തുടങ്ങാനുള്ള മുഹൂർത്തമാണ് ക്രിസ്മസ്. ഈശ്വരസന്നിധിയിൽ അനുതപിക്കുമ്പോൾ അതു നമ്മെ അനുകമ്പയുള്ളവരാക്കും. അനുതാപവും അനുകമ്പയും മനുഷ്യന്റെ ആത്മീയബോധത്തിന് ഉൽക്കർഷയുണ്ടാക്കുന്നു. അതിനാൽ, ക്രിസ്മസ് നമ്മുടെ മനസ്സിൽ ഒരു നിശ്ശബ്ദവിപ്ലവത്തിന്റെ കാലമാണ്. നിർമനുഷ്യൻ മനുഷ്യനായി രൂപാന്തരപ്പെടുന്ന കാലം. അതുകൊണ്ട് ക്രിസ്മസ് നമ്മോട് ആവശ്യപ്പെടുന്നത് ഇന്നു കാണുന്ന ആരവങ്ങളും ആഘോഷങ്ങളുമല്ല, നിശ്ശബ്ദതയാണ്. ജോസഫിന്റെ നിശ്ശബ്ദത നമുക്കൊരു മാതൃകയാണ്. പുതിയനിയമത്തിൽ ഒരിടത്തും ജോസഫ് സംസാരിക്കുന്നില്ല. ജോസഫ് എന്നും നിശ്ശബ്ദനാണ്. ദൈവത്തിന്റെ ശബ്ദം ശരിയായി ഗ്രഹിക്കാൻ നിശ്ശബ്ദത ആവശ്യമാണ്. തന്റെ അസ്തിത്വത്തെ ചോദ്യം ചെയ്ത കാലമായിരുന്നു ക്രിസ്മസ് ജോസഫിന്. ദൈവനിയോഗത്തെ ജോസഫ് പൂർണമനസ്സോടെ സ്വീകരിച്ചു. 'ക്രിസ്തുസംഭവം' ലോകത്തിനു പ്രദാനം ചെയ്യാൻ ജോസഫിന്റെ നിശ്ശബ്ദത വഴിയൊരുക്കി. മനുഷ്യന്റെ ശരികളല്ല, ദൈവത്തിന്റെ ശരികളാണ് സ്വീകാര്യമെന്നു തെളിയിച്ചതു ജോസഫിന്റെ നിശ്ശബ്ദതയാണ്. ക്രിസ്മസ് കാലം നമ്മെ ഓർമിപ്പിക്കുന്നതു ദൈവത്തിന്റെ ശരികൾ ചെയ്യാൻ നമ്മൾ നിശ്ശബ്ദരാകേണ്ടതുണ്ട് എന്നാണ്.

മനുഷ്യജീവന്റെയും ജീവിതത്തിന്റെയും സമൃദ്ധിയെ തകർക്കുന്ന യുദ്ധവും കലഹവും അശാന്തിയും നിറഞ്ഞുനിൽക്കുന്ന ഇക്കാലത്ത് ക്രിസ്മസ് വിചാരങ്ങൾ എല്ലാ ഇരുട്ടും തുടച്ചുനീക്കുന്ന അനുഭവംതന്നെയാണ്. ഇരുൾ നിറഞ്ഞ ജീവിതപരിസരങ്ങളിൽ നമുക്കു പ്രകാശം പരത്തേണ്ടതുണ്ട്. ഭയത്തിന്റെയും ഭീതിയുടെയും ആവരണങ്ങൾ വലിച്ചെറിയേണ്ടതുണ്ട്.

വെളിച്ചം തളിർക്കുന്ന കാലമാണ് ക്രിസ്മസ്. യേശുക്രിസ്തുവിന്റെ പിറവിയെപ്പറ്റി യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നത്, "ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം" എന്നാണ്. ജീവിതത്തിന്റെ ആഘോഷങ്ങൾക്ക് അർഥം പകരാനും ഇരുൾനിറഞ്ഞ ജീവിതത്തിനു നിറംപകരാനും ജീവിതത്തെ വെളിച്ചത്തിന്റെ ഉത്സവമാക്കി മാറ്റാനും യേശുക്രിസ്തുവിന്റെ വെളിച്ചം മനുഷ്യന്റെ മനസ്സിൽ പ്രകാശിക്കേണ്ടതുണ്ട്. അതിനൊരു ഇടം നൽകാൻ മനുഷ്യനു കഴിയുമെങ്കിൽ യേശുക്രിസ്തു നമ്മുടെ മനസ്സിൽ ജനിക്കും. ക്രിസ്മസ് ഓർമ അതിനുള്ള സന്ദർഭമാണ്. പുതിയനിയമത്തിലെ ലൂക്കോസിന്റെ സുവിശേഷത്തിൽ തിരുപ്പിറവിയുടെ നിർമലമുഹൂർത്തത്തെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു. നമ്മുടെ കാലുകളെ സമാധാനമാർഗത്തിൽ നടത്തേണ്ടതിന് ആ ആർദ്രകരുണയാൽ ഉയരത്തിൽനിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" എന്നാണ്. ലോകത്തെ സ്നേഹംകൊണ്ടു നിറയ്ക്കാനും മനുഷ്യന്റെ മനസ്സിൽ വെളിച്ചം തെളിക്കാനും 'ഉയരത്തിൽനിന്നുള്ള ഉദയം' അനുഭവവേദ്യമാക്കുന്ന ഒരു കാലത്തിന്റെ ഓർമയാണ് ക്രിസ്മസ് എന്നു നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ■

---

**കവിത** **ഏലിക്കുട്ടി മാണി തടത്തിൽ**

## മന്ദിരം



പൊന്നിൻപ്രശോഭയിൽ മിന്നിത്തിളങ്ങുന്ന
തൈത്തെങ്ങിൻപ്പൂങ്കുലപ്പൂക്കളൊന്നായ്
ചേർത്തുമെനഞ്ഞിടാം മന്ദിരം പൊന്നുണ്ണി-
ക്കണ്ണിന്നഴകുമമൃതവുമാം
വെള്ളപ്പട്ടാലേ നൽ മേക്കട്ടി തീർത്തിടാം
ദീപങ്ങൾ തൂക്കിയലങ്കരിക്കാം
വർണപ്പകിട്ടാർന്ന തൂക്കുവിളക്കുകൾ
കോൾമയിർക്കൊള്ളിക്കുമാദ്യകാഴ്ചേൽ
മേക്കട്ടി പുണ്യപ്രശോഭിതമാക്കിടാം
വർണപ്പൂമാലകൾ കോർത്തൊരുക്കാം
താരകക്കൂട്ടങ്ങൾ ആഭയാർന്നാകാശേ
ദിവ്യനാമുണ്ണിയെയുറ്റുനോക്കി
രാക്കിളിക്കൂട്ടങ്ങൾ ദൈവസുതനവൻ
ജന്മം വിളിച്ചോതിയാരവത്താൽ
ദേവവൃന്ദങ്ങളോ മോദമോടാദരാ-
ലാനന്ദഗീതികൾ പാടി വിണ്ണിൽ
ആട്ടിടയരോടി വാർത്തയറിഞ്ഞപ്പോൾ
മന്ദിരം ദർശിക്കെ സ്തംഭിച്ചുപോയ്
ദൈവത്തിന്നത്യുന്നതങ്ങളിൽ സ്തോത്രങ്ങൾ
സന്മനസ്സുള്ളോർക്കു ശാന്തി ഭൂവിൽ
പൗരസ്ത്യദേശത്തെ രാജാക്കൾ മൂന്നുപേ-
രെത്തിസമർപ്പിച്ചു നൽക്കാഴ്ചകൾ
കുമ്പിട്ടാരാധിച്ചു പൊന്നുണ്ണിയീശനെ
പൊൽപ്രഭ തൂകിത്തിരിച്ചുപോയി.
യൗസേപ്പും മേരിയും പൊൻപൈതൽപ്പൂമുഖം
കൺകുളിർക്കെക്കണ്ടു സംതൃപ്തരായ്.

നോവൽ 10 ഇഗ്നേഷ്യസ് കലയന്താനി



# മഴനിലാവ്

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ ടീച്ചറായി ജോലികിട്ടി. ട്രെയിനിൽ അഭിഷേക് എന്ന യുവാവിനെ അവൾ പരിചയപ്പെട്ടു. സ്കൂൾമാനേജരുടെ മകനാണ് അഭിഷേക് എന്നു പിന്നീടറിഞ്ഞു. അവർ നല്ല സുഹൃത്തുക്കളായി. അഭിഷേകും ഇന്ദുവും തമ്മിൽ പ്രേമമാണെന്ന് സ്കൂളിലെ ഒരു ടീച്ചർ മാനേജരെ പറഞ്ഞു വിശ്വസിപ്പിച്ചു. ഇന്ദുവിനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. അക്കാര്യം വീട്ടിലറിയിക്കാതെ അവൾ തിരുവല്ലയിൽ വൃദ്ധദമ്പതികൾമാത്രം താമസിക്കുന്ന ഒരു വീട്ടിൽ വീട്ടുജോലിക്കു നിന്നു. ഗൃഹനാഥയായ ത്രേസ്യാ അവളെക്കൊണ്ടു പിടിപ്പതു പണി ചെയ്യിപ്പിച്ചു. (തുടർന്നു വായിക്കുക)*

പ്രഭാതത്തിന്റെ ആദ്യവെട്ടം ജനാലച്ചില്ലിലൂടെ മുറിയിലേക്ക് അരിച്ചിറങ്ങിയതും ഇന്ദുലേഖ കണ്ണുതുറന്നു. നേരം പുലർന്നിട്ട് ഒരുപാട് നേരമായോ? തിടുക്കത്തിൽ എണീറ്റവൾ മൊബൈൽ എടുത്തു സമയം നോക്കി. മണി ആറര. ദൈവമേ, ത്രേസ്യാത്തള്ളയുടെ ശകാരം ഉറപ്പ്.

മുടി ഒതുക്കിക്കെട്ടിവച്ച് വാതിൽ തുറന്ന് അവൾ നേരേ അടുക്കളയിലേക്ക് ഓടി. ത്രേസ്യാമ്മ അടുക്കളയിൽ പാലു ചൂടാക്കുകയായിരുന്നു.

"പള്ളിയുറക്കം കഴിഞ്ഞ് ഇപ്പഴാണോ എഴുന്നെള്ളുന്നത്. സമയം എന്തായീന്ന് നീ ആ ക്ലോക്കിലേക്കൊന്നു നോക്കിക്കേ. വേലക്കാരിയെ വച്ചിരിക്കുന്നതു കാണാനല്ല. എനിക്കു വല്ലതും ഉണ്ടാക്കിത്തരാനാ."

ഇന്ദുവിന്റെ നേരേ തുറിച്ചു നോക്കിയിട്ട് ത്രേസ്യാ തുടർന്നു: "ഒറ്റയെണ്ണത്തിനെ വീട്ടിൽ നിറുത്താൻ കൊള്ളുകേല."

''അമ്മച്ചി പൊയ്ക്കോ... ഞാൻ ചായ എടുത്തോണ്ടു വരാം."

"നീ ചായ എടുത്താ വായിൽ വച്ചു കുടിക്കാൻ കൊള്ളുമോ? പോയി ദോശ ഉണ്ടാക്കാൻ നോക്ക് പെണ്ണേ."

ത്രേസ്യാമ്മ ചായയുണ്ടാക്കി രണ്ടു കപ്പിൽ പകർന്നുകൊണ്ട് കിടപ്പുമുറിയിലേക്കു പോയി. ഇന്ദു വന്നുനോക്കിയപ്പോൾ തുള്ളിപോലും ബാക്കിയുണ്ടായിരുന്നില്ല. അവൾക്കു സങ്കടം വന്നു. വെള്ളം തിളപ്പിച്ച് അവൾ കട്ടൻചായ ഉണ്ടാക്കിക്കഴിച്ചു. പിന്നീട് ദോശ ചുടാനുള്ള ഒരുക്കങ്ങളായി. ദോശ ചുട്ടുകഴിഞ്ഞ് ചമ്മന്തിയുണ്ടാക്കി. ത്രേസ്യാ ഇടയ്ക്കിടെ വന്ന് ഓരോ നിർദേശങ്ങൾ കൊടുത്തുകൊണ്ടിരുന്നു. ഒന്നു തീരുമ്പോൾ മറ്റൊന്ന് എന്ന ക്രമത്തിൽ വിശ്രമം കൊടുക്കാതെ പണി ചെയ്യിപ്പിച്ചുകൊണ്ടിരുന്നു. പറഞ്ഞതെല്ലാം മടി കൂടാതെ ചെയ്തു.

ഒൻപതു മണിയായപ്പോഴേക്കും ദോശയും ചട്ണിയും റെഡി. പ്രഭാതഭക്ഷണം ഡൈനിങ് ടേബിളിൽ നിരത്തിയിട്ട് അവൾ ത്രേസ്യായെ വിളിച്ചു. കൈ കഴുകിയിട്ട് ത്രേസ്യായും ചാണ്ടിക്കുഞ്ഞും ടേബിളിനരികിൽ വന്നിരുന്നു. ഇന്ദു ഗ്ലാസിലേക്ക് ചായ പകരുകയായിരുന്നു.

ദോശ വച്ചിരുന്ന പാത്രത്തിന്റെ അടപ്പു തുറന്ന് ചാണ്ടിക്കുഞ്ഞ് ഒരു ദോശയെടുത്ത് പ്ലേറ്റിലേക്കിട്ടു. മീതെ ചട്ണി ഒഴിച്ചു ദോശ അതിൽ മുക്കി കഴിച്ചു.

"കൊള്ളാം. ദോശയും ചമ്മന്തിയും ഉഗ്രൻ."

പറഞ്ഞുകഴിഞ്ഞപ്പോഴാണ് അബദ്ധമായല്ലോന്ന് ചാണ്ടിക്കുഞ്ഞ് ഓർത്തത്. ഒളികണ്ണിട്ട് ഭാര്യയെ നോക്കി. ഭർത്താവിനെ രൂക്ഷമായി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു ത്രേസ്യാ.

"ഇതാണോ കേമപ്പെട്ട ദോശ. ഇതിന് എന്നാ രുചിയുണ്ടെന്നാ നിങ്ങള് പറയുന്നത്. അല്ലെങ്കിലും വേലക്കാരി ഒണ്ടാക്കുന്നതിന് രുചി കൂടുതലു കാണുമല്ലോ." ദോശ ചട്ണിയിൽ മുക്കി കഴിച്ചുകൊണ്ട് ത്രേസ്യാ പറഞ്ഞു.

ചാണ്ടിക്കുഞ്ഞ് പിന്നൊന്നും മിണ്ടിയില്ല. ബ്രേക്ക് ഫാസ്റ്റ് കഴിച്ചിട്ട് രണ്ടുപേരും എണീറ്റ് മുറിയിലേക്കു പോയി. ഇന്ദു പാത്രങ്ങൾ കഴുകിവച്ചിട്ട് ഉച്ചയ്ക്കത്തേക്കുള്ള ചോറും കറികളും ഉണ്ടാക്കുന്ന തിരക്കിലായി. ഇടയ്ക്ക് ത്രേസ്യാ വന്നു പറഞ്ഞു:

"ഫ്രിഡ്ജിൽ മീനിരിപ്പുണ്ട്. എടുത്തു വെട്ടി വൃത്തിയാക്കി വച്ചിട്ട് എന്നെ വിളിക്ക് കേട്ടോ." അതു പറഞ്ഞിട്ട് മറുപടിക്കു കാത്തുനിൽക്കാതെ അവർ പോയി.

ഇന്ദു ഫ്രിഡ്ജ് തുറന്നു നോക്കി. ഫ്രീസറിൽ തണുത്തു മരവിച്ച് വിറകുകൊള്ളിപോലെ മീനിരിപ്പുണ്ട്. പുറത്തെടുത്ത് കുറെ നേരം വെള്ളത്തിലിട്ടു. തണുപ്പു മാറിയപ്പോൾ എടുത്തു ചെതുമ്പലുകൾ കളഞ്ഞ് വൃത്തിയാക്കാൻ തുടങ്ങി. ദുഷിച്ച ഗന്ധം അനുഭവപ്പെട്ടപ്പോൾ ഛർദിക്കാൻ വന്നു. ശ്വാസമടക്കിപ്പിടിച്ചിരുന്ന് എല്ലാം ക്ലീൻ ചെയ്തു കഷണങ്ങളാക്കി പാത്രത്തിലിട്ടു.

ഇന്ദുവിന്റെ വിളി കേട്ടതും ത്രേസ്യാ വന്ന് മീൻ എങ്ങനെയാണു കറിവയ്ക്കേണ്ടതെന്ന് അവളെ കാണിച്ചുകൊടുത്തു. ഉച്ചയ്ക്ക് മീൻകറികൂട്ടി ചോറുണ്ണുമ്പോൾ ത്രേസ്യാ ഇന്ദുവിനോടു പറഞ്ഞു:

"ഇത്തിരി മീൻകറിയെടുത്ത് നീയും കൂട്ടിക്കോ. നല്ല ടേസ്റ്റാ. ഒരു പ്രാവശ്യം കഴിച്ചുകഴിയുമ്പം എല്ലാ ദിവസവും കഴിക്കണമെന്നു തോന്നും. കൂട്ടിനോക്ക്."

"വേണ്ടമ്മേ."

പച്ചക്കറിമാത്രം കൂട്ടിയാണ് അവൾ ചോറുണ്ടത്. ഉച്ചകഴിഞ്ഞു മുറികളെല്ലാം തുടച്ചു വൃത്തിയാക്കി. തുണികളെല്ലാം കഴുകി ഉണങ്ങാനിട്ടു. വിശ്രമില്ലാതെ പിടിപ്പതു പണി ഏല്പിച്ചു ത്രേസ്യാ അവളെ. അഞ്ചുമണിയായപ്പോഴേക്കും വല്ലാതെ ക്ഷീണിച്ചിരുന്നു. ഇത്തിരിനേരം തല ചായ്ക്കാൻ പറ്റിയിരുന്നെങ്കിൽ എന്നവൾ ആശിച്ചു.

ത്രേസ്യായും ചാണ്ടിക്കുഞ്ഞും സ്വീകരണമുറിയിൽ ടി.വി. കണ്ടിരിക്കുകയാണ്. ആ സമയം ഡോർബെൽ ശബ്ദിച്ചു. വാതിൽ തുറന്നപ്പോൾ അടുത്ത വീട്ടിലെ സാറാ കുര്യൻ. ത്രേസ്യായുടെ കൂട്ടുകാരിയാണ്. റിട്ടയേർഡ് പ്രഫസറാണ് സാറാ കുര്യൻ. അറുപതിനു മുകളിൽ.

"രണ്ടുപേരും ടി.വി. കണ്ടിരിക്ക്യാ?"

സാറാ അകത്തേക്കു കയറിയിട്ട് തുടർന്നു: "വീട്ടുജോലിക്ക് ആളെ കിട്ടീതുകൊണ്ട് ഫ്രീയായി അല്ലേ?"

"എന്തോന്നു ഫ്രീ. എന്റെ കണ്ണു ചെന്നില്ലെങ്കിൽ ഒന്നും നേരേചൊവ്വേ ചെയ്യില്ല അവള്. വായ്ക്ക് രുചിയായി ഒന്നും ഒണ്ടാക്കാനറിഞ്ഞൂടാ."

"എവിടെ ആള്? ഞാനൊന്നു കാണട്ടെ."

സാറാ അടുക്കളയിലേക്കു നടന്നു. വീട്ടിലെ ദുരിതങ്ങൾ ഓർത്ത് വിഷാദമൂകയായി അടുക്കളയിലെ സ്റ്റൂളിലിരിക്കുകയായിരുന്നു ഇന്ദു. സാറായും ത്രേസ്യായും വന്നതവൾ കണ്ടില്ല.

"ഒന്നുകിൽ സ്വപ്നം കണ്ടിരിക്കും. അല്ലെങ്കിൽ കിടന്നുറങ്ങും. ഒരു പണീം ചെയ്യുകേല എന്റെ സാറേ." ത്രേസ്യാ അങ്ങനെ പറഞ്ഞതും ഇന്ദു ഞെട്ടിയെണീറ്റു ഭവ്യതയോടെ നിന്നു. കൂടെ വന്ന ആളിനെക്കണ്ട് അവൾ നടുങ്ങി. തന്നെ ഡിഗ്രിക്ക് ഇംഗ്ലീഷ് പഠിപ്പിച്ച അധ്യാപിക.

"നിന്നെ എവിടെയോ കണ്ടു പരിചയം ഉള്ളപോലെ തോന്നുന്നല്ലോ. എവിടാ വീട്?"

ഇന്ദു സ്ഥലപ്പേരു പറഞ്ഞു.

"സെന്റ് ജോൺസ് കോളജിൽ പഠിച്ചിട്ടുണ്ടോ?"

"ഇല്ല." അവൾ കള്ളം പറഞ്ഞു.

ഇന്ദുവിന്റെ വീടിനെപ്പറ്റിയും കുടുംബാംഗങ്ങളെപ്പറ്റിയും വിശദമായി സാറ ചോദിച്ചറിഞ്ഞു. സാറാ പോയിക്കഴിഞ്ഞപ്പോഴാണ് ശ്വാസം നേരേ വീണത്. ഭാഗ്യം. റ്റീച്ചർ തന്നെ തിരിച്ചറിഞ്ഞില്ലല്ലോ.

* * *

ഞായറാഴ്ച.

രാവിലെ ചാണ്ടിക്കുഞ്ഞും ത്രേസ്യാമ്മയും പള്ളിയിൽ പോയിരിക്കുകയായിരുന്നു. ആ സമയം ഇന്ദു മൊബൈലിൽ അശ്വതിറ്റീച്ചറെ വിളിച്ചു.

"ഞാനിപ്പം റ്റീച്ചറിന്റെ കാര്യം ഓർത്തേയുള്ളു. സുഖാണോ? വീട്ടിലറിഞ്ഞോ കാര്യങ്ങളൊക്കെ?" അശ്വതി ആരാഞ്ഞു.

"വീട്ടിൽ പറഞ്ഞിട്ടില്ല റ്റീച്ചർ. ഞാനിപ്പം ഒരു വീട്ടിൽ ജോലിക്കു നിൽക്കുവാ." ഇന്ദു എല്ലാം വിശദമായി പറഞ്ഞു.

"ദൈവമേ, അങ്ങനെയൊരു ഗതികേടു വന്നോ റ്റീച്ചറിന്. കഷ്ടം തന്നെ."

"ജീവിക്കാൻ എന്തെങ്കിലും ഒരു ജോലി വേണ്ടേ റ്റീച്ചർ. സ്കൂളിലെന്തുണ്ട് വിശേഷം?"

"ഇന്ദുവിന്റെ പോസ്റ്റിൽ വേറൊരു റ്റീച്ചറെ വച്ചു. ഒരു സൗമ്യ. ആനന്ദൻസാറിന് അവളെ വലിയ ഇഷ്ടമാ. മണിയടിച്ചു സുഖിപ്പിച്ചു നിറുത്താനറിയാം അവൾക്ക്."

ഇന്ദുവിന്റെ നെഞ്ചൊന്നു പിടഞ്ഞു. പ്രതീക്ഷയുടെ അവസാനത്തെ നാളവും അണഞ്ഞിരിക്കുന്നു. ആനന്ദൻസാറിന് മാനസാന്തരം വന്ന് തിരിച്ചുവിളിക്കുമെന്ന് ചിലപ്പോഴെങ്കിലും പ്രതീക്ഷിച്ചിരുന്നു.

''വാങ്ങിച്ച പണം ആനന്ദൻസാറ് തിരിച്ചുതന്നോ?'' അശ്വതി ചോദിച്ചു.

"ഇല്ല."

"ഇനി അതു തിരിച്ചു വാങ്ങിക്കരുതോ? ഇന്ദുവിനെ ഇനി തിരിച്ചു വിളിക്കുമെന്ന പ്രതീക്ഷ വേണ്ട."

"പ്രതീക്ഷ തീർന്നു റ്റീച്ചർ. മനസ്സ് സ്വസ്ഥമായിട്ട് ഞാനൊരു ദിവസം അങ്ങോട്ടു വരുന്നുണ്ട്."

കുറെനേരം വിശേഷങ്ങൾ പങ്കുവച്ചിട്ട് ഇന്ദു ഫോൺ കട്ട് ചെയ്തു.

പള്ളിയിലെ ചടങ്ങുകൾ കഴിഞ്ഞ് ചാണ്ടിക്കുഞ്ഞും ത്രേസ്യായും സാറാകുര്യന്റെ മകന്റെ കാറിലാണ് വീട്ടിലേക്കു മടങ്ങിയത്. സാറായുടെ വീട്ടുപടിക്കൽ അവർ ഇറങ്ങി. ഗേറ്റിനരികിൽ സാറാ കാത്തുനിൽപ്പുണ്ടായിരുന്നു. കണ്ടപാടേ സാറാ പറഞ്ഞു:

"നിങ്ങടെ വേലക്കാരി അത്ര ശുദ്ധഗതിക്കാരിയല്ല കേട്ടോ.'

"ഉം?" ത്രേസ്യാ ഉത്കണ്ഠയോടെ നോക്കി.



"നിങ്ങളു പള്ളീൽ പോയ നേരത്ത് മുറ്റത്തിറങ്ങി അവളാർക്കോ ഫോൺ ചെയ്യുകയായിരുന്നു. മതിലിനപ്പുറത്ത് ചെടി നനച്ചുകൊണ്ട് ഞാൻ നിൽപ്പുണ്ടായിരുന്നു. അവളതു കണ്ടില്ല. സംസാരത്തീന്ന് എനിക്കു മനസ്സിലായി അവള് വീട്ടിൽ പറഞ്ഞിട്ടു പോന്നതല്ലാന്ന്. എന്തോ ചുറ്റിക്കളിയുണ്ട്. വല്ല തട്ടിപ്പോ വെട്ടിപ്പോ നടത്തീട്ട് ഒളിച്ചുവന്നു താമസിക്കുവാണോന്ന് ആർക്കറിയാം? ഒന്നന്വേഷിക്കുന്നതു നല്ലതാ. ഇല്ലെങ്കിൽ ചെലപ്പം പോലീസ് സ്റ്റേഷനിൽ കേറേണ്ടിവരും." ത്രേസ്യാ അന്തംവിട്ടു നിന്നുപോയി.

*(തുടരും)*

# റബർകർഷകർ ചതിക്കുഴിയിൽ ?

(ഒന്നാം പേജ് തുടർച്ച)

ഇന്ത്യയിലെ പല പ്രമുഖ ടയർ കമ്പനികളും മിക്ക ആസിയാൻ രാജ്യങ്ങളിലും റബർ പ്ലാന്റേഷൻ മേഖലയിൽ നിക്ഷേപമിറക്കിയിട്ടുണ്ട്. ടയർ കമ്പനികൾ മാത്രമല്ല, സ്വകാര്യകമ്പനികളും ഈ രാജ്യങ്ങളിലെ റബറുത്പാദനമേഖലയിലിൽ സജീവമാണ്. ഐവറി കോസ്റ്റ് തുടങ്ങി ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ഇന്ത്യയിലെ വ്യവസായികളുടെ റബർകൃഷി വ്യാപിച്ചിരിക്കുന്നു. റബർകൃഷിയെ കേരളത്തിന്റെ മാത്രം ചുരുങ്ങിയ ലോകത്തിരുന്നു കാണാതെ ആഗോളതലത്തിൽ വിലയിരുത്താൻ ഇനിയെങ്കിലും നമുക്കാകണം.

### റബർകൃഷി വ്യവസായികളിലേക്ക്

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കു മാത്രമല്ല, ഗുജറാത്തിലേക്കും എന്തിനേറെ, പശ്ചിമബംഗാളിലേക്കും പോലും റബർകൃഷി ഇപ്പോൾ വ്യാപിക്കുകയാണ്. ഇതിനായുള്ള റബർബോർഡ് പദ്ധതിയാണ് ദേശീയ റബർമിഷൻ. വ്യവസായികളുടെ നേരിട്ടുള്ള നിയന്ത്രണവും സാമ്പത്തികസഹായവും റബർകൃഷി വ്യാപനത്തിനു പിന്നിലുണ്ട്. നോർത്ത് ഈസ്റ്റ് മിഷൻ ഓഫ് ടയർ ഇൻഡസ്ട്രി ഫോർ റബർ ഓഗ്മെന്റേഷൻ എന്ന പദ്ധതിയിലൂടെ കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ റബർബോർഡുമായി ചേർന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കൃഷിവ്യാപനപദ്ധതിയിൽ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചേഴ്സ് അസോസിയേഷൻ എന്ന വ്യവസായികളുടെ സംഘടന കോടികളാണു മുടക്കുന്നത്. വ്യവസായികൾ റബർകൃഷിയിലേക്കിറങ്ങി തങ്ങൾക്കുവേണ്ട അസംസ്കൃതറബർ കൃഷിചെയ്തെടുക്കുന്ന പ്രക്രിയ റബറിന്റെ ആഭ്യന്തരവിപണിയിൽ സൃഷ്ടിക്കാൻ പോകുന്ന വിലത്തകർച്ച വലുതായിരിക്കും.

### കേരളമേൽക്കോയ്മ തകരും

രാജ്യത്തെ റബറുത്പാദനത്തിന്റെ 95 ശതമാനവും കേരളത്തിലായിരുന്ന കാലമുണ്ടായിരുന്നു. ഇപ്പോഴത് 78 ശതമാനത്തോളമെത്തിയിരിക്കുന്നു. വരുംനാളുകളിൽ ഈ ശതമാനം വൻതോതിൽ പിറകോട്ടടിക്കും. വടക്കുകിഴക്കൻ റബർകൃഷിവ്യാപനത്തിന്റെ കണക്കുകൾ ആ രീതിയിലേക്കാണു വിരൽ ചൂണ്ടുന്നത്. പ്രത്യേകിച്ച് വടക്കുകിഴക്കൻ സംസ്ഥാനസർക്കാരുകൾ റബർകൃഷിക്കായി വൻ പ്രോത്സാഹനപദ്ധതികൾ നടപ്പാക്കുമ്പോൾ കർഷകർക്കും ഉത്സാഹമേറും. ആസാം, മേഘാലയ, നാഗാലാന്റ്, മണിപ്പൂർ, മിസോറാം, അരുണാചൽപ്രദേശ്, പശ്ചിമബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലായി 2021 ൽ 3858 ഹെക്ടർ സ്ഥലത്താണ് റബർകൃഷി വ്യാപിപ്പിച്ചതെങ്കിൽ 2022-ൽ ഇത് 23082 ഹെക്ടറിലേക്കു കുതിച്ചു. അഞ്ചുവർഷംകൊണ്ട് 2 ലക്ഷം ഹെക്ടർ റബർകൃഷിവ്യാപനം എന്ന ലക്ഷ്യത്തിലേക്കു മേൽ സംസ്ഥാനങ്ങൾ എത്തിച്ചേരുമെന്ന് അനുമാനിക്കാം. 2021-22 ൽ 5,000 ഹെക്ടർ, 2022-23 ൽ



25,000 ഹെക്ടർ, 2023-24 ൽ 50,000 ഹെക്ടർ, 2024-25 ൽ 60,000 ഹെക്ടർ, 2025-26 ൽ 60,000 ഹെക്ടർ എന്നാണ് നിലവിൽ ലക്ഷ്യമിടുന്നത്. സാധാരണഗതിയിൽ ഉത്പാദനം 2027-28 മുതൽ വർദ്ധിക്കും. 2030 ഓടെ റബർകൃഷിയിലെ കേരളത്തിന്റെ മേൽക്കോയ്മ തകരുമെന്നർഥം. റബർബോർഡ് ലക്ഷ്യംവയ്ക്കുന്ന രണ്ടുലക്ഷം ഹെക്ടറിൽ ത്രിപുരയിൽ 30,000 ഹെക്ടറിലും ആസാമിൽ 1 ലക്ഷം ഹെക്ടറിലും റബർകൃഷി വ്യാപനമുണ്ടാകും. വ്യവസായികളും കേന്ദ്ര സംസ്ഥാനസർക്കാരുകളും ഒരുമിച്ചുചേർന്ന് ഈ സംസ്ഥാനങ്ങളിൽ നടത്തുന്ന റബർ കൃഷി പ്രോത്സാഹനങ്ങൾ കണ്ട് കേരളസർക്കാർ കണ്ണു തുറന്നില്ലെങ്കിൽ കേരളം നേരിടാനിരിക്കുന്നത് സമാനതകളില്ലാത്ത കാർഷികപ്രതിസന്ധിയായിരിക്കും. റബർകർഷകനെ സംരക്ഷിക്കാതെ കൈവിട്ടുള്ള സംസ്ഥാനസർക്കാരിന്റെ ഒളിച്ചോട്ടം വൻ വിലയിടിവിലൂടെ വീണ്ടും കർഷകനെ തളർത്തും.

### ചിരട്ടപ്പാലിൽ താൽക്കാലികാശ്വാസം

ചിരട്ടപ്പാൽ ഇറക്കുമതിക്കായി വ്യവസായികൾ കാലങ്ങളായി തുടരുന്ന നീക്കങ്ങൾക്കെതിരേ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നൽകിയിരിക്കുന്ന ചുവപ്പുകാർഡ് റബർകർഷകർക്ക് താൽക്കാലിക ആശ്വാസമാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലമായി വ്യവസായികൾ ചിരട്ടപ്പാൽ ഇറക്കുമതിക്കുള്ള ശ്രമം തുടരുന്നു. ചിരട്ടപ്പാലിന് ഗ്രേഡ് നിശ്ചയിച്ചുകിട്ടിയാൽ ഇറക്കുമതി കസറും. മുമ്പ് റബർബോർഡു തന്നെയാണ് ഇത്തരം ഒരു നീക്കത്തിനു ചുക്കാൻ പിടിച്ചതെന്നു പറയപ്പെടുന്നു. ഇപ്പോൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ റബർകൃഷിവ്യാപനം ശക്തമാക്കുമ്പോൾ ചിരട്ടപ്പാൽ ഇറക്കുമതി പ്രശ്നം സൃഷ്ടിക്കുമെന്ന ദീർഘവീക്ഷണവും റബർബോർഡിനുണ്ടായിരിക്കാം. ചിരട്ടപ്പാൽ സംഭരിച്ചുവയ്ക്കുന്നത് ഗുണകരമല്ലെന്നും കീടങ്ങൾ വർദ്ധിച്ച് ആരോഗ്യത്തിനു ദോഷമുണ്ടാക്കുമെന്നും ഗവേഷണകേന്ദ്രം നൽകിയ റിപ്പോർട്ടാണ് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിനും പിടിവള്ളിയായതും കർഷകർക്കു ചിരട്ടപ്പാൽ ഇറക്കുമതിയിൽനിന്ന് താൽക്കാലിക രക്ഷ നൽകുന്നതും. ചിരട്ടപ്പാലിനു ഗ്രേഡ് നിശ്ചയിക്കാൻ സാധ്യമല്ലെന്നുള്ള ഗവേഷണ റിപ്പോർട്ട് കാലാന്തരത്തിൽ അട്ടിമറിക്കാനുള്ള സാധ്യതയും തള്ളിക്കളയണ്ട.

### കൃഷിയോടൊപ്പം കാർബൺ ഫണ്ടും

വനവത്കരണത്തിന്റെയും വനാവരണത്തിന്റെയും സാമ്പത്തികനേട്ടങ്ങൾ രാജ്യാന്തര കാർബൺഫണ്ടിന്റെ രൂപത്തിൽ കാലങ്ങളായി തട്ടിയെടുക്കുന്നത് വനംമന്ത്രാലയമാണ്. റബർ ഉൾപ്പെടെയുള്ള മരങ്ങൾ തിങ്ങിനിൽക്കുന്ന കൃഷിപ്രദേശമൊന്നാകെ വനംവകുപ്പിന്റെ കണക്കിൽ വനാവരണമേഖലയായിട്ടാണു സ്ഥാനം പിടിച്ചിരിക്കുന്നത്.

വ്യവസായികൾ റബർകൃഷിയിലേക്കു മാറുമ്പോൾ അവരുടെ സംഘടിതശക്തിയും സ്വാധീനവും ഉപയോഗിച്ച് സ്വന്തം കമ്പനികളിലേക്കു വിദേശ കാർബൺ ഫണ്ട് എത്തിക്കും. ചുരുക്കിപ്പറഞ്ഞാൽ, റബർകൃഷിയോടൊപ്പം കാർബൺ ട്രേഡിന്റെ മേഖലയും വ്യവസായികൾക്കു നേട്ടമാകും. വിദേശരാജ്യങ്ങളിൽ റബർകൃഷിയിലേക്കിറങ്ങിട്ടുള്ള പ്രമുഖ ടയർ കമ്പനികൾ രാജ്യാന്തര കാർബൺ ഫണ്ട് നേടിയെടുക്കാനുള്ള നീക്കം ഇതിനോടകം ആരംഭിച്ചിരിക്കുന്നത് ഏറെ ദീർഘവീക്ഷണത്തോടെയാണെന്നു മനസ്സിലാക്കാൻ കേരളത്തിലെ അസംഘടിതരായ സാധാരണകർഷകന് ഇതുവരെയും സാധിച്ചിട്ടില്ല. മറ്റൊരുവിധത്തിൽ തെളിച്ചുപറഞ്ഞാൽ, റബർകൃഷിയിലേക്കു വ്യവസായികൾ വരുമ്പോൾ അവർക്കുള്ള നേട്ടങ്ങൾ വെറും അസംസ്കൃത പ്രകൃതിദത്ത റബർ മാത്രമല്ല രാജ്യാന്തര കാർബൺ ഫണ്ടുമാണ്. ഈ കാർബൺ ഫണ്ട് നിലവിൽ കർഷകനു ലഭ്യമാക്കണമെന്ന മുദ്രാവാക്യമുയർത്താനും അതിനായി സംഘടിക്കാനും റബർകർഷകർ മുന്നോട്ടു വരാൻ മടിക്കരുത്.

### റബർകർഷകന്റെ കണ്ണീർ

ആരും സഹായിക്കാനില്ലാത്ത ചതിക്കുഴിയിലാണ് കേരളത്തിലെ റബർകർഷകരിന്ന്. റബറിന്റെ വിപണിവില ആർക്കും നിയന്ത്രണമില്ലാതെ വ്യവസായികളുടെ താത്പര്യത്തിനനുസരിച്ചു മാത്രമായി. റബർ ആക്ട് ഭേദഗതിയും റബർമേഖലയൊന്നാകെ വ്യവസായികളുടെ നിയന്ത്രണത്തിലേക്കു തള്ളിവിടുന്ന സ്ഥിതിവിശേഷം. റബർ ടാപ്പിങ്ങിനു തൊഴിലാളികളെ ലഭിക്കാനില്ല. രാജ്യാന്തരകരാറുകളൊന്നും ബാധകമല്ലാത്ത റബർത്തടിക്കും കേരളത്തിൽ വിലയിടിഞ്ഞു. റബർവിലയുടെ തകർച്ചകളിൽ ഇടപെടലുകൾ നടത്തേണ്ട കേന്ദ്രവാണിജ്യമന്ത്രാലയവും മുഖം തിരിഞ്ഞു നിൽക്കുന്നു. റബറിനെ കാർഷികോത്പന്നമാക്കുമെന്നു വാഗ്ദാനം നൽകിയവരൊക്കെ മാളങ്ങളിലൊളിച്ചു. കർഷകനെ ഉപേക്ഷിച്ച് റബർബോർഡ് വ്യവസായികളുടെ റബർസ്റ്റാമ്പായി. റബർബോർഡ് മാധ്യമങ്ങളിലൂടെ നൽകുന്ന വിപണിവിലയെക്കാൾ അഞ്ചു രൂപ കുറച്ച് വ്യാപാരികൾ കർഷകരിൽനിന്ന് ഉത്പന്നം സംഭരിക്കുന്നു.

ഉത്പാദനച്ചെലവുമൂലം ഷീറ്റ് റബറിൽനിന്ന് ലാറ്റക്സിലേക്കു തിരിഞ്ഞ റബർകർഷകർ എല്ലാം നഷ്ടപ്പെട്ട അവസ്ഥയിലാണ്. സംസ്ഥാനസർക്കാർ കേന്ദ്രനയങ്ങളെ നിരന്തരം വിമർശിച്ച് ഉത്തരവാദിത്വങ്ങളിൽനിന്ന് ഒളിച്ചോടുന്നു. പ്രതീക്ഷകൾ നൽകി ആരംഭിച്ച കേരള ഗവൺമെന്റിന്റെ റബർകമ്പനിയും ടയർ നിർമാണമില്ലാതെ ഇഴഞ്ഞുനീങ്ങുന്നു. 250 രൂപ വിലസ്ഥിരതാപദ്ധതി വാഗ്ദാനമായി തുടരുമ്പോൾ നിലവിലെ ഉത്തരവുപ്രകാരമുള്ള 170 രൂപപോലും ലഭിക്കുന്നില്ല. വിലത്തകർച്ചയിൽ വരുമാനനഷ്ടം കുതിക്കുന്നു. റബർതൊഴിലാളികൾക്കും ദുരിതകാലം. റബർബോർഡിന്റെ പ്രഖ്യാപിതപദ്ധതികളെല്ലാം വൻപരാജയം. നിലവിലുണ്ടായിരുന്ന പല റബർകൃഷി പ്രോത്സാഹനപദ്ധതികളും നിലച്ചു. ഇറക്കുമതിയാകട്ടെ ഉണക്കറബർ, കോമ്പൗണ്ട് റബർ, കൃത്രിമറബർ എന്നിങ്ങനെ പലരൂപത്തിൽ കസറുന്നു.


തകർച്ചയുടെ അനുഭവങ്ങളിൽനിന്നു പാഠങ്ങൾ പഠിച്ചും സംഘടിതശക്തി കൈവരിച്ചും കർഷകർ ഇനിയും മാറ്റങ്ങൾക്കു തയ്യാറായില്ലെങ്കിൽ ഒരു കാലത്ത് സമ്പന്നതയുടെ വിത്തുകൾ മലയാളമണ്ണിൽ പാകിയ റബർ ഒരു ജനസമൂഹത്തെ നാശത്തിലേക്കു തള്ളിവിടുന്ന ദിനങ്ങൾ വിദൂരമല്ല.

*(ഇൻഫാം ദേശീയ സെക്രട്ടറി ജനറലും രാഷ്ട്രീയ കിസാൻ മഹാസംഘ് സൗത്ത് ഇന്ത്യാ കൺവീനറാണ് ലേഖകൻ)*

---

**നുറുങ്ങുകഥ** — **ഉണ്ണി വാരിയത്ത്**

## സ്നേഹകാവ്യതീർഥം



എന്റെ മാനസപ്രിയകവേ, സദാ കാവ്യതീർഥം കിനിയുന്ന വെൺശംഖായ ഈ ഹൃദയം ഞാൻ അങ്ങേക്കു കാഴ്ച വയ്ക്കുന്നു - അവൾ എഴുതി.

പക്ഷേ, ആരാധികയുടെ കാവ്യാത്മകഹൃദയം സ്വീകരിക്കാൻ നിർവാഹമില്ലെന്നു കവി എഴുതി. സദാ സ്നേഹതീർഥം ചൊരിയുന്ന ഹൃദയമുള്ള ഒരു പെൺശംഖ് കവിക്കു ജീവിതസഖിയായി ഉണ്ടല്ലോ.

# മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യകത

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

7



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ദൈവം തന്റെ ജനത്തെ മോചിപ്പിച്ചതുപോലെ, പാപത്തിന്റെ അടിമത്തത്തിൽനിന്ന് നമ്മളെയും ദൈവം മോചിപ്പിച്ചെങ്കിൽ മാത്രമേ, ക്രിസ്തീയ ജീവിതം അതിന്റെ നിറവിൽ ജീവിക്കാൻ നമുക്കു സാധിക്കുകയുള്ളൂ. ക്രിസ്തീയജീവിതം പരിശുദ്ധ ത്രിത്വത്തിന്റെ ജീവിതത്തിലുള്ള നമ്മുടെ പങ്കാളിത്തമാണ്.

"തന്റെ നന്മയിലും ബുദ്ധിയിലും ജ്ഞാനത്തിലും ദൈവം തന്നെത്തന്നെ വെളിപ്പെടുത്താനും, തന്റെ തിരുച്ചിത്തത്തിന്റെ രഹസ്യം അറിയിക്കാനും (എഫേ. 1,9) തിരുമനസ്സായി. അതുമൂലം മനുഷ്യർക്കു മാംസം ധരിച്ച വചനമായ ക്രിസ്തുവഴി പരിശുദ്ധാത്മാവിൽ പിതാവിന്റെ പക്കൽ പ്രവേശനം ലഭിക്കുന്നതിനും അവർ ദൈവസ്വഭാവത്തിന്റെ പങ്കുകാരാക്കപ്പെടുന്നതിനുംവേണ്ടിയാണിത്." (രണ്ടാം വത്തിക്കാൻ സൂനഹദോസ്, ദൈവാവിഷ്കരണം നമ്പർ 2).

ഇപ്രകാരം എഴുതിത്തുടങ്ങുന്ന കർദിനാൾ റോബർട്ട് സറാ പറയുന്നു: "മിശിഹായോടുള്ള സാഹോദര്യവും ഐക്യവുമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം." (പേജ് 142).

ധന്യനായ ഫുൾട്ടൻ ജെ. ഷീൻ ഇക്കാര്യം മനോഹരമായി വിശദീകരിക്കുന്നുണ്ട്. കർത്താവിനെ കൈകൊട്ടി സ്തുതിക്കുന്നതുകൊണ്ടോ മതപരമായ കാര്യങ്ങൾക്കു സംഭാവന ചെയ്തതുകൊണ്ടോ ഒരാൾ ക്രൈസ്തവജീവിതത്തിൽ വളരുന്നില്ല. മിശിഹാ ദൈവപുത്രനാണന്നു വിശ്വസിക്കുകയും ആത്മാവിൽ മിശിഹായുടെ ജീവൻ ഉണ്ടായിരിക്കുകയും ചെയ്യുന്നവനാണു യഥാർത്ഥ ക്രിസ്ത്യാനി എന്നാണ് ഫുൾട്ടൻ ജെ. ഷീൻ പ്രസ്താവിക്കുന്നത്.

ഇതാണ് നമ്മുടെ ജീവിതലക്ഷ്യമെന്ന് അംഗീകരിച്ചാൽ, സമൂലമായ മാനസാന്തരത്തിന്റെ മാർഗത്തിലൂടെ ഈ ജീവിതലക്ഷ്യത്തിലേക്കുള്ള പ്രയാണമാണ് ഈ ലോകജീവിതമെന്ന് നമുക്കു ബോധ്യമാകും. വിശുദ്ധഗ്രന്ഥത്തിലുടനീളം മാനസാന്തരത്തിന്റെ ധാരാളം സന്ദർഭങ്ങൾ കാണാവുന്നതാണ്.

**ഒളിച്ചോട്ടം**

മാനസാന്തരത്തിൽനിന്നും മാനസാന്തരം പ്രസംഗിക്കുന്നതിൽനിന്നും ഒളിച്ചോടുന്ന യോനായുടെ കാര്യമാണ് ഗ്രന്ഥകാരൻ വിവരിക്കുന്നത്. ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും തന്നിൽനിന്നുതന്നെയും ഒളിച്ചോടുന്നവരുടെ പ്രതീകമാണ് യോനാപ്രവാചകൻ. ഒളിച്ചോടാൻ കയറിയ കപ്പൽ കടൽക്ഷോഭത്തിൽപ്പെട്ടതുപോലെ ജീവിതത്തിലെ ചില തിക്താനുഭവങ്ങൾ നന്മയ്ക്കായി പരിണമിക്കാം. അപ്പോൾ സഭയുടെ സ്വരം ഉറക്കത്തിൽനിന്ന് ഉണർന്ന് ദൈവത്തെ വിളിച്ചപേക്ഷിക്കാൻ ആവശ്യപ്പെടുന്നതായി അനുഭവപ്പെടും. നമ്മുടെ പാപങ്ങളുടെ ഭാണ്ഡങ്ങൾ കടലിൽ വലിച്ചെറിയണം. നമ്മുടെ അഹങ്കാരവും വിരസതയും മന്ദതയുമെല്ലാം വലിച്ചെറിയണം. ചില സ്നേഹബന്ധങ്ങൾവരെ ഉപേക്ഷിക്കേണ്ടിവരും. ജഡികതയുടെ ഭാണ്ഡങ്ങളാണ് വലിച്ചെറിയേണ്ടതെന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു: "ജഡത്തിന്റെ പ്രവൃത്തികൾ വ്യക്തമാണ്. വ്യഭിചാരം, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, വൈരാഗ്യം, കോപം, ശാഠ്യം, ഭിന്നത, കക്ഷിമാത്സര്യം, അസൂയ, കൊല, മദ്യപാനം, മദിരോത്സവം ഇവയ്ക്കു തുല്യമായ മറ്റു പ്രവൃത്തികളുമാണവ. (ഗലാ. 5. 19-21).

ഈ ചിന്തകൾ നമ്മെ ഒരു കണ്ടെത്തലിലേക്കു നയിക്കണമെന്നാണ് കർദിനാൾ സറാ പ്രസ്താവിക്കുന്നത്. നമ്മുടെ അസ്തിത്വത്തെ ആകമാനം ബാധിക്കുന്ന ഈ കണ്ടെത്തൽ, വളരെ ലളിതമായ ഒരു സത്യമാണ്: "മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, മുഴുഹൃദയത്തോടും മുഴുവാത്മാവോടും പൂർണശക്തിയോടുംകൂടി ദൈവത്തെ സ്നേഹിക്കാനും (മർക്കോസ് 12,30) "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക" (യോഹ. 13, 34) എന്ന പുതിയ കല്പന പാലിക്കാനുമാണ്.

എന്നാൽ, ദൈവത്തിനെതിരേ തിരിയാനും സഹോദരനെ ഇല്ലായ്മ ചെയ്യാനുമുള്ള ഒരു പ്രേരണ ആദ്യകാലംമുതൽ മനുഷ്യനിൽ പ്രവർത്തിക്കുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ വേണം 'മാനസാന്തരപ്പെടുവിൻ' എന്ന ഈശോയുടെ ആഹ്വാനം മനസ്സിലാക്കാൻ. തെറ്റുചെയ്തിട്ട് ദൈവത്തിന്റെ മുമ്പിൽനിന്ന് ഒളിവിൽ പോകാനുള്ള ശ്രമം വിജയിക്കില്ല. മാനസാന്തരത്തിലേക്കുള്ള ഈ വിളി കേൾക്കുകമാത്രമേ കരണീയമായിട്ടുള്ളൂ. അതുകൊണ്ടാണ് അനുരഞ്ജനകൂദാശ മാനസാന്തരത്തിന്റെ കൂദാശയായിരിക്കുന്നത്.

മിക്കവാറും നമ്മൾ നയിക്കുന്നത് ഉപരിപ്ലവമായ ഒരു ജീവിതമാണ്. ഒഴുക്കിനൊപ്പം ഒഴുകുന്ന പൊങ്ങുതടികളാകാതെ ഒഴുക്കിനെതിരേ നീന്താൻ കഴിവുള്ള വ്യക്തികളായി മാറുന്നതിലാണ് മാനസാന്തരം അടങ്ങിയിരിക്കുന്നതെന്നും അതുകൊണ്ട് മാനസാന്തരം എന്ന വാക്കിനെ നിസ്സാരമായി കണക്കാക്കരുതെന്നും ബനഡിക്ട് പതിനാറാമൻ പാപ്പാ 2010 ഫെബ്രുവരി 17-ാം തീയതിയിലെ സന്ദേശത്തിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി. മാസാന്തരമെന്നത് ഒരു ധാർമികതീരുമാനം മാത്രമല്ലെന്നും സുവിശേഷംതന്നെയായ ഈശോമിശിഹായെ അഭയം പ്രാപിക്കുകയാണെന്നും പരിശുദ്ധപിതാവ് പഠിപ്പിക്കുന്നു.

**ക്രിസ്തീയ മാനസാന്തരത്തിന്റെ മൗലികത**

ഈശോയുടെ മുമ്പാകെ പക്ഷം ചേർന്നേ തീരൂ എന്ന് സുവിശേഷത്തിലെ പല സന്ദർഭങ്ങളും നമ്മെ പഠിപ്പിക്കുന്നു. "നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും ഒരേസമയം സേവിക്കാൻ സാധിക്കുകയില്ല." (വി. മത്താ. 6,24).

സ്വർഗത്തിൽനിന്നുള്ള അപ്പം താനാകുന്നുവെന്നും മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്" (യോഹ. 6, 54) എന്നുമുള്ള വാക്കുകൾ, ഈശോയുടെ ശിഷ്യന്മാർ പലരും അവിടുത്തെ ഉപേക്ഷിച്ചുപോകാൻ കാരണമായി. രണ്ടിലൊന്നു തീരുമാനിക്കേണ്ടി വരുന്നു.

മാമ്മോദീസായുടെ അർത്ഥം പാപത്തിനു മരിച്ച് പുതുജീവനിലേക്ക് ഉയർത്തെഴുന്നേൽക്കുകയാണെന്നും വി. പൗലോസ് പഠിപ്പിക്കുന്നു (റോമ. 6, 2-4).

പാപവും ക്രിസ്തീയജീവിതവും ഒരുതരത്തിലും ഒത്തുപോവുകകയില്ല. ഈ പ്രസ്താവനയ്ക്ക് ഉപോദ്ബലകമായി, എഫേസൂസിലെ സഭയ്ക്ക് വി. പൗലോസ് ശ്ലീഹാ എഴുതിയ ലേഖനഭാഗങ്ങളാണ് ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നത്. അതിനാൽ, നിങ്ങളുടെ പഴയ ജീവിതരീതിയെ ദുരാശകളാൽ ജീർണിച്ച ആ പഴയ മനുഷ്യനെ - നിങ്ങളിൽനിന്ന് അകറ്റുവിൻ. നിങ്ങൾ ആന്തരികമായി നവീകരിക്കപ്പെടണം. നീതിയിലും യഥാർത്ഥമായ വിശുദ്ധിയിലും ദൈവം സൃഷ്ടിച്ച പുതിയ മനുഷ്യനെ ധരിക്കേണ്ടതിനാണിത്. (എഫേ. 4, 22-44).

മിശിഹായുടെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവനായ ക്രൈസ്തവൻ പിശാചിന്റെ അടിമത്തത്തിലേക്കു തിരികെപ്പോകുന്നത് ക്രൈസ്തവൻ അവന്റെ മാഹാത്മ്യം - അവൻ മാമോദീസാവഴി ദൈവികജീവനിൽ പങ്കുകാരനാണന്ന യാഥാർഥ്യം - വിസ്മരിക്കുന്നതുകൊണ്ടാണെന്ന് മഹാനായ ലിയോ മാർപാപ്പാ പ്രസ്താവിക്കുന്നുണ്ട്.

ഈ സന്ദർഭത്തിൽ ഏറ്റവും അനുയോജ്യമായ തിരുവചനഭാഗമാണ് കർദിനാൾ സറാ നമ്മുടെ വിചിന്തനത്തിനായി നല്കുന്നത്. "പാപമെല്ലാം ദുഷ്ടതയാകയാൽ പാപം ചെയ്യുന്നവൻ ദുഷ്ടത പ്രവർത്തിക്കുന്നു... പാപം ചെയ്യുന്നവൻ പിശാചിൽനിന്നുള്ളവനാണ്. ആദിമുതലേ പിശാച് പാപിയാണ്. പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കാനാണ് ദൈവപുത്രൻ പ്രത്യക്ഷനായത്. ദൈവത്തിൽനിന്ന് ജനിച്ചവൻ പാപം ചെയ്യുന്നില്ല. കാരണം, ദൈവത്തിന്റെ ചൈതന്യം അവനിൽ വസിക്കുന്നു. ദൈവത്തിൽനിന്നു ജനിച്ചവനാകയാൽ, പാപം ചെയ്യുക അവനു സാധ്യമല്ല. (1 യോഹ. 3, 8-9).

ദൈവമക്കൾ എന്ന സ്ഥാനം നമ്മോട് ആവശ്യപ്പെടുന്ന ജീവിതവിശുദ്ധിയുടെ അഭാവത്തെപ്പറ്റിയുള്ള അവബോധം നമ്മെ ഭയത്താൽ ഞെട്ടി വിറപ്പിക്കുമെന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നുണ്ട്. "അവന്റെ പൂർണതയിൽനിന്നു കൃപയ്ക്കുമേൽ കൃപ പ്രാപിച്ചിരിക്കുന്നതുകൊണ്ട് (യോഹ. 1, 16) ദൈവശക്തിയാൽ അനുദിനം പാപത്തിനു മരിക്കാൻ നമുക്കു കഴിയണം.



മിശിഹായുടെ തിരുവുത്ഥാനംവഴി മരണം മരിച്ചെന്നും ഈ വിജയത്താൽ നമ്മിലും മരണം മരിച്ചെന്നും വിശുദ്ധ ആഗസ്തിനോസ് പഠിപ്പിക്കുന്നുണ്ട്.

മിശിഹായുടെ ഉത്ഥാനത്തിൽ അനുദിനം പങ്കുകാരനാകുന്ന നമ്മുടെ ഈ ലോകജീവിതം ഒരു നിരന്തരമായ ഉയർപ്പുതിരുനാളാണ്. അനുദിനം ജീവിതത്തിന്റെ നിരവധി വേദനാജനകമായ പരീക്ഷണങ്ങളെ അതിജീവിക്കാനും മിശിഹായുടെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടാനും രക്തസാക്ഷിത്വം വരിക്കാനും തയ്യാറായിരിക്കണമെന്ന് ഈശോ തന്റെ അനുയായികൾക്കു മുന്നറിയിപ്പു നല്കിയിട്ടുള്ളതാണ്. "ഞാൻ നിമിത്തം അവർ നിങ്ങളെ നാടുവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ ഹാജരാക്കും. എന്റെ നാമം നിമിത്തം. എല്ലാവരും നിങ്ങളെ വെറുക്കും. എന്നാൽ, അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ ജീവിക്കും." (വി. മത്താ. 10, 18 & 22).

മാനസാന്തരത്തിന്റെ വഴി നിത്യജീവനിലേക്കാണ് നമ്മെ നയിക്കുന്നത്. ■

# വിശ്വകിരീടംചൂടി ഫുട്ബോളിന്റെ മിശിഹാ



ഡോ. ജിൻസ് കാപ്പൻ

**അ**റേബ്യൻമണ്ണിൽ ആദ്യമായി വിരുന്നിനെത്തിയ ലോകഫുട്ബോൾമാമാങ്കത്തിൽ അർജന്റീന വിശ്വകിരീടം ചൂടി. ഖത്തറിലെ ലുസൈൽ സ്റ്റേഡിയത്തിൽ നടന്ന കലാശപ്പോരാട്ടത്തിൽ നിലവിലെ ചാംപ്യന്മാരായ ഫ്രാൻസിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ വീഴ്ത്തിയാണ് ലോകകപ്പിൽ അർജന്റീന കിരീടം ചൂടിയത്. ഷൂട്ടൗട്ടിൽ 4 – 2 നാണ് അർജന്റീന ഫ്രാൻസിനെ വീഴ്ത്തിയത്. നിശ്ചിത സമയത്ത് ഇരുടീമുകളും രണ്ടു ഗോൾ വീതമടിച്ചും എക്സ്ട്രാ ടൈമിൽ ഓരോ ഗോൾ വീതമടിച്ചും 3 – 3 ന് സമനില പാലിച്ചതോടെയാണ് കളി ഷൂട്ടൗട്ടിലേക്കു നീണ്ടത്. ആദ്യന്തം ആവേശകരമായ മത്സരത്തിൽ കളിയുടെ ഇരുപത്തിമൂന്നാം മിനിറ്റിൽ അർജന്റീന താരം ഏഞ്ചൽ ഡി മരിയയെ പെനാൽറ്റി ബോക്സിൽ ഫ്രാൻസ് താരം ഡെമ്പെലെ വീഴ്ത്തിയതിനു ലഭിച്ച പെനാൽറ്റി കിക്ക് ലക്ഷ്യത്തിലെത്തിച്ചു നായകൻ ലയണൽ മെസി അർജന്റീനയെ മുന്നിലെത്തിച്ചു. ആ ഗോളിന്റെ ആഘാതത്തിൽനിന്നു ഫ്രാൻസ് കരകയറുന്നതിനുമുന്നേ മുപ്പത്തിയഞ്ചാം മിനിറ്റിൽ ഒരു കൗണ്ടർ അറ്റാക്കിൽ എയ്ഞ്ചൽ ഡി മരിയയിലൂടെ അർജന്റീന ലീഡ് ഉയർത്തി. ഖത്തർ ലോകകപ്പിൽ അർജന്റീനനിരയിൽ ആദ്യപതിനൊന്നിൽ ആദ്യമായി ഇടംപിടിച്ച ഡി മരിയ തനിക്കു കിട്ടിയ അവസരം നന്നായി വിനിയോഗിച്ചു. ഇടതുപാർശത്തിലൂടെയുള്ള ഡി മരിയയുടെ മുന്നേറ്റങ്ങൾ പലപ്പോഴും ഫ്രഞ്ച് പ്രതിരോധത്തെ കീറിമുറിച്ചു. ആദ്യപകുതിയിൽ അർജന്റീന നിരയിൽ ഏറ്റവും തിളങ്ങിയ താരവും ഡി മരിയ ആയിരുന്നു.







അർജന്റീനയ്ക്കുവേണ്ടി തുടർച്ചയായി ഫൈനലുകളിൽ ഗോൾ നേടുന്ന പതിവ് ഡി മരിയ ഇത്തവണയും തെറ്റിക്കാതെ കോച്ച് ലയണൽ സ്കോളേനി തന്നിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ചു. അർജന്റീന ജേതാക്കളായ ഒളിമ്പിക്സ് ഫൈനലിലും കോപ്പ അമേരിക്ക ഫൈനലിലും ഇപ്പോൾ ലോകകപ്പ് ഫൈനലിലും ഗോൾ നേടാൻ ഡി മരിയയ്ക്കായി. കളിയുടെ അറുപത്തിമൂന്നാം മിനിറ്റിൽ എയ്ഞ്ചൽ ഡി മരിയയെ പിൻവലിച്ച കോച്ച് ലയണൽ സ്കോളേനിയുടെ തീരുമാനമാണ് മത്സരത്തിലേക്കു തിരിച്ചുവരാൻ ഫ്രാൻസിന് അവസരം ഒരുക്കിയത്. കളിയുടെ എൺപതാം മിനിറ്റിൽ ലഭിച്ച പെനാൽറ്റിയിലൂടെ ഫ്രാൻസ് സൂപ്പർതാരം കിലിയൻ എംബാപ്പെ ഒരു ഗോൾ മടക്കി. തൊട്ടടുത്ത മിനിറ്റിൽത്തന്നെ വീണ്ടും അർജന്റീനിയൻ താരങ്ങളെ ഞെട്ടിച്ചുകൊണ്ട് എംബാപ്പെ ഒരു ഉഗ്രൻ വോളി ഷോട്ടിലൂടെ തന്റെ രണ്ടാമത്തെ ഗോൾ നേടി ഫ്രാൻസിനെ ഒപ്പമെത്തിച്ചു. ക്രിസ്ത്യാനോ റൊണാൾഡോയ്ക്കും ലയണൽ മെസിക്കുംശേഷം ലോക ഫുട്ബോളിലെ ചക്രവർത്തി സിംഹാസനത്തിൽ താൻ ആയിരിക്കും എന്ന് ഉറപ്പിക്കുന്ന തരത്തിലുള്ള പ്രകടനമായിരുന്നു എംബാപ്പെയുടേത്. നിശ്ചിതസമയത്ത് (സ്കോർ 2 – 2 ) ആയതിനാൽ കളി അധികസമയത്തേക്കു നീണ്ടു. കളിയുടെ 117 മിനിറ്റിൽ മെസി വീണ്ടും അർജന്റീനയെ മുന്നിലെത്തിച്ചെങ്കിലും പത്തു മിനിറ്റിനുള്ളിൽ വീണ്ടും എംബാപ്പെയിലൂടെത്തന്നെ ഫ്രാൻസ് മറുപടി നൽകി. 1966 ലോകകപ്പ് ഫൈനലിൽ ഇംഗ്ലണ്ട് താരം ജിയോഫ് ഹർസ്റ്റ് ഹാട്രിക് നേടിയശേഷം ഇത് ആദ്യമായാണ് ലോകകപ്പ് ഫൈനലിൽ മറ്റൊരു താരം ഹാട്രിക് നേടുന്നത്. ഖത്തറിൽ ലോകകപ്പിലെ ടോപ് സ്കോർക്കുള്ള ഗോൾഡൻ ഷൂ പുരസ്കാരവും ഫ്രാൻസിന്റെ കിലിയൻ എംബാപ്പെയ്ക്കുതന്നെയാണ്. ഫൈനലിൽ നേടിയ മൂന്നു ഗോളുകൾ ഉൾപ്പെടെ ടൂർണമെന്റിൽ ആകെ 8 ഗോളുകൾ നേടിയാണ് എംബാപ്പെ പുരസ്കാരത്തിന് അർഹനായത്. അർജന്റീന ഗോൾമുഖത്ത് മത്സരത്തിലുടനീളം നിർണായകമായ സേവുകൾ നടത്തി വന്മതിൽപോലെ നിലകൊണ്ടു ഗോൾകീപ്പർ എമ്മിലിയാനോ മാർട്ടിനസ് ഗോൾഡൻ ഗ്ലൗ പുരസ്കാരം നേടി. ഫൈനലിൽ നിശ്ചിതസമയത്തിനുശേഷം എക്സ്ട്രാടൈമിന്റെ അവസാനനിമിഷങ്ങളിൽ ഗോളെന്നുറച്ച ഷോട്ടുകൾ പലതും തട്ടിയകറ്റി. കളിയുടെ 119 മിനിറ്റിൽ മാർട്ടിനസ് നടത്തിയ സേവ് ഈ നൂറ്റാണ്ടിന്റെ സേവായി വിലയിരുത്തപ്പെടുന്നു. നെതർലൻഡ്സിനെതിരേ ഷൂട്ടൗട്ടിലേക്കു നീണ്ട ക്വാർട്ടർ ഫൈനൽ മത്സരത്തിൽ എമിലിയോ മാർട്ടിനെസ് ആയിരുന്നു അർജന്റീനയുടെ വിജയശില്പി. ടൂർണമെന്റിലെ മികച്ച യുവതാരത്തിനുള്ള പുരസ്കാരം അർജന്റീനിയൻതാരം എൻസോ ഫെർണാണ്ടസ് കരസ്ഥമാക്കി. ടൂർണമെന്റ് മികച്ച താരത്തിനുള്ള ഗോൾഡൻ ബോൾ പുരസ്കാരം അർജന്റീനിയൻ നായകൻ ലയണൽ മെസി കരസ്ഥമാക്കി. ഫൈനലിൽ നേടിയ രണ്ടു ഗോളുകൾ ഉൾപ്പെടെ ടൂർണമെന്റിലാകെ ഏഴു ഗോളുകൾ മെസി നേടി.

ഖത്തർ ലോകകപ്പിൽ വിസ്മയം തീർത്ത് സെമിഫൈനൽവരെ മുന്നേറിയ മൊറോക്കോ ഫുട്ബോൾ ആരാധകരുടെ മനസ്സു കീഴടക്കിയാണ് മടങ്ങിയത്. സെമിഫൈനലിൽ ഫ്രാൻസിനുമുന്നിൽ കീഴടങ്ങിയെങ്കിലും മികച്ച പ്രകടനം നടത്താൻ മൊറോക്കോയ്ക്കു കഴിഞ്ഞു. ഗ്രൂപ്പ് എഫിൽനിന്നു ചാമ്പ്യന്മാരായ മൊറോക്കോ പ്രീക്വാർട്ടറിൽ സ്പെയിനെയും ക്വാർട്ടറിൽ പോർച്ചുഗലിനെയും വീഴ്ത്തിയാണ് സെമിയിൽ എത്തിയത്. ഗ്രൂപ്പ് എഫിലെ രണ്ടാം സ്ഥാനക്കാരായ ക്രൊയേഷ്യയെ ലൂസേഴ്സ് ഫൈനലിൽ വീണ്ടും കണ്ടുമുട്ടിയപ്പോൾ എതിരില്ലാതെ രണ്ടു ഗോളുകൾക്കു പരാജയപ്പെടാനായിരുന്നു വിധി. 2018 റഷ്യൻ ലോകകപ്പിലെ ഫൈനലിസ്റ്റുകളായ ക്രൊയേഷ്യ ഇത്തവണ മൂന്നാം സ്ഥാനംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു.

ഖത്തർ ലോകകപ്പിന്റെ പ്രാഥമികറൗണ്ടിൽ അട്ടിമറികൾ പലതു കണ്ടുവെങ്കിലും പ്രതീക്ഷിച്ച മിക്കവാറും ടീമുകളും പ്രീക്വാർട്ടറിൽ എത്തിയിരുന്നു. എ ഗ്രൂപ്പിൽനിന്ന് നെതർലാൻസും സെനഗളും മുന്നേറിയപ്പോൾ ബി ഗ്രൂപ്പിൽനിന്ന് ഇംഗ്ലണ്ടും അമേരിക്കയും പ്രീക്വാർട്ടറിലെത്തി. ഗ്രൂപ്പ് സി യിൽ തങ്ങളുടെ ആദ്യമത്സരത്തിൽ സൗദിയോടു പരാജയപ്പെട്ടെങ്കിലും അർജന്റീന ഗ്രൂപ്പ് ചാമ്പ്യന്മാരായും ഒപ്പം പോളണ്ടും മുന്നേറി. ഗ്രൂപ്പ് ഡി യിൽനിന്ന് ഫ്രാൻസും ഓസ്ട്രേലിയയും മുന്നേറിയപ്പോൾ ഗ്രൂപ്പ് ഇ യിൽനിന്നു ഗ്രൂപ്പ് ചാമ്പ്യൻമാരായി ജപ്പാനും കൂടെ സ്പെയിനും പ്രീക്വാർട്ടറിൽ കടന്നു. തുടർച്ചയായി രണ്ടാം ലോകകപ്പിലും നോക്കൗട്ട് സ്റ്റേജ് കാണാതെ പുറത്തുപോകാൻ ആയിരുന്നു വമ്പൻമാരായിരുന്ന ജർമനിയുടെ വിധി. ഗ്രൂപ്പ് ജി യിൽനിന്നു ബ്രസീലും സ്വിറ്റ്സർലൻഡും മുന്നേറിയപ്പോൾ ഗ്രൂപ്പ് എച്ചിൽ പോർച്ചുഗലും ഏഷ്യയുടെ പ്രതിനിധികളായ കൊറിയയും പ്രീക്വാർട്ടറിൽ കടന്നു. പ്രീക്വാർട്ടറിൽ മൊറോക്കയോടു തോറ്റു സ്പെയിൻ പുറത്തുപോയതൊഴിച്ചാൽ അട്ടിമറികൾ ഒന്നും സംഭവിച്ചില്ല. ക്വാർട്ടർ ഫൈനലിൽ വമ്പന്മാരായ ബ്രസീൽ ക്രൊയേഷ്യയുടെ മുന്നിലും ഇംഗ്ലണ്ട് ഫ്രാൻസിന്റെ മുന്നിലും പോർച്ചുഗൽ മൊറോക്കോയുടെ മുന്നിലും നെതർലൻഡ്സ് അർജന്റീനയുടെ മുന്നിലും കീഴടങ്ങി പുറത്തായി. വാശിയേറിയ സെമിഫൈനൽ പോരാട്ടത്തിൽ ക്രൊയേഷ്യയും അർജന്റീനയും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ കളിയുടെ ആദ്യ അരമണിക്കൂറിൽ ക്രൊയേഷ്യ മുന്നിട്ടുനിന്നിരുന്നു. എന്നാൽ, മുപ്പത്തിരണ്ടാം മിനിറ്റിൽ ലഭിച്ച പെനാൽറ്റി ലക്ഷ്യത്തിലെത്തിച്ചുകൊണ്ട് നായകൻ ലയണൽ മെസി അർജന്റീനയെ മുന്നിലെത്തിച്ചു. തുടർന്ന്, കളിയുടെ നിയന്ത്രണം ഏറ്റെടുത്ത അർജന്റീന ഏകപക്ഷീയമായ മൂന്നു ഗോളുകൾക്ക് ക്രൊയേഷ്യയെ മറികടന്ന് കലാശപ്പോരാട്ടത്തിന് അർഹത നേടി. രണ്ടാം സെമിഫൈനലിൽ ഫ്രാൻസ് മൊറോക്കോയെ ഏകപക്ഷീയമായി രണ്ടു ഗോളുകൾക്കു കീഴടക്കിയാണു തുടർച്ചയായ രണ്ടാം ലോകകപ്പിന്റെ ഫൈനലിൽ പ്രവേശിച്ചത്.

ടൂർണമെന്റിലെ ഏഷ്യൻസാന്നിധ്യമായിരുന്ന അറേബ്യ തങ്ങളുടെ ആദ്യമത്സരത്തിൽ അർജന്റീനയെയും ജപ്പാൻ സ്പെയിനിനെയും സൗത്ത് കൊറിയ തങ്ങളുടെ അവസാന ലീഗ് മത്സരത്തിൽ പോർച്ചുഗലിനെയും ഇറാൻ വെയിൽസിനെയും വീഴ്ത്തി തങ്ങളുടെ സാന്നിധ്യം പ്രകടമാക്കി. കാമറൂൺ ശക്തരായ ബ്രസീലിനെയും ടുണീഷ്യ ഫ്രാൻസിനെയും വീഴ്ത്തി കരുത്തുകാണിച്ചു. പ്രാഥമികറൗണ്ടിൽ തോൽവിയറിയാതെ മുന്നേറിയ ഇംഗ്ലണ്ടിനും നെതർലൻഡ്സിനും ക്വാർട്ടർപോരാട്ടത്തിൽ കാലിടറി.

ലോകകപ്പ് ഫുട്ബോളിന്റെ സംഘാടനത്തിൽ വളരെയധികം മികവു പുലർത്തിയ ഒന്നായിരുന്നു ഖത്തറിലേത്. തങ്ങളുടെ കഴിവിനെ സംശയിച്ചവർക്കുള്ള ഒരു മറുപടിയായിരുന്നു ഖത്തർ നടത്തിയ പിഴവുറ്റ രീതിയിലുള്ള സംഘാടനം. വിവാദങ്ങൾ അകന്നുനിന്നൊരു ലോകകപ്പ് ആയിരുന്നു ഖത്തറിലേത്. ഒരു കുഞ്ഞൻരാജ്യം ഇത്തരത്തിലുള്ള ഒരു ഫുട്ബോൾ ലോകമാമാങ്കത്തിനായി ഒറ്റക്കെട്ടായി ഒരേ മനസ്സോടെ പ്രവർത്തിച്ചതിനാലാണ് ഇത്രയും മികച്ച രീതിയിൽ, ലോകകപ്പ് സംഘടിപ്പിക്കാൻ കഴിഞ്ഞത്. ഈ ലോകകപ്പിലെ മത്സരവേദികൾ തമ്മിലുള്ള പരമാവധി ദൂരം 75 കിലോമീറ്ററിൽ താഴെയായതിനാൽ കളി കാണാൻ വിവിധ രാജ്യങ്ങളിലായി എത്തിച്ചേർന്ന കാണികൾക്കും വ്യത്യസ്തമായ അനുഭവമായിരുന്നു. സംഘാടനത്തിൽ മറ്റ് ഏതു രാജ്യങ്ങൾക്കും മാതൃകയാക്കാവുന്ന തരത്തിലാണ് ഖത്തർ ഈ ലോകകപ്പിന് ആതിഥേയത്വം വഹിച്ചത്.

■

# എപ്പോഴാണാവോ കല്യാണം?



ജോർജ്ജ് കാടൻകാവിൽ
ഡയറക്ടർ ബെത്‌ലെഹം മാട്രിമോണിയൽ
92493 92518

വിവാഹക്കാര്യത്തിന് എന്റടുത്തുവന്നിട്ടുള്ള യുവാക്കളോടു ഞാൻ ചോദിക്കാറുണ്ട്:

എന്തിനാ മോനേ, നീ വിവാഹം കഴിക്കുന്നത്?

പഠനം കഴിഞ്ഞു, ജോലി കിട്ടി, ഇനി കഴിക്കാൻ മിച്ചമുള്ളത് ഒരു കല്യാണമാണത്രേ.

കഴിഞ്ഞ ഇരുപത്തിയാറു വർഷമായി ഞാൻ ഇതു ചോദിക്കുന്നു, ആൺകുട്ടികളുടെ ഈ ഉത്തരത്തിന് ഇപ്പോഴും കാര്യമായ മാറ്റമൊന്നുമില്ല.

ആരെ വിവാഹം ചെയ്യണമെന്ന് ഒരു തീരുമാനമെടുക്കണമെങ്കിൽ, എന്തിനാണു വിവാഹം ചെയ്യുന്നതെന്നു മനസ്സിൽ വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. അതു ലഭിക്കണമെങ്കിൽ എന്തിനാണ് ജീവിക്കുന്നതെന്ന് ഏകദേശ ധാരണയെങ്കിലും മനസ്സിൽ ഉണ്ടായിരിക്കണം. ഈ ധാരണകൾ വ്യക്തമാകാൻവേണ്ടിയാണ് ഈ ചോദ്യം. മിക്കവാറും യുവാക്കൾ ഇങ്ങനെ വസ്തുനിഷ്ഠമായി ചിന്തിച്ചിട്ടേയുണ്ടാവില്ല, വീട്ടിലും ഇങ്ങനെയുള്ള ചർച്ച നടന്നിട്ടില്ല എന്ന് ഈ മറുപടി കേൾക്കുമ്പോഴേ മനസ്സിലാകും.

പെൺകുട്ടികളുടെ ഉത്തരം പണ്ട് ഇങ്ങനെയായിരുന്നു: അങ്കിളേ, എന്റെ വീട്ടിലും അടുത്ത വീടുകളിലുമുള്ള ആന്റിമാരുടെ ശല്യം കാരണമാ കല്യാണം കഴിച്ചേക്കാമെന്നു വിചാരിച്ചത്.

ഇവളെ കെട്ടിക്കുന്നില്ലേ? ആരെയെങ്കിലും കണ്ടുവെച്ചിട്ടുണ്ടോ? ലൈനുകൾ വല്ലതുമുണ്ടോ? തുടങ്ങിയ ചോദ്യശരങ്ങൾകൊണ്ട് സമ്മർദത്തിലായിട്ടാണ് പണ്ട് പല പെൺകുട്ടികളും വിവാഹാലോചന ആരംഭിക്കാൻ സമ്മതം മൂളിയിരുന്നത്.

എന്നാൽ, ഇന്ന് അതു മാറിയിരിക്കുന്നു. ആൺകുട്ടികളുടെ ഉത്തരത്തിനോടു സാമ്യമുള്ള മറുപടിയാണ് മിക്ക പെൺകുട്ടികളും ചിന്തിക്കുന്നത്. പഠിച്ചു ജോലി നേടി സ്വന്തം കാലിൽ നിൽക്കാറായശേഷം മതി വിവാഹം എന്നാണ് ഭൂരിപക്ഷം പെൺകുട്ടികളും ഇപ്പോൾ ചിന്തിക്കുന്നത്. വിവാഹം, കഴിഞ്ഞാലും ഇല്ലെങ്കിലും, ആരെയും ആശ്രയിക്കാതെ ജീവിക്കാൻ, അവൾക്കു സാധിക്കണമെന്ന മുൻകരുതലാണ് ഇവിടെ പ്രകടമാകുന്നത്.

ഒരു നല്ല കരിയറിൽ കാലുറയ്ക്കാനുള്ള കാലതാമസമാണ് പെൺകുട്ടികളുടെ വിവാഹം വൈകിക്കുന്നത്. തന്മൂലം, ആൺകുട്ടികൾക്ക് അവരാഗ്രഹിക്കുന്ന പ്രായത്തിൽ ഇണയെ കണ്ടെത്താനും വിഷമിക്കേണ്ടി വരുന്നു. പഠനം കഴിഞ്ഞ് ജോലിയിൽ കയറിയ ഉടൻ വിവാഹം അന്വേഷിക്കുന്ന പെൺകുട്ടികൾക്ക് പറ്റിയ പയ്യനെ കിട്ടാൻ ബുദ്ധിമുട്ടില്ല എന്നാണ് എന്റെ അനുഭവം. എങ്കിലും വിവാഹത്തെക്കുറിച്ചു പലവിധത്തിലുള്ള ഉത്കണ്ഠയും ഭീതിയുമുണ്ട് നമ്മുടെ ചെറുപ്പക്കാർക്ക്. വിവാഹം എന്തിനീ പൊല്ലാപ്പ് ഇതെങ്ങനെ ഒഴിവാക്കാം എന്നൊക്കെ ചിന്തിച്ച് മറുവഴികൾ തേടുന്നവരും ധാരാളം.

ദിവസവും എത്രയോ വിമാനങ്ങൾ, പ്രതികൂല കാലാവസ്ഥയെപ്പോലും മറികടന്ന് അപകടസാഹചര്യങ്ങൾ ബുദ്ധിപൂർവ്വം സംയമനത്തോടെ നേരിട്ട് സുരക്ഷിതമായി പറക്കുന്നു. അതൊന്നും ശ്രദ്ധേയമായ വാർത്തയാകുന്നില്ല. എന്നാൽ, ഏതെങ്കിലും വിമാനം അപകടത്തിൽപ്പെടുന്നതും തകരുന്നതും ഞെട്ടിപ്പിക്കുന്ന വലിയ വാർത്തയാകും. ഇത് അറിയുന്ന ഉടൻ വിമാനത്തിൽ യാത്ര ചെയ്യാൻ ഭയം പ്രകടിപ്പിക്കുന്ന എത്രയോ ആൾക്കാരുണ്ട് നമുക്കിടയിൽ. എന്നാലും സീറ്റൊന്നും ബാക്കിയില്ലാതെ നിറയെ യാത്രക്കാരുമായി വിമാനങ്ങൾ പിന്നെയും സർവ്വീസ് തുടരുന്നു.

നന്നായി ജീവിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്, തകർന്നുപോകുന്ന കുടുംബബന്ധങ്ങളും ധാരാളം. ചിലതൊക്കെ വലിയ വാർത്തയുമാകുന്നുണ്ട്. ഈ വാർത്തകൾ കേൾക്കുന്നതുകൊണ്ടായിരിക്കാം, താൻ വിവാഹം ചെയ്താൽ അതു വിജയിക്കുമോ പരാജയപ്പെടുമോ എന്ന ഉത്കണ്ഠയും ഭീതിയും പലരുടെയും മനസ്സിനെ ബാധിക്കുന്നത്.

ഇതൊക്കെ കണക്കിലെടുത്താവാം, എന്താ, കല്യാണം ഒന്നും കഴിക്കുന്നില്ലേ എന്നു ചോദിച്ച് ഒരു ചേടത്തിമാരും ആന്റിമാരും ഇക്കാലത്തു പെൺകുട്ടികളിൽ സമ്മർദം ചെലുത്താറില്ല. എന്നു മാത്രമല്ല, സ്വന്തം വീട്ടുകാരുടെപോലും കല്യാണക്കാര്യത്തിൽ ഇടപെടാൻ എല്ലാവർക്കും ലേശം പേടിയുമുണ്ട്, ഇപ്പോൾ.

കഴിഞ്ഞ ദിവസം ഒരു ചെറുപ്പക്കാരൻ എന്നെ വിളിച്ച് നേരിട്ടുസംസാരിക്കണമെന്നാവശ്യപ്പെട്ട് എന്നെ കാണാൻ വന്നു. ഇദ്ദേഹത്തിന് നാല്പതു വയസ്സു കഴിഞ്ഞു. വിവാഹം ഇത്രയും വൈകിപ്പോയതെന്നോ, ഇനിയെങ്ങനെയാണ് ബെത്‌ലെഹമിൽ ഇതു പരസ്യപ്പെടുത്തുന്നത് എന്നതായിരുന്നു ഇദ്ദേഹത്തിന്റെ പ്രധാന വിഷമം. ഞങ്ങൾ ഏതാനും മണിക്കൂറുകൾ സംസാരിച്ചിരുന്നു.

ഇദ്ദേഹം പറഞ്ഞു: മാതാപിതാക്കൾ ആദ്യം കല്യാണക്കാര്യം പറഞ്ഞപ്പോൾ ഞാനവരോടു കഠിനമായി ദേഷ്യപ്പെട്ടു. എനിക്ക് കല്യാണം കഴിക്കാറാകുമ്പോൾ ഞാൻ പറയാം, അതുവരെ ഇക്കാര്യം പറഞ്ഞ് എന്നെ ദേഷ്യം പിടിപ്പിക്കരുത്. അവർ പിന്നെ ഇദ്ദേഹത്തോടു കല്യാണക്കാര്യം പറഞ്ഞിട്ടേയില്ല.

സ്വന്തം ബിസിനസ്സ് മെച്ചപ്പെടുത്തി, വീട്ടിൽ സകല സൗകര്യങ്ങളും സാധനങ്ങളും വാങ്ങിവെച്ച്, ഓഫീസിലെ കാര്യങ്ങൾ മാനേജർമാർക്കു ഡലിഗേറ്റ് ചെയ്തുകൊടുത്തിട്ട്, എത്ര ദിവസം വേണമെങ്കിലും ഓഫീസിൽ പോകാതെ, ഭാര്യയോടൊപ്പം സമയം ചെലവഴിച്ചു ജീവിക്കാവുന്ന സാഹചര്യം ഉണ്ടായിട്ടു മതി വിവാഹം എന്നു ചിന്തിച്ച്, കഠിനാദ്ധ്വാനം ചെയ്ത ഇദ്ദേഹം വർഷങ്ങൾ കടന്നുപോയതറിഞ്ഞില്ല.

ഇപ്പോൾ തോന്നുന്നു, കുറച്ചുവർഷംമുമ്പ് ആരെങ്കിലും ഒന്നു നിർബന്ധിച്ചിരുന്നെങ്കിൽ വിവാഹം ഇത്രയും വൈകിപ്പോകില്ലായിരുന്നുവെന്ന്.

എനിക്കും നല്ല സങ്കടം തോന്നി, പോയത് പോട്ടെ മോനെ, ഇനി എന്തു ചെയ്യാമെന്നു നമുക്കു ചിന്തിക്കാം. നിങ്ങളെപ്പോലുള്ള സ്ത്രീപുരുഷൻമാർക്കുവേണ്ടി 12 വർഷംമുമ്പ് ഞാനൊരു ശില്പശാല നടത്തിയിരുന്നു. പങ്കെടുത്ത എല്ലാവർക്കും വലിയ സമാധാനവും സന്തോഷവുമായിരുന്നു. ചിലരൊക്കെ തമ്മിൽ നല്ല കൂട്ടുകാരായി. പക്ഷേ, ഒരു വിവാഹംപോലും അതുവഴി ശരിയായില്ല. അതുകൊണ്ട് ആ പ്രോഗ്രാം പിന്നെ തുടർന്നില്ല. ഏതായാലും കാലം ഇത്രയും മാറിയല്ലോ, അതുപോലെ ഒരു ശില്പശാല ഞാൻ പ്ലാൻ ചെയ്ത് അറിയിക്കാം എന്നു പറഞ്ഞ് അദ്ദേഹത്തെ യാത്രയാക്കി.

നിങ്ങളുടെ കല്യാണപ്രായം, നിങ്ങളാണ് തീരുമാനിക്കേണ്ടത്.
ഇതു മുഴുവൻ കേൾക്കൂ! തീരുമാനം എളുപ്പമാകും.
NEW
ബെത്‌ലെഹം അവതരിപ്പിക്കുന്ന ഏറ്റവും പുതിയ ഓഡിയോ ബുക്ക് #5
കല്യാണപ്രായം



കൗൺസിലിങ്ങ് കഥകളുടെ
ശബ്ദാവിഷ്കാരം

വിവാഹത്തെക്കുറിച്ച് പലവിധ ഉത്കണ്ഠകൾ പ്രകടിപ്പിച്ച നിരവധി ചെറുപ്പക്കാരെ എനിക്കറിയാം. എന്തിനാ ജീവിക്കുന്നത്? എന്തിനാ വിവാഹം ചെയ്യുന്നത്? ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉൾക്കാഴ്ച ലഭിച്ചാൽ അവരുടെ ഉത്കണ്ഠയും ഭീതിയും അകറ്റാൻ സാധിക്കും. അതിനു വേണ്ടിയാണ് ഞാൻ ഇവിടെ പരിശ്രമിക്കുന്നത്.

ഉപജീവനം സുരക്ഷിതമാക്കാനുള്ള നെട്ടോട്ടത്തിനിടയിൽ വിവാഹക്കാര്യം പരിഗണിക്കാൻ കഴിയാതെ വിവാഹം വൈകിപ്പോയല്ലോ എന്നു വിഷമിച്ച ചിലരുടെ അനുഭവങ്ങളുടെയും അതേക്കുറിച്ച് വളരെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച്, അനേകരെ ആശ്വസിപ്പിച്ച, കൗൺസലിംഗ് കഥകളുടെയും സമാഹാരമാണ് കല്യാണപ്രായം എന്ന ഈ ഓഡിയോ ബുക്ക്. വില 700 രൂപ.

ഓൺലൈനിലും ലഭിക്കും, ക്യൂ ആർ കോഡ് സ്കാൻ ചെയ്തോ, www.bethlehemmatrimonial.com വെബ്സൈറ്റിലെ EDITORIAL എന്ന ലിങ്കിൽ ക്ളിക് ചെയ്തോ, ഇത് സബ്സ്ക്രിപ്ഷൻ ഇല്ലാത്തവർക്കും, വായിക്കുകയും കേൾക്കുകയും ചെയ്യാം.

നിങ്ങളുടെ വേണ്ടപ്പെട്ടവർ ആരെങ്കിലും, വിവാഹം വൈകിപ്പോയല്ലോയെന്നു വിഷമിക്കുന്നുണ്ടെങ്കിൽ, ഇതിന്റെ ലിങ്ക് അവർക്കും അയച്ചു കൊടുക്കുമല്ലോ.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 42 Date of Publication 22 dec 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!

## മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


60 Yeasr Trust
KTS PRODUCTS
SINCE 1995
## Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

33 വർഷത്തെ സേവനപാരമ്പര്യം
## നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...
Branded Curtain, Blinds & Photo Frame
നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം!
## ജോൺസൺ ഫർണീഷിംഗ്
ആലനോലി ബിൽഡിംഗ്സ്, രാമപുരം
Mob: 9447803477
Prop: സോബി ആലനോലിക്കൽ
കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org